

അങ്കണ
ജൂലൈ
1955
4ണ.



INTRODUCING

## NATIONAL DELUXE FANS

★ **Superb Design**

★ **Excellent Performance**

★ **Beautifully Streamlined**

*Chief Distributor for Kerala:-*

THE GENERAL RADIO
AND ELECTRIC SUPPLIES.
T. B. ROAD, ERNAKULAM.



# അരുണയുടെ

# ഓണം വിശേഷാൽപ്രതി

# പ്രതീക്ഷിക്കുക

# അരുണ

ഗാർഹിക മാസിക

എഡിററർ മിസ്സിസ് ഏ. വി. കളത്തിൽ, മാനേജിംഗ് എഡിററർ വറുഗീസ് കളത്തിൽ എം. ഏ.

| പുസ്തകം 6. | 1955—ജൂലൈ | ലക്കം 5 |
|---|---|---|

## ബാലിയിലെ ശിൽപ്പകല

കരകൗശലത്തിൽ വിരുതന്മാരാണ് ബാലിയിലെ ജനങ്ങൾ. മിക്ക സ്ത്രീകൾക്കും നെയ്ത്തുപണി വശമാണ്. എല്ലാവരും കരകൗശലത്തിൽ ഒരുപോലെ സാമർത്ഥ്യം നേടിയവരല്ല. പ്രകൃതിയോട് ഏററവും അടുത്തു ജീവിക്കുന്ന ബാലി ജനങ്ങൾക്ക് ആഡംബരഭ്രമങ്ങൾ കുറവായതിനാൽ ഭക്ഷണത്തിനുള്ള ജോലികൾ നിർവഹിച്ചുകഴിഞ്ഞാൽ ഏതെങ്കിലും രണ്ടു കരകൗശലവിദ്യയെങ്കിലും പഠിക്കാൻ ഓരോരുത്തർക്കും അവസരംലഭിക്കും.

ഒരു സഞ്ചാരിയുടെ ദൃഷ്ടിയിൽ ഏററവും ആകർഷകമായി തോന്നുന്നതു തടിയിൽ ചെയ്തിട്ടുള്ള കൊത്തുപണികളാണ്. നർത്തകികളുടെ പൂർവകായം, നഗ്ന വനിതകൾ, അർദ്ധനഗ്നകളായ പെൺകുട്ടികൾ കുളിക്കുന്ന രംഗം, ബാലിയിലെ പൗരാണികകഥാപാത്രങ്ങൾ ഇവയെല്ലാം തടികൊണ്ടുള്ള സുന്ദരങ്ങളായ രൂപശില്പങ്ങളായി വിദൂരപൗരസ്ത്യദേശത്തെ വിപണികളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഈ രൂപശില്പങ്ങൾ കൈകൊണ്ടുണ്ടാക്കിയതാണെന്നു വിശ്വസിക്കാൻപ[illegible]ത്തവിധത്തിൽ അത്ര മേന്മയുള്ളതാണ്. ആദിമകാലങ്ങളിൽ ദേവികളുടെയും ദേവന്മാരുടെയും മരപ്രതിമകൾ ഉണ്ടാക്കിവന്നതു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനായിരുന്നു. പ്രസ്തുത പ്രതിമകൾ സ്വർണ്ണത്തിലും ഭംഗിയുള്ള വർണ്ണങ്ങളിലും പൂശുക പതിവായിരുന്നു. എന്നാൽ തടികൊണ്ടുള്ള ശില്പങ്ങൾ സഞ്ചാരികളുടെ മാർക്കററിൽ ചെലവാകുമെന്നു കണ്ടപ്പോൾ ഈ ശിൽപ്പവിദ്യ ഒരു വലിയ കുടിൽവ്യവസായമായി ഉയർന്നു.

### കളിമൺ വ്യവസായം

മരപ്പണിപോലെ കളിമൺവിദ്യ വികസിച്ചിട്ടില്ല. കളിമണ്ണുകൊണ്ടു പാത്രങ്ങളുണ്ടാക്കാറുണ്ടെങ്കിലും ഒരു ശില്പവിദ്യ എന്ന നിലയിൽ അതു പ്രശംസാർഹമല്ല. ഏററവും പ്രാകൃതമായ മാർഗ്ഗങ്ങളിൽക്കൂടിയാണ് കളിമൺപാത്രങ്ങൾ നിർമ്മിക്കുന്നതു്.

### നെയ്ത്തിന്റെ മേന്മ

ബാലിയിലെ നെയ്ത്തിന്റെ മേന്മ വിശ്വപ്രസിദ്ധമാണ്. വിവിധങ്ങളായ നിറങ്ങൾ ഓരോ നൂലിലും കയററിയ ശേഷം അവയുപയോഗിച്ചു നെയ്യുന്ന രീതിയനുസരിച്ച് ഓരോ ഡിസൈൻ രൂപമെടുക്കുകയാണ്.

### മുഖചിത്രം

ഒരു ബാലി വനിത കളിമണ്ണുകൊണ്ടു പാത്രമുണ്ടാക്കുന്ന രംഗമാണ് അരുണയുടെ ഈ ലക്കത്തിലെ മുഖചിത്രം.

—(0)—

അവൾക്കു പാടണം, പാടിയേ കഴിയൂ.

# കാശ്മീരറാണി—ഒരു ഗാനകോകിലം

(വറുഗീസ് കളത്തിൽ എം. എ.)

അവൾ പാടുകയായിരുന്നു. കാശ്മീർ അതുകേട്ടു പുളകം പൂണ്ടു. സൂണി— അതാണവളുടെ പേര്. അവളുടെ ഗാനമാധുരി ഭർത്താവായ റഹ്മായുടെ കർണ്ണപുടങ്ങളിൽ പ്രവേശിച്ചില്ല. അവൻ ഒരു കർഷകനാണ്; ബലിഷ്ഠഗാത്രനാണ്; അത്താഴം കഴിഞ്ഞാലുടൻ അവൻ നിദ്രയിൽ നിമഗ്നനാകും. അവൻ അവളുടെ പാട്ടു കേട്ടില്ല. അവളുടെ ഹൃദയം വിങ്ങിപ്പൊട്ടുകയാണ്. അവൾക്കു പാടണം; പാടിയേ കഴിയൂ. കാശ്മീരഭൂമി അവളുടെ ഭാവനയിൽ നടനം ചെയ്യുകയാണ്. മഞ്ഞണിഞ്ഞ മലകൾ അവൾക്കു നേത്രോത്സവമരുളും. ആ വെള്ളിമലകളിൽനിന്നു മഞ്ഞിൻ കട്ടകൾ ഉരുകിവരുന്ന മഞ്ജുളനിർഝരികളുടെ കളകള ശബ്ദം അവളുടെ കർണ്ണങ്ങളെ ധന്യമാക്കും. കന്നുകാലികളുടെ കരച്ചിൽ കേദാരങ്ങളിൽ മാറ്റൊലികൊള്ളുന്നു. ആട്ടിൻകൂട്ടങ്ങൾ മലഞ്ചെരിവുകളിൽ വർണ്ണഭംഗി ചമയ്ക്കുന്നു. കൊടുമുടികളിലേക്കുള്ള വഴിത്താരയുടെ ഇരുവശങ്ങളിലും അങ്ങിങ്ങായി പച്ചപ്പട്ടു വിരിക്കുന്ന നെല്ലിൻ വയലുകൾ, കാറ്റും തണുപ്പും വകവെക്കാതെ പർവ്വതനിരകളിൽ തലയെടുത്തുനിൽക്കുന്ന ദേവദാരുക്കൾ, മന്ദമാരുതനിൽ ഉലഞ്ഞാടുന്ന ലോലലോലങ്ങളായ വല്ലരികൾ. ആരാമങ്ങൾക്കു രോമാഞ്ചം ചാർത്തുന്ന പുഷ്പങ്ങൾ, പുഷ്പബാണന്നു വിധേയങ്ങളായ ഹൃദയങ്ങൾ, പ്രേമനിർഭരങ്ങളായ സൗന്ദര്യധാമങ്ങൾ, ഇവയെല്ലാം കാശ്മീരഭൂമിയെ നന്ദനോദ്യാനത്തേക്കാൾ മനോഹരമാക്കി.

എവിടെയും സൗന്ദര്യം! സൂണിയുടെ മാതൃഭൂമി സൗന്ദര്യത്തിന്റെ ഒരു പര്യായമാണ്. ഗാനമാധുരി അവളുടെ ഹൃദയത്തിൽ നിറഞ്ഞുകവിയുന്നു. അവളുടെ കണ്ഠത്തിൽ നിന്ന് അനർഗ്ഗളമായി അതു പ്രവഹിച്ചു. അതാർക്കു തടയാൻ സാധിക്കും! കല്ലും മണ്ണുംകൊ

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ബാലിയിലെ ശില്പകല | 1 |
| 2. | കാശ്മീരറാണി—ഒരു ഗാനകോകിലം —വറുഗീസ് കളത്തിൽ എം. എ. | 2 |
| 3. | മഞ്ഞിന്റെ കുഞ്ഞ്—മാടശേരി | 5 |
| 4. | സമർഖണ്ഡിലെ ശവകുടീരം | 7 |
| 5. | അടുക്കളയിൽ | 8 |
| 6. | നേട്ടങ്ങൾ (ചെറുകഥ)—കെ. ഭാസ്കരൻ പിള്ള | 9 |
| 7. | ഒരു രാജ്യഭ്രഷ്ടയുടെ കത്ത് | 12 |
| 8. | തുല്യാവകാശത്തിനുവേണ്ടി സ്ത്രീകൾ പൊരുതേണ്ടതില്ല —സുരേശ്വരമാഭായി | 14 |
| 9. | കുടുംബ സമ്പദ്‌രഹസ്യങ്ങൾ —കെ. ദേവകി എം. എ., ബി. റ്റി. | 16 |
| 10. | 1001 രാവുകൾ—തയ്യൽക്കാരന്റെകഥ (തുടർച്ച) | 19 |
| 11. | വാഴനാരിൽ നിന്നു പട്ടുതുണിത്തരങ്ങൾ —എം. ജെ. നായർ, വ്യവസായ ഡിപ്പാർട്ടുമെന്റ് | 24 |
| 12. | മാമ്പഴം | 26 |
| 13. | ഹാസ്യം നമ്പൂതിരിമാരുടെ സംഭാവന —കിളിമാനൂർ വിശ്വംഭരൻ ബി. എ. | 29 |
| 14. | ഗർഭിണി | 31 |
| 15. | രൂപവും ഭാവവും (കവിത)—പാല്പനംകോട്ടു പ്രഭാകരൻ | 32 |


മുഖചിത്രം—ഒരു ബാലിവനിത

കൊണ്ടു മനഞ്ഞ കൊച്ചു കുടിലിൻെറ ചെറിയ ജാലകത്തിൽ കൂടി നിരാശയുടെ നിശബ്ദതയെ ഭേദിച്ചുകൊണ്ടു് ആ ഗാനശകലങ്ങൾ കാശ്മീരിലെവിടെയും ചിറകടിച്ചു പറന്നു നടന്നു. പക്ഷെ, അവൻ അതു കേട്ടുണർന്നില്ല. എങ്കിലും അവൾ പാടി. ആർക്കു കേൾക്കാനാണോ? സൗന്ദര്യലഹരിയെ അവൾ കെട്ടഴിച്ചു വിടുകയാണു്. മാധുര്യമുള്ള വേദനകൾ അവളുടെ മൃദുലങ്ങളായ ചുണ്ടുകളിൽ നിന്നു ഗാനരൂപത്തിൽ അടർന്നു വീഴുന്നു. എന്തിനാണു് അവൾ ഇങ്ങനെ പാടുന്നതു്? അവൾ യുക്തിവാദത്തിനു നിൽക്കുന്നില്ല. രമണീയമായി അനർഗ്ഗളമായി കവിത പ്രവഹിക്കുകയാണു്.

മററു പല കന്യകകളുടേയും വിവാഹമെന്നതുപോലെ സൂണിയുടെ വിവാഹവും അവളറിയാതെയാണു നിശ്ചയിക്കപ്പെട്ടതു്. അവൾക്കു അവളുടെ വരനെപ്പററി ഒന്നും തന്നെ പറയാനവസരം ലഭിച്ചില്ല. അവളെ വേണമോ വേണ്ടയോ എന്നു പറയാൻ അവളുടെ ഭർത്താവായ റഹമാനസ്സും അവസരം അനുവദിച്ചില്ല. സൂണിയുടെയും റഹമാൻെറയും ബാപ്പമാർ കൂടി കല്യാണം നിശ്ചയിച്ചു. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൽ പെട്ടവരാണു് രണ്ടു കൂട്ടരും—മണ്ണിനെ പൊന്നാക്കുന്ന കർഷകകുടുംബങ്ങൾ. തൻെറ മകനൊരു കർഷകകുമാരിയെത്തന്നെ ഭാര്യയായി കിട്ടിയതിൽ റഹ്മാനയുടെ ബാപ്പ സന്തോഷിച്ചു. പേരൊന്നും കേൾപ്പിക്കാതെ യൗവ്വനം തഴച്ചുവരുന്നതിനുമുമ്പുതന്നെ പെണ്ണിനെ പറഞ്ഞയച്ചതിൽ സൂണിയുടെ ബാപ്പ അബ്ദുള്ള റാവുത്തർ ആശ്വാസത്തിൻെറ നെടുവീർപ്പിട്ടു. പക്ഷേ, എല്ലാവരുടേയും ആകാശക്കോട്ടകൾ തകർന്നുവീണു.

ലോഡ്പോറാ ഗ്രാമത്തിലാണു റഹ്മാന താമസിച്ചിരുന്നതു്. അവിടെ സൂണിയുടെ ജീവിതം ദുരിതസമ്പൂർണ്ണമായിട്ടാണു പരിണമിച്ചതു്. റഹ്മാന മണ്ണിൻെറ മകനായിരുന്നു—രാവിലെ മുതൽ വൈകുന്നേരം വരെ വിയർപ്പുതുള്ളി ചിന്തിപ്പണിയെടുക്കുന്ന ഒരു കർഷകൻ. കൃഷിയല്ലാതെ ഒന്നിലും അവൻ തല്പരനല്ലായിരുന്നു. നല്ല ആരോഗ്യം, അദ്ധ്വാനശീലം, നല്ല സ്വഭാവം. പക്ഷേ, സൂണിയുടെ പാട്ടുകൾ അവനു് ഒരു കർണ്ണശല്യമായിരുന്നു. റഹ്മാനയുടെ ബാപ്പക്കും അതു് അസഹ്യമായി. പേർഷ്യൻ ഭാഷയിലും അറബിഭാഷയിലും ഉള്ള പുസ്തകങ്ങൾ സദാസമയവും വായിച്ചുകൊണ്ടിരിക്കുന്ന സൂണിയോടു് അവർക്കു വെറുപ്പുതോന്നി. അവൾ വയലിൽ പണിയെടുക്കുന്നില്ല. അവൾ എഴുതുകയോ വായിക്കുകയോ ചെയ്താൽ വയലിലെ വിളവു വർദ്ധിക്കുമോ? അവളുടെ നെടുവീർപ്പു നിറഞ്ഞ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന ഗാനങ്ങളുടെ അമൂല്യത ഭർത്തൃകുടുംബത്തിനു മനസ്സിലായില്ല. ഭർത്താവും ഭർത്താവിൻെറ ബാപ്പയും അമ്മയും അവളെ മനസാ ശപിച്ചു.

ഒരു വർഷം ഇഴഞ്ഞുപോയി. സൂണിയുടെ ഗാനങ്ങൾ അവളുടെ കണ്ഠത്തിൽനിന്നു പ്രവഹിച്ചുകൊണ്ടിരുന്നു. അതാർക്കും തടയാൻ സാധിച്ചില്ല. അവളുടെ ഗാനങ്ങളിൽ വിഷാദച്ഛായ കലർന്നിരുന്നു. ഗ്രാമീണജനത ഈ ഗാനങ്ങൾ പാടിക്കൊണ്ടു നടന്നു. സൂണിയുടെ ഗാനങ്ങളുടെ പ്രശസ്തി ഗ്രാമത്തിൻെറ സീമകളെ അതിലംഘിച്ചു ശ്രീനഗരിലും എത്തിച്ചേർന്നു. കൊട്ടാരത്തിൻെറ ഭിത്തികളിലും ആ ഗാനങ്ങൾ മാറൊലികൊണ്ടു.

സൂണിയുടെ ഹൃദയം കഠിനമായി നീറിത്തുടങ്ങി. ഭാവിയെപ്പററി അവൾ ഉൽക്കണ്ഠാകുലയായി. അടുത്തുള്ള പാമ്പൂർ പട്ടണത്തിൽ ഒരു തപസ്വിയായ ഫക്കീർ താമസിക്കുന്നുണ്ടെന്നും അദ്ദേഹം അവളുടെ ഭാവിയെപ്പററി പ്രവചിക്കുമെന്നും ഒരു കൂട്ടുകാരി സൂണിയെ അറിയിച്ചു. ഖ്വാജാ മസൂദ് എന്നായിരുന്നു ഫക്കീറിൻെറ പേർ.

പാമ്പൂറിലെ പഴയപള്ളിയിലെ പ്രാർത്ഥനാസമ്മേളനം കാണുവാനെന്നുള്ള വ്യാജേന ആ ഫക്കീറിൻെറ സമീപത്തേക്കു സൂണി പുറപ്പെട്ടു. അവളെ കണ്ട മാത്രയിൽ ഫക്കീർ ഇങ്ങനെ പറഞ്ഞു. "നിൻെറ ഏററവും പുതിയ പാട്ടു ഞാനൊന്നു കേൾക്കട്ടെ" തനിക്കു് ഒരു പരിചയവുമില്ലാത്ത ഫക്കീർ ഇങ്ങനെ പറഞ്ഞപ്പോൾ അവൾ വിസ്മയസ്തബ്ധയായി. അവൾക്കു പാട്ടു പാടാനറിയാമെന്നു ഫക്കീർ എങ്ങനെ അറിഞ്ഞു! അവൾ അവളുടെ ഏററവും പുതിയ കവിത ചൊല്ലി കേൾപ്പിച്ചു. ഫക്കീർ സന്തുഷ്ടനായി പറഞ്ഞു.—"സൂണി, ഭാവിയോടുകൂടിയ—ഒരു മഹത്തായ ഭാവിയോടുകൂടിയ—ഒരു കവയിത്രിയാണു നീ. കർഷകകുമാരി, ആശ്വസിക്കുക. നിൻെറ ദുരിതങ്ങൾ താമസിയാതെ അവസാനിക്കും. ഇന്നു മുതൽ നീ ഹബ്ബാഖാതൂൺ എന്ന പേരിൽ അറിയപ്പെടും."

പ്രതീക്ഷയോടുകൂടി ഓരോ നിമിഷവും അവൾ തള്ളിവിട്ടു. ഒരു ദിവസം ഉച്ചതിരിഞ്ഞു് അവൾ വയലിൽ നിന്നുകൊണ്ടു പാട്ടുപാടുകയായിരുന്നു. വിദൂരമായ മാർഗ്ഗത്തിൽക്കൂടി കടന്നുപോയ അശ്വാരൂഢനായ ഒരു യുവാവു് ഈ ഗാനമാധുര്യത്താൽ ആകൃഷ്ടനായി അവളുടെ അടുക്കൽവന്നു. യുവാവു് നായാട്ടുവേഷമാണു് ധരിച്ചിരുന്നതു്.

ഹബ്ബാ ഖാതൂൺ ചുററുപാടും നോക്കി. മററാരും അവിടെയെങ്ങും ഇല്ലായിരുന്നു. അവരുടെ കണ്ണുകൾ ചില അപേക്ഷകൾ കൈമാറി. അവൾ ആരാണെന്നു അദ്ദേഹം ആരാഞ്ഞു. അതിനു് അവൾ കവിതയിലാണു് മറുപടി പറഞ്ഞതു്. കവിതയുടെ അവസാനത്തെ വരിയിൽ ഹബ്ബാ ഖാതൂൺ എന്ന വാക്കും ഉണ്ടായിരുന്നു. അപ്പോൾ യുവാവിന്നു് ആളെ മനസ്സിലായി. അദ്ദേഹം പറഞ്ഞു:— "ഹബ്ബാ ഖാതൂൺ, നിങ്ങളെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. നിങ്ങളുടെ ഗാനങ്ങളുമായി എൻെറ പേർഷ്യൻഗാനങ്ങളെയും കാഷ്മീറി ഗാനങ്ങളെയും ഞാൻ താരതമ്യപ്പെടുത്താറുണ്ടു്. നമ്മുടെ കവിതകളിൽ പലതിനും സാമ്യമുണ്ടു്."

ഹബ്ബാ ഖാതൂൺ:—"അല്ലയോ, നഗരകവി, അങ്ങു് ആരാണെന്നു പറയുമോ"?

അവളെ അടിമുതൽ മുടിവരെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് യുവാവു് ഇങ്ങനെ മറുപടിനൽകി—"നിനക്കു് വിധേയനായ രാജകുമാരൻ യൂസഫ് ഷാ ചക്."

അവൾ അത്ഭുതത്തോടെ രാജകുമാരനെ വീണ്ടും വീണ്ടും നോക്കി. അവൾക്കു് അപ്പോൾ പതിനെട്ടുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അവളെപ്പററിയുള്ള എല്ലാ വിവരങ്ങളും അദ്ദേഹം ചോദിച്ചറിഞ്ഞു.

രാജകുമാരൻ:—നീ വിവാഹിതയാണെന്നു തോന്നുന്നില്ലല്ലോ. നിൻെറ വിവാഹത്തിൽ പിശകു പററിപ്പോയി. നീയൊരു കുടിലിൽ കഴിയേണ്ടവളല്ല, കൊട്ടാരത്തെ അലങ്കരിക്കേണ്ടവളാണു്." അദ്ദേഹത്തിൻെറ കൈകളിൽ അവളുടെ കൈകൾ അമർന്നു. അവളുടെ കണ്ണുകളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് അദ്ദേഹം തുടർന്നു.—"ഞാൻ നായാട്ടിനു് ഇറങ്ങിത്തിരിച്ചതാണു്. ഇപ്പോൾ ഭാഗ്യവശാൽ, ഞാൻ ഇത്രയും നാൾ അന്വേഷിച്ചു നടന്ന ഹൃദയം എനിക്കു ലഭിച്ചിരിക്കുന്നു. എൻെറ ആദ്യത്തെ ഭാര്യ മരിച്ചുപോയി. പ്രിയപ്പെട്ട ഹബ്ബാ ഖാതൂൺ, നീ എൻേറതായിരിക്കാമോ"?

കാഷ്മീറിൻെറ കിരീടാവകാശിയാണു് ആ ഗ്രാമീണയുടെ മുമ്പിൽ ഈ അഭ്യർത്ഥന സമർപ്പിക്കുന്നതു്. അദ്ദേഹത്തെ അകമ്പടി സേവിക്കുന്ന പട്ടാളം കുറെ അകലെയായി കാത്തു നിൽപ്പുണ്ടു്. അവളെ ഭാര്യയായി സ്വീകരിക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമുള്ളതായി എന്തെങ്കിലും ഒരു സൂചന കിട്ടിയാൽ, പട്ടാളക്കാർ അവളെ കൊട്ടാരത്തിൽ എത്തിച്ചുകൊടുക്കും. പക്ഷെ, അങ്ങനെ ഒരു പെണ്ണിനെ പ്രേമിക്കണമെന്നു രാജകുമാരൻ ഉദ്ദേശിച്ചില്ല. അദ്ദേഹം മറുപടി കിട്ടുവാൻ ഏതാനും നിമിഷങ്ങൾ കാത്തുനിന്നു. ലജ്ജാസമ്മിശ്രമായ മന്ദസ്മിതത്തിൽ കൂടിയാണു് അവൾ മറുപടി നൽകിയതു്. അവളുടെ വലത്തുകൈ തൻെറ അധരങ്ങളിൽ ചേർത്തു് അദ്ദേഹം ഗാഢമായി ചുംബിച്ചു. അദ്ദേഹം അവിടെ നിന്നു അപ്രത്യക്ഷനായി. കുറെക്കഴിഞ്ഞപ്പോൾ ആ ഗ്രാമത്തിൽ രാജകുമാരൻെറ ദൂതന്മാർ വന്നുചേർന്നു. അതു് ഒരു അസാധാരണസംഭവമായിരുന്നതിനാൽ ജനങ്ങൾ ഇളകിവശരായി. ഗ്രാമത്തിലെ മൂപ്പന്മാരെ രാജദൂതന്മാർ വിളിച്ചു കൂട്ടി. സദസ്സിലേക്കു് റഹ്മാനയേയും അവൻെറ ബാപ്പായേയും വരുത്തി. റഹ്മാനയിൽ നിന്നു ഹബ്ബാഖാതൂൺ വിവാഹമോചനം നേടുന്നതിൽ അവർക്കു വിരോധമുണ്ടോയെന്നു ദൂതന്മാർ അന്വേഷിച്ചു. വല്ലവിധത്തിലും അവളെ വീട്ടിൽനിന്നു് ഒഴിച്ചുകിട്ടിയാൽ ഉപകാരമായിരുന്നുവെന്നാണു് റഹ്മാനയുടെ ബാപ്പ മറുപടി പറഞ്ഞതു്. കാര്യങ്ങൾ അങ്ങനെതീരുമാനിക്കപ്പെട്ടു.

ശ്രീനഗറിലെ ബാഗിള—യൂസഫ് എന്ന ആരാമത്തിൻെറ മദ്ധ്യത്തിലുള്ള കൊട്ടാരത്തിലേക്കു ഹബ്ബാഖാതൂൺ ആനയിക്കപ്പെട്ടു. യൂസഫിൻെറ അച്ഛൻ ചരമം പ്രാപിക്കുന്നതുവരെ യൂസഫും ഹബ്ബാ ഖാതൂണും അവിടെ താമസിച്ചു.

11

ഹബ്ബാഖാതൂണിൻെറ കഥ അവിടെ അവസാനിച്ചില്ല. 1579-ൽ രാജാവു ചരമമടഞ്ഞപ്പോൾ യൂസഫ് രാജകുമാരൻ സിംഹാസനാരൂഢനായി. കാഷ്മീറികൾ ഹർഷാഘോഷംമുഴക്കി. ഒരു കർഷകൻെറ ഭാര്യയായിരുന്ന ഹബ്ബാ ഖാതൂൺ രാജ്ഞിപദത്തിൽ പ്രവേശിച്ചു.

അവസരം കിട്ടുമ്പോഴൊക്കെ ഹബ്ബയും യൂസഫും കാഷ്മീറിൻെറ ഏററവും ചേതോഹരങ്ങളായ പർവ്വതനിരകളിലും താഴ്വരകളിലും ഉല്ലാസയാത്ര ചെയ്യാറുണ്ടായിരുന്നു. അപ്രകാരമുള്ള ഒരു സഞ്ചാരത്തിനിടയിൽ കുസുമസഞ്ചയത്താൽ സമ്മോഹനമായ ഒരുന്നത ഭൂപ്രദേശത്തു ഹബ്ബയുടെ കണ്ണുകൾ പതിച്ചു. അകൃത്രിമരമണീയതയാൽ അനുഗ്രഹീതമായ ആ ആരാമത്തെ അവൾ ഇഷ്ടപ്പെട്ടു. അവൾ അതിനു ഗുൽമർഗ്ഗ് (കുസുമകേദാരം) എന്നു നാമകരണം ചെയ്തു. ഇന്നും ഗുൽമർഗ്ഗ് വിശ്വപ്രസിദ്ധമായ ഒരു പുഷ്പഭൂമിതന്നെയാണു്.

രാജ്യവ്യാപകമായ അസ്വാസ്ഥ്യതകളും വിദേശീയാക്രമണങ്ങളും കവിതാമധുരമായ ആ ദാമ്പത്യജീവിതത്തിൽ വിഷാദത്തിൻെറ കരിനിഴലുകൾ വീശി. 1585-ൽ ഷിയാസുന്നി വിഭാഗങ്ങൾ ത

# മഞ്ഞിന്റെ കുഞ്ഞ്

[ഹബ്ബ ഖാട്ടൂൺ എന്ന കാശ്മീര റാണി ഒരു പേരു കേട്ടകവയിത്രിയായിരുന്നു. ഈ മഹതിയുടെ ജീവചരിത്രം രണ്ടാംപേജിൽ ചേർത്തിരിക്കുന്നു. ഈ കവയിത്രിയുടെ നാടോടിപ്പാട്ടുകൾ ഇന്നും കാശ്മീരത്തുകാർ പാടിരസിക്കുന്നുണ്ട്. സ്വന്തംജീവചരിത്രമടങ്ങിയ ഈ കൃതിഅവരുടെ നീണ്ട കവിതകളിൽ ഒന്നാണ്]

## വിവർത്തകൻ മാടശ്ശേരി

I

1 ഇന്ന് എന്നെ 'പുഞ്ചിരികൊണ്ടു ചമച്ചവളാണ്' എന്നാരും പറയുകയില്ല. എന്റെ നേത്രങ്ങൾ താരങ്ങളുമല്ല. ശാനകഞ്ചുകം എന്റെ ഇടിഞ്ഞ തോളുകളിൽനിന്ന് താഴേക്ക് വീണുകഴിഞ്ഞു. എന്റെ നട്ടെല്ല് ഇന്ന് ആനന്ദവാഹിനിയും അല്ലാതായി.

2 കൈനോട്ടക്കാരും ജോത്സ്യന്മാരും വെറും പിത്തലാട്ടക്കാരാണ്. പൊന്നും പൊടിയും ഇട്ടു വിളക്കിയതാണ് അവരുടെ കണ്ണനാളങ്ങൾ. മൂടൽമഞ്ഞ് വിണ്ടു കീറിച്ച എന്റെ കൈപ്പടം അവർ ഏറെ നേരം പരിശോധിച്ചു. മണ്ണിനെ സംബന്ധം ചെയ്തിട്ടുള്ള ഉള്ളങ്കാലും അവർ പരിശോധിച്ചു. ഒഴിഞ്ഞ ആകാശവും അവർ നോക്കി നിന്നു. ഒടുവിൽ സ്നേഹമാകുന്ന ഹിമവാഹിനി എന്നെ തഴുകും എന്ന് അവർ ദീർഘദർശനം ചെയ്തു.

3 ഇന്ന് ഇല പൊഴിയും കാലമാണ്. ക്ഷീണിച്ചു വലഞ്ഞ ഈ നാട്ടിലെ ചിതൽ പുററുപോലും ഉണങ്ങി പൊട്ടി തുടങ്ങി. പുല്ലുകൾ എല്ലാം ഉണങ്ങി കരിഞ്ഞ് നിറം മാറി. വെള്ളിപോലെ വിളങ്ങിയ ഉറവുകൾ ചെളി കുഴഞ്ഞ് കിടപ്പായി.

4 ഇല്ല ഞാൻ ജീവിച്ചിട്ടില്ല. ഐശ്വര്യത്തിന്റെ ലാവണ്യം

മേൽ ഭയങ്കരമായ സംഘട്ടനങ്ങളുണ്ടായി. ശ്രീനഗർ, ബാരമുള്ള, സോപോർ ഇസ്ലാമാബാദ് എന്നീ സ്ഥലങ്ങളിലെ സ്ഥിതിഗതികൾ ഗുരുതരമായി. അന്ന് മുഗൾ ചക്രവത്തിയായിരുന്ന അക്ബർ ഈ അവസരത്തിൽ കാഷ്മീർ പിടിച്ചടക്കാൻ അമ്പതിനായിരം പേരടങ്ങിയ ഒരു പട്ടാളത്തെ നിയോഗിച്ചു. അവർ കാഷ്മീർ പിടിച്ചടക്കിയില്ലെങ്കിലും യൂസഫിനെ ബന്ധനസ്ഥനാക്കി. ആ സമയത്ത് യൂസഫിന്റെ ഒന്നാമത്തെ ഭാര്യയിലുണ്ടായ പുത്രൻ യാക്കൂബ് ഷാ ഭരണഭാരം ഏറെറടുത്തു. ഒരു വർഷം കഴിഞ്ഞപ്പോഴേക്ക് കൂടുതൽ ശക്തിയുള്ള ഒരു പട്ടാളത്തെ ഭഗവൻ ദാസിന്റെ നേതൃത്വത്തിൽ മുഗൾ ചക്രവത്തി വീണ്ടും അയച്ചു. യാക്കൂബ് ഷാ തന്റെ അമ്മയുടെ വീട്ടിലേക്ക് കിഷ്ത്വാറിലേക്ക് —പലായനം ചെയ്തു. കാഷ്മീർ അക്ബർ ചക്രവത്തിയുടെ പട്ടാളഭരണത്തിൻ കീഴിൽ കിടക്കാൻ വിറച്ചു.വിരഹദുഃഖം അവളുടെകവിതയ്ക്കുള്ള വിഷാദാത്മകത്വത്തിനു മാററു കൂട്ടി. ആ കവിതാമാധുരിയിൽ അമർഷത്തിന്റെ തീപ്പൊരികൾ അവൾ വാരി വിതറിയിരുന്നു.

"അവൻ എന്റെ സവിധംപൂകുന്നതെന്നാണ്? വരൂ, ഇപ്പോഴും എന്റെ ഹൃദയത്തിന്റെ അഭിലാഷമേ നോക്കൂ, ഞാൻ നിനക്ക വേണ്ടി മരിച്ചുകൊണ്ടിരിക്കുന്നു. നിന്നെ കൂടാതെ എങ്ങനെ ഞാൻ ജീവിക്കും. പ്രേമമേ, നിന്റെ അഭാവം ഞാൻ എങ്ങനെ സഹിക്കും?"

ഇങ്ങനെ പോകുന്നു വിഷാദം നിറഞ്ഞ അവളുടെ കവിത. ലാഹോറിലെ കാരാഗൃഹത്തിൽ യൂസഫ് രണ്ടു വർഷം കഴിച്ചുകൂട്ടി. പിന്നീട് അദ്ദേഹം വിദൂരമായ ബംഗാളിലേക്ക ഹബ്ബാഖാട്ടൂണിന്റെ സവിധത്തിൽനിന്ന് അനേകശതം നാഴിക ദൂരത്തേക്ക് മാററപ്പെട്ടു. ദുഃഖാതിരേകംനിമിത്തം അദ്ദേഹം പെട്ടെന്നു മൃതിയടഞ്ഞു.

ഞാൻ ആസ്വദിച്ചില്ല. സംസ്ക്കാരത്തിൻെറ മാധുര്യം ഞാൻ എന്തെന്നു് അറിഞ്ഞുമില്ല. മധുരമേറിയ കനികൾ ഞാൻ രുചിച്ചറിഞ്ഞില്ല. 'ചെനാറി'ലകൾകൊണ്ടുണ്ടാക്കിയ അപ്പമാണു ഞാൻ തിന്നതു്. ആശ്വാസിപ്പിച്ചതു് കത്തിയെരിയുന്ന കനലൊളിയും. ഈ ചൂടു് എനിക്കു് കാലൻെറ കണ്ണിൻെറ ജ്വാലകളായിട്ടാണു് തോന്നിയതും.

5 ഞാൻ കാത്തിരുന്നു. ചൂടേറിയ ചുംബനത്തിനു വേണ്ടി എൻെറ ചുണ്ടുകൾ ചൂളിപ്പോയി. ആയിരം കിനാവുകൾ വിരിയുന്ന പൂങ്കമ്പു പൊടിക്കാൻ പൂമരം കാക്കുന്നതുപോലെ ഞാൻ നോമ്പു നോററുവാണു.

6 രോഗവും രാഗവും ചിറകടിച്ചു് എന്നെ സമീപിച്ചില്ല. ഉണങ്ങിയ ഇലകളിൽ പടപടാ ശബ്ദം പുറപ്പെടുവിച്ചും കൊണ്ടു പാമ്പു് ഇഴഞ്ഞു് എന്നെ സമീപിച്ചില്ല. മൂകമായ ഭാഷയിൽ സ്നേഹസന്ദേശവുമായി എൻെറ കാമുകൻ എന്നെ സമീപിച്ചില്ല. ആരും തന്നെ, പുരുഷന്മാർ ആരുംതന്നെ, എന്നെ സമീപിച്ചില്ല.

7 എൻെറ യൗവനാഢ്യമായ ഉടൽ ഇളക്കി മറിക്കാൻ ഒരു ഭൂകമ്പവും ഉണ്ടായില്ല. ഞാനാകുന്ന കൈത്തിരിയെ വിഴുങ്ങാൻ ഒരു കാട്ടു തീയും തയ്യാറായില്ല.

8 പരുപരുത്ത മുടിയുള്ള ആട്ടിടയനോ, കേഴയാടിനെ വേട്ടയാടുന്ന വനചരനോ, ചോരയും റോസാപ്പൂവും ചേർത്ത കമ്പളം നെയ്യുന്ന ചാലിയനോ, എന്നെ സമീപിച്ചില്ല. അവർക്കാർക്കും എന്നെ ആവശ്യമില്ല.

9 മൂടൽമഞ്ഞു് ഏററു് വിറുങ്ങലിച്ച ഒരു സഞ്ചാരിയും എന്നെ സമീപിച്ചില്ല. ആ ഏകാകിനിക്കൂട്ടെൻെറ സാഹചര്യം സന്തോഷപ്രദമായി തോന്നിയില്ല. എൻെറ ചൂടേറിയ ചുണ്ടുകൾ നൽകുന്ന സ്വാഗതം അയാൾക്കും സ്വീകാര്യമല്ലപോലും!

10 പുൽത്തറയാകുന്ന പുതുകാറിൽ പെൺമാൻ ഉറങ്ങി. ആൺമാൻ ആഭിജാത്യത്തോടെ കൊമ്പുയർത്തി, ചന്ദ്രനെ നോക്കി നിലയായി. കൊമ്പുകൾകൊണ്ടു അംബരം കീറാമെന്നാണു് ആ ശുംഭനു അഹംഭാവം. ആരും ഇങ്ങോട്ടുഎത്തി നോക്കിയില്ല.

11 വിദേശത്തുനടന്ന പോരിൽ മുറിവേററു വലഞ്ഞ ഒരു പാവം (പട്ടാളക്കാരൻ) കാലാൽ എങ്കിലും എന്നെ സമീപിച്ചിരുന്നെങ്കിൽ! അയാൾ കാൽകുഴഞ്ഞു് എൻെറ പടിക്കൽ വന്നു് വീണുകിട്ടിയിരുന്നെങ്കിൽ! അയാളുടെ ആമയങ്ങൾ ആയിരം പ്രാവശ്യം അയാൾ വിളിച്ചു പറഞ്ഞുകൊള്ളട്ടെ. ആ സുന്ദരമുഖത്തു് ആയിരം വടുക്കൾ ഉണ്ടായിരുന്നാലും വേണ്ടില്ല. വ്രണങ്ങളെല്ലാം ഞാൻ, മുട്ടു കവിഞ്ഞുകിടക്കുന്ന എൻെറ തലമുടികൊണ്ടു് തുടച്ചു് വെടിപ്പാക്കമായിരുന്നു. എങ്കിലും ആരും വന്നില്ല. ആ കാട്ടാറു തനിച്ചു് ഒഴുകി! ഉള്ളം ഉരുകി.

II

1 എൻെറ ദമനി മിനുത്തതും മണമുള്ളതുമാണു്. മണ്ണിൻെറ മണമുള്ള എൻെറ ദേഹം പൂക്കളിലും പൂവാണു്. എന്നാൽ ഇതെല്ലാം അനുഭവിച്ചറിഞ്ഞതു് മാരുതൻ മാത്രം.

2 വരിവരിയായി വരമ്പിട്ടു്, നീരൊഴുക്കിനു് സൗകര്യംകൊടുക്കുന്ന നെൽപാടമാണു ഞാൻ! സന്ധ്യാരാഗത്തിൻെറ സൗന്ദര്യം ഉൾചേർന്ന ഫലഭൂയിഷ്ഠയായ പ്രദേശം. കൊട്ടുകാററും പേമാരിയുമേററു് വിത്തു വീഴാൻ കാത്തുവാണ പാടം. പക്ഷെ വെറും ചാററമഴപോലും ഉണ്ടായില്ല.

3 ഒരു കാട്ടുതാറാവു് ഏറെ പരപ്പേറിയ കായൽവക്കത്തു് നോക്കി നിന്നു. സൂര്യൻ മുങ്ങി മരിച്ചു.

4 രാത്രിയുടെ വരവായി. കത്തുന്ന വിറകുപോലും പേക്കിനാവുകൾ കണ്ടുതുടങ്ങി. ആരും അണയാതിരുന്ന കൊട്ടംകാടിൻെറ നടുക്കു് മഞ്ഞുതുള്ളികളും കുടിച്ചു് ആ മരം നിന്ന കാലം, ആ നാട്ടിൻെറ സങ്കടം എല്ലാം കാട്ടു കടന്നലുകൾ കവന്നു് കുടിച്ച കാലം! എൻെറ കൊങ്കകൾ രണ്ടു താരങ്ങളായി. ഭ്രാന്തേറി, വഴി ചുററിയ സഞ്ചാരിക്കു് ആ നക്ഷത്രങ്ങൾ നേർവഴി കാട്ടി നിന്നു. ചെങ്കുന്നിൽ അംബരം ചാരിനിന്നു. എന്നിട്ടും ആരും വന്നില്ല.

5 ആ രാത്രിയിൽ ഒരാൾക്കും വഴി തെററിയില്ല.

6 രാത്രിയുടെ ഇരുട്ടിനെ ഞാൻ വെള്ളിച്ചിപ്പുകൾകൊണ്ടു ചീകി. ആരും വന്നില്ല. നക്ഷത്രങ്ങൾ എന്നെ പകയോടെ നോക്കി.

III

1 ഞാനും ഒരു കിനാവു കണ്ടു. ചാഞ്ഞൊടിഞ്ഞ ശാഖികളാൽ നിർമ്മിതമായ മഞ്ചം. അതിലാണു് ഞാൻ കിടന്നതു്. എൻെറ ദേഹത്തിൽ മൂർച്ചയേറിയ വള്ളിൻെറ തണുപ്പുള്ള കരങ്ങൾ അമർന്നു. മുല്ലവള്ളികൾ കഴുത്തു് കുരുക്കിലാക്കി. എൻെറ തലമുടി പോലും വേദനിച്ചു. കണ്ണുകളിൽ അമൃതവർഷം ഉണ്ടായി. എൻെറ അധരങ്ങൾ പുഷ്പദളങ്ങളാൽ നിറഞ്ഞു. എൻെറ ഉള്ളു് ഊഞ്ഞാലാടി. ഞാൻ കുങ്കുമച്ചെടികളുടെ ഇടയിലായി. ചൂടു കൊണ്ടു് എൻെറ ദേഹം വരണ്ടു കീറി.

2. ചൂടേറിയ അരിവാൾ ഏറെ കതിരു് അന്നു കൊയ്തു. ആ കൊയ്ത്തുകാരൻെറ കരങ്ങൾ ഏ

# സമർഖണ്ടിലെ ശവകുടീരം

സമർഖണ്ടിൽ നെഹ്റു പര്യടനം നടത്തിയ അവസരത്തിൽ ടാമർലെയിന്റെ ശവകുടീരം സന്ദർശിച്ചുവെന്ന് റിപ്പോർട്ടുണ്ടായിരുന്നല്ലോ. ആരാണ് ഈ ടാമർലെയിൻ? പുരാതനകാലത്ത് ഇൻഡ്യയിൽ വിജയകരമായ ആക്രമണം നടത്തിയ മുടന്തനായ തൈമൂർ തന്നെയാണ് സമർഖണ്ടിലെ ടാമർലെയിൻ.

## മുടന്തനായ തൈമൂർ

ദക്ഷിണസമർഖണ്ടിൽ കെഷ് എന്നസ്ഥലത്ത് 1336–ലാണ് തൈമൂറിന്റെ ജനനം. അദ്ദേഹത്തിന്റെ പിതാവ് ഒരു മംഗോൾ നാട്ടുവാഴിയായിരുന്നു. 1369–ൽ സമർഖണ്ടിലെ രാജസിംഹാസനത്തിൽ ആരൂഢനായ തൈമൂർ പിന്നിട്ട് പേർഷ്യാ, ജോർജിയ ടാററർ സാമ്രാജ്യം എന്നിവയെല്ലാം പിടിച്ചടക്കി. അദ്ദേഹം 1398–ൽ തന്റെ പട്ടാളങ്ങളുമായി ഇൻഡ്യയിലേക്ക് ഇരമ്പിക്കയറി സിന്ധുമുതൽ ഗംഗാവരെയുള്ള രാജ്യവിഭാഗങ്ങൾ കീഴടക്കി കൊള്ളനടത്തി സമർഖണ്ടിലേക്കുമടങ്ങിപ്പോയി. ഈജിപ്ഷ്യൻ ചക്രവർത്തിമാരിൽനിന്നു, സിറിയയെ സ്വായത്തമാക്കുകയും തുർക്കിയെ കീഴടക്കുകയും ചെയ്ത ഈ മംഗോൾരാജാവ് 1405–ൽ ചൈനയിലേക്കുള്ള പട പുറപ്പാടിൽ യാത്രാമദ്ധ്യേ മരണം പ്രാപിച്ചു. ഈ മുടന്തനായ തൈമൂറിന്റെ കബറിടത്തിൽ നെഹ്റു സന്ദർശനം നടത്തുന്നതു അ

---

റെ കററകൾ കെട്ടി. എന്റെ അരക്കെട്ട്.........എല്ലാം കിനാവ്.

3. എന്നാൽ പൂഴിക്കാട്ടിൽ ആരും വിള കൊയ്യാൻ വരില്ല. ഈ കാര്യം ഞാൻ ഓർത്തില്ല.

4. പൂഴിക്കാട്ടിൽ സിംഹിക അടക്കാൻ പാടില്ലാത്ത പശിയോട്ട അലറി തുടങ്ങി. പക്ഷെ അന്നും ആ മൃഗിക്ക് കൊററിന് ഒന്നും ലഭിച്ചില്ല. നക്ഷത്രങ്ങൾ നോക്കിനിന്നു ചിരിച്ചു. ആരും ആ വഴി കടന്നു പോയില്ല. ആർക്കും അന്നും വഴി തെററിയില്ല.

### IV

1. അങ്ങനെ രാത്രി മുന്നോട്ടു നീന്തി നീങ്ങി. ആകാശത്തിലെ പ്രഭാപൂരവും മുന്നോട്ടു നീന്തി. എന്റെ തലക്കെട്ടും കറുത്ത കയവും ഭേകങ്ങൾക്ക് ആഹ്ളാദം നൽകുന്ന മഴക്കാലവും അട്ടത്തുകൂടി. അരയന്നങ്ങൾ പറന്നുപോയി. മററൊരു ചെററപ്പുലരി പുലർന്നു.

2. കലപ്പപോലും ഓർമ്മിച്ചുപോയി. താൻ ഒരു മരക്കൊമ്പായിരുന്ന കഥ! മരത്തിന്റെ വേരുകൾ മണ്ണു തുളച്ചുകീറി കിഴേക്കുപോയ കഥ. അതോർത്തതുകൊണ്ടാണ് പിന്നെയും ചേറിൽ പുതയാൻ കലപ്പക്ക് ആശ ഉണ്ടായതും.

3. മൂകമായി കല്ലുകൾക്കൊപ്പം കാത്തിരുന്നാൽ ആ വ്യക്തിക്കും ഭീരുവിന്റെ വിധി അനുഭവിക്കേണ്ടതായിവരും. കല്ലറയിൽ നഖംകൊണ്ട് മാന്തിപ്പൊളിച്ച് ചോര ചിന്തേണ്ടിവരും.

4. ഇന്നലത്തെ രാത്രിയിലെ സദ്യയുടെ എച്ചിലായ എല്ലും മുള്ളും പട്ടികൾ ഇന്ന് ഏറെ സ്വാദോടു കൂടി കടിച്ചുപൊട്ടിച്ച് ശാപ്പിട്ടു. അവക്കും ഈ എച്ചിൽ ഒന്നാന്തരം സദ്യയായി തോന്നും. ഭക്ഷണം ഇങ്ങനെ കഴിച്ചിട്ട് പകൽ മുഴുവൻ അവർ കുരച്ചുകൊണ്ട് നടക്കും.

5. കിഴവന്മാരായ കൃഷിക്കാരുടെ കണ്ണുകളും തിളങ്ങും. കാളകളുടെ കണ്ണും മിന്നും. ഞാനും തിളങ്ങി മദിച്ചവളാണ്. ഒരുകാലത്ത് ഞാനും എരിയുന്ന പന്തമായിരുന്നു. ഒന്ന് ആളിക്കത്തി ഒന്നു ഞെട്ടിപ്പിച്ചു. ഇരുട്ടിൽ എന്റെ നിഴലും പതിഞ്ഞു. ചന്ദ്രനിൽ കളങ്കം ഞാനും അന്നു ചേർത്തു.

### V

1. എന്നാൽ ആരും എന്റെ ചാരത്തു വന്നില്ല.

2. പ്രഭാതത്തിന്റെ തണുപ്പിൽ വിജനമായ പാതയിൽ കറുത്ത പ്രഭാതത്തിന്റെ ശ്മശാനം ദൃശ്യമായി. എന്റെ തണുത്ത കൊങ്കകളെ അവിടാണ് വിശ്രമിപ്പിക്കേണ്ടത്. ഏറെ നീറി എരിഞ്ഞ അവയുടെ ഉള്ളിലും ഇന്ന് വിറുങ്ങലിപ്പിക്കുന്ന തണുപ്പാണ്. ഏറെ കനലെരിഞ്ഞ അടുപ്പും ഒരു കാലത്ത് തണുത്തു വിറുങ്ങലിച്ചു പോകും. ആരും എത്തിനോക്കാനില്ലെങ്കിൽ!

ഘനീഭവിച്ച സുഷുപ്തി എന്റെ ചുണ്ടുകളിൽ ചുംബിച്ചു. എന്റെ കിനാവെല്ലാം കല്ലിച്ചു. വിറകെല്ലാം എരിഞ്ഞു ചാമ്പലായി.

ർത്ഥവത്താണ്.

## തൈമൂറിൻെറ പിൻഗാമി യായ ബേബർ

ബേബർ എന്നും ബാബൂർഎന്നും ഇൻഡ്യാചരിത്രത്തിൽ അറിയപ്പെടുന്ന ഒന്നാമത്തെ മുഗൾസാമ്രാജ്യാധിപൻ തൈമൂറിൻെറ വംശത്തിൽ 1483–ൽ ജനിച്ചു. സമർഖണ്ട മുതൽ സിന്ധുവരെയുള്ള രാജ്യം ബേബറിനു് തൻെറ പിതാവിൽനിന്നു് പിന്തുടർച്ചാവകാശമായി ലഭിച്ചു. സിംഹാസനത്തിൽ ആരോഹണം ചെയ്യുമ്പോൾ ബേബറിനു പന്ത്രണ്ടുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ബാഷ്ഗർ, ഖണ്ഡൂസു്, ഖണ്ഡഹർ, കാബൂൾ,എന്നീ രാജ്യവിഭാഗങ്ങൾ പിടിച്ചടക്കിയ ശേഷം 1526 ഏപ്രിലിൽ ഡൽഹിയിലെ അഫ്ഗാൻ ചക്രവത്തിയുടെ പട്ടാളങ്ങളെ പാനിപ്പട്ടു് യുദ്ധത്തിൽ നാമാവശേഷമാക്കി. അങ്ങനെ ഭരതക്ഷോണീകിരീടം ബേബറിൻെറ തലയ്ക്കു് അലങ്കാരമായി. തുടരെ ദീർഘകാലം ഇൻഡ്യയെ ഭരിച്ചിരുന്ന മുഗൾ ചക്രവർത്തിമാർ ചരിത്ര വിദ്യാർത്ഥികൾക്കു് സുപരിചിതരാണല്ലോ.

### സമർഖണ്ടിൽ

നെഹ്റു സമർഖണ്ടിൽ മുടന്തനായ തൈമൂറിൻെറ കബറിടം കണ്ടപ്പോൾ സമർഖണ്ടുകാരനായ തൈമൂറിൻെറ ആക്രമണങ്ങൾ, തൈമൂറിൻെറ പിൻഗാമികളായ ബേബർ മുതൽ ബഹദൂർഷാവരെയുള്ള മുഗൾ സമ്രാട്ടുകളുടെ ഭരണം, പാശ്ചാത്യമേധാവിത്വം, ഇൻഡ്യയുടെ സ്വാതന്ത്ര്യസമരം എന്നിവയെല്ലാം അദ്ദേഹത്തിൻെറ മനസ്സിൽക്കൂടി നാടകരംഗങ്ങൾ പോലെ കടന്നുപോയിരിക്കണം. ഭാരതത്തെ പരതന്ത്രയാക്കിയ തൈമൂറിൻെറ ജന്മസ്ഥലമായ സമർഖണ്ടു് ഭാരതത്തിൻെറ സർവതന്ത്ര സ്വതന്ത്രനായ നേതാവിന്നു് സ്വാഗതമരുളുകയായിരുന്നു. രണ്ടു ശ്രുരന്മാരായ മംഗോൾ സമ്രാട്ടുകളുടെ ശരീരങ്ങൾ വിശ്രമിക്കുന്ന സമർഖണ്ടിൽ തൈമൂറിൻെറ മൃതശരീരവും മൺമറഞ്ഞു.

ഒമാർ ഖയ്യാമിൻെറ ഒരു പദ്യം ഓർത്തുപോകുന്നു.

Think, in this batter'd
Caravansarai
Whose Door ways are
Night and Day
How sultan after
sultan with his Pomp
Abide his Hour or two,
and went his way

ചിന്തിക്കുക! ഈ പഴകിയ സത്രത്തിൻെറ കവാടങ്ങൾ രാവും പകലുംആണു്. ഇവിടെ സുൽത്താൻെറ പുറകെ സുൽത്താൻ, അവരവർക്കു് വിധിക്കപ്പെട്ടിട്ടുള്ള വിനാഴികകൾ ആഡംബര സമന്വിതം കഴിച്ചുകൂട്ടിയ ശേഷം അവരവരുടെ വഴിക്കു് കടന്നുപോകുന്നു)

---


## അരുണ ഓണം വിശേഷാൽപ്രതി

അരുണയുടെ ഓണം വിശേഷാൽപ്രതിയുടെ അച്ചടി ആരംഭിച്ചിരിക്കുന്നു. കമനീയമായ ത്രിവർണ്ണ കളർ ചിത്രം.

**വില 1 രൂപാ മാത്രം.**

അരുണയുടെ സ്ഥിരം വരിക്കാർക്കു് വിശേഷാൽപ്രതി എട്ടണയ്ക്കു് വിതരണം ചെയ്യുന്നതാണു്.

വിശേഷാൽപ്രതിയുടെ ജോലിത്തിരക്കുനിമിത്തം ആഗസ്റ്റ് ലക്കം പ്രസിദ്ധപ്പെടുത്താൻ സാദ്ധ്യമല്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

**മാനേജർ,**
**അരുണ, കോട്ടയം.**


# അടുക്കളയിൽ

Mrs. Sosamma Matthew

## പൈനാപ്പിൾ സ്ക്വാഷ്

| | |
|---|---|
| സിട്രിക്കു് ആസിഡ് | —മുക്കാൽ ഔൺസ് |
| വെള്ളം | —ഒന്നരകപ്പ് |
| പഞ്ചസാര | —2 റാത്തൽ |
| പൈനാപ്പിൾ എസ്സൻസ് | അരക്കപ്പ് |

മാർഗ്ഗം—ഒന്നരക്കപ്പ്വെള്ളത്തിൽ 2റാത്തൽപഞ്ചസാരയുമിട്ടു തിളക്കുമ്പോൾ സിട്രിക്ക്ആസിഡ് ഇട്ടുക. അതു് അലിഞ്ഞുചേർന്നു കഴിയുമ്പോൾ ഓരോരുത്തരുടെ ഇഷ്ടത്തിനനുസരിച്ചു കേസരി പൗഡർ കലക്കി ഒഴിച്ചു നിറംവരുത്തിയശേഷം വാങ്ങിവയ്ക്കുക. ആറുമ്പോൾ പൈനാപ്പിൾ എസ്സൻസ് ഒഴിച്ചു് ഇളക്കി കുപ്പിയിലാക്കുക.

പാത്രത്തിൻെറ കീലാവ് ഇറങ്ങാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

# നേട്ടങ്ങൾ

കെ. ഭാസ്ക്കരൻ പിള്ള

ഗോവിന്ദച്ചേട്ടൻ രാവിലത്തെ ചായകുടി കഴിഞ്ഞ് ഉമ്മറത്തേക്കു വന്നപ്പോൾ പടിപ്പുര കടന്ന് ഒരാൾ വരുന്നതു കണ്ടു. അയാൾ ആഗതനെ സൂക്ഷിച്ചുനോക്കി. ഓ, പാറുവമ്മയുടെ കാര്യസ്ഥനാണ്— നാണപ്പൻ. ഉടനെ ഗോവിന്ദച്ചേട്ടനു പുലർച്ചയ്ക്കെഴുന്നേററപ്പോൾ കണി കണ്ട തന്റെ ഇളയ കുഞ്ഞിനെക്കുറിച്ചു പെട്ടെന്ന് ഒരു മതിപ്പു തോന്നി. "അല്ലെങ്കിലും അവനൊരു ഭാഗ്യക്കുട്ട്യാ" ഗോവിന്ദച്ചേട്ടൻ പുഞ്ചിരിച്ചുകൊണ്ടു മനസ്സിൽ വിചാരിച്ചു.

അ്. എന്താ നാണപ്പാ—ഗോവിന്ദച്ചേട്ടൻ ആഗതനെ അർത്ഥ പുഞ്ചിരിയോടെ സ്വീകരിച്ചു.

"ഒന്നുല്ല്യ. ഒന്ന് അത്രോം വരെ വന്നേച്ചു പോവാൻ പറഞ്ഞു.

ഉം—എന്താ വിശേഷം.?

കാണാമ്പോണ പൂരം കേട്ടറിയണോ ചേട്ടാ. ഒന്നു പോയി നോക്കരുതോ.... നാണപ്പൻ ചിരിച്ചു.

"ഉം—ശരി, ഞാനിതാ വന്നേക്കാം. നമുക്കൊന്നിച്ചുതന്നെ പൊയ്ക്കളയാം. ഇരിക്കൂ നാണപ്പാ—ഗോവിന്ദച്ചേട്ടൻ ഒരു തടുക്ക് ഇട്ടുകൊടുത്ത് അകത്തേക്കു പോയി. നാണപ്പൻ അതിലിരുന്നു.

അകത്തു പോയി ഷർട്ടും മുണ്ടും മാററുന്നതിനിടയ്ക്കു ഗോവിന്ദച്ചേട്ടൻ വിചാരിച്ചു....ഇന്നത്തെ കണിഫലം വിചാരിച്ചമാതിരി നടക്കുമോ? ഉം, നടക്കാതിരിക്കുന്നതെങ്ങിനെ? പാറുവമ്മ കാര്യസ്ഥനെ തന്റെ അടുക്കലേക്കയച്ചതു പിന്നെന്തിനാ. കാര്യമില്ലാതെ വെറുതെ അയയ്ക്കില്ലല്ലോ ... ഉം, കണിഫലം........

എല്ലാം കഴിഞ്ഞു ഗോവിന്ദച്ചേട്ടൻ ഭാര്യയെ വിളിച്ചു. ദേവൂ.... ഭാര്യ വന്നു. പിന്നെ, പാറുവമ്മയുടെ കാര്യം അയാൾ അവളെ അറിയിച്ചു. ഒടുവിലായി ഭാര്യയുടെ എളിയിലുള്ള കുഞ്ഞിനെ വാരിയെടുത്തു° ഒരുമ്മവച്ചു. എന്നിട്ടു പറഞ്ഞു.... നോക്കെട്ടെടാ നെന്റെ കണിഫലം. ഒത്താ ഒരു പവന്റെ ചെയിൻ അച്ഛൻ കഴുത്തിലിട്ടുതരും.

പിന്നെ നാണപ്പനു ചായ സൽക്കരിച്ചു.

ഒടുവിൽ നാണപ്പനേയും കൂട്ടി ഗോവിന്ദച്ചേട്ടൻ പാറുവമ്മയുടെ വീട്ടിലേക്കു നടന്നു.

ആ പ്രദേശത്തെ എണ്ണപ്പെട്ട സ്വത്തുകാരിൽ ഒന്നാണു പാറുവമ്മയുടെ വിലാസം. ഭർത്താവില്ല, മരിച്ചിട്ടു കുറച്ചായി. മൂന്ന് ആൺമക്കളേയുള്ളു. പെൺമക്കളൊന്നുമില്ല. അതുകൊണ്ടുതന്നെ പാറുവമ്മയുടെ പേർ അവിടത്തുകാർക്കു മതിപ്പുള്ള ഒരു സംസാരവിഷയമാണ്. ഭാഗ്യവതിയാ, മൂന്നാൺമക്കളാ ഉള്ളത്!

ഭർത്താവു മരിക്കുമ്പോൾ മൂത്ത മകൻ അവിടത്തെ ഒരു സ്കൂളിൽ എട്ടിലായിരുന്നു. അവനെ സ്കൂൾ ഫൈനൽ വരെ പഠിപ്പിച്ചു കാണണമെന്ന ആഗ്രഹം ആ അച്ഛനുണ്ടായിരുന്നു. പക്ഷേ മരിച്ചുപോയി. അക്കൊല്ലാവസാനത്തെ പരീക്ഷയിൽ അവൻ പാസ്സായി. അപ്പോൾ പാറുവമ്മ പറഞ്ഞു....മതിയെടാ പഠിച്ചത്. അധികം പഠിച്ചാ ചീത്തയാ

മകൻ പറഞ്ഞു....അമ്മേ ഇക്കാലത്തു പഠിപ്പാ വല്യത്. അതുണ്ടെങ്കിലേ ഇന്നു ജീവിക്കാൻ പററൂ.

"പറയുന്നതു നീ കേക്കില്ലേ" പാറുവമ്മ ശബ്ദമുയർത്തി.

നമ്മളൊക്കെ എത്രവരെയാടാ പഠിച്ചത്. എന്നിട്ടും നമ്മളൊക്കെ ജീവിക്കുന്നില്ലേ, സുഖായിട്ട്. നിന്റെച്ഛൻ സ്കൂളു° കണ്ടിട്ടുണ്ടോ. എന്നിട്ടും ഇക്കണ്ടതൊക്കെ ഉണ്ടാക്കിയില്ലേ. പഠിച്ചിരുന്നെങ്കി ഇപ്പുള്ളതൊക്കെ ഉണ്ടാവൂന്ന് എന്താ തീർച്ച? നാലക്ഷരം വായിക്കാനും എഴുതാനും പഠിച്ചാഅതു മതി, കേട്ടോ. പിന്നൊക്കെ ചീത്തയാവാനാ, മനസ്സിലായോ ....

പാറുവമ്മ ഒരു പ്രസംഗത്തിനായിരുന്നു ഭാവം. പക്ഷേ, പറയുന്നതു നീ കേക്കില്ലേ എന്ന ആ ആദ്യത്തെ വാക്കുകളിൽത്തന്നെ ആ മകൻ തുടർന്നു പഠിക്കാനുള്ള വിചാരം വിട്ടുകഴിഞ്ഞിരുന്നു.

"എടാ! ഗോപാലാ, നീ അനുസരണമുള്ളോനാ...." ഒടുവിൽ പാറുവമ്മ മകന് ഇങ്ങനെ നല്ലൊരു സർട്ടിഫിക്കേററുകൊടുത്തു.

അപ്പോൾ ആ മൂത്ത മകന്റെ ഇളയതു് ആറിൽ പഠിക്കുകയായി

രുന്നു. അവന്റെ ഇളയതു് അഞ്ചിലും.

ഇന്നു ഗോപാലൻ തന്റെ അമ്മയുടെ നിർദ്ദേശപ്രകാരം ഉള്ള സ്വത്തെല്ലാം നോക്കി നടത്തുവാൻ ശ്രമിക്കുകയാണ്. തേങ്ങായിടീൽ നോക്കാനും, നെല്ലു വിത ശ്രദ്ധിക്കാനും ഒക്കെ ഇന്നു ഗോപാലൻ വളരെയധികം സമർത്ഥനാണ്.

അവന്റെ ഇളയതു് ഇന്നു് എട്ടിൽ പഠിക്കുന്നു. ഇതോടെ പഠിപ്പു നിറുത്തണമെന്നാണു പാറുവമ്മ പറയുന്നതു്. അവന്റെ ഇളയതു് ഏഴിലും. എട്ടു വരെ അവനെയും പഠിപ്പിക്കണമെന്ന ഉദ്ദേശം പാറുവമ്മയ്ക്കുണ്ടു്. കാരണം, മക്കളുടെ നേരെ പക്ഷഭേദം കാണിക്കരുതെന്ന വിശ്വാസമാവാം.

............

ആയിടെയായി ഗോവിന്ദച്ചേട്ടൻ പാറുവമ്മയുടെ വീട്ടിൽ ഒരു നിത്യ സന്ദർശകനായി കൂടിയിരുന്നു. അതുകൊണ്ടു് അവിടത്തെ ചില പ്രധാനപ്പെട്ട മനുഷ്യർ ഗോവിന്ദച്ചേട്ടനെ ആദരിച്ചു. കാരണം, ഗോവിന്ദച്ചേട്ടൻ ഒരുനല്ല മനുഷ്യനാണു്. അയാൾ ജീവിതത്തിന്റെ കണ്ണികൾ ചേർത്തുവിളക്കുന്ന ഒരു കലാകാരനാണ്. അർത്ഥം മനസ്സിലാകുന്നില്ലേ? വിസ്തരിച്ചു പറയാം.

ഗോവിന്ദച്ചേട്ടൻ പ്രായം തികഞ്ഞ വീട്ടിലിരിക്കുന്ന പെൺവീട്ടുകാർക്കു് ഒരനുഗ്രഹമാണ്. അയാളുടെ നേതൃത്വത്തിൽ അവിടെ പല വിവാഹങ്ങളും നടന്നിട്ടുണ്ടു്. പെണ്ണു കൊടുക്കാൻ തയ്യാറില്ലാതെ വിഷമിക്കുന്ന പല യുവാക്കന്മാർക്കും അയാൾ പെണ്ണു കെട്ടിച്ചുകൊടുത്തിട്ടുണ്ടു്, മറിച്ചും. മറിച്ചാണധികം.

ആദ്യം ഗോവിന്ദച്ചേട്ടനും ഒരവിവാഹിതനായിരുന്നു. മുപ്പതാം വയസ്സുവരെ അയാൾ അതു തുടരേണ്ടിവന്നു. പിന്നെപ്പിന്നെ അയാളെപ്പറ്റിയും അയാളിലുള്ള കലാകാരനെപ്പറ്റിയും അവിടത്തുകാർക്കിടയിൽ മതിപ്പുണ്ടായി. അതൊന്നിച്ചു് അയാളുടെ കയ്യിൽ കുറച്ചു കാശു കൂടുകയുംചെയ്തു. ഒടുവിൽ ഒരു പറമ്പും അതിലൊരു കൊച്ചു വീടും ഒരു പെണ്ണുംകൂടി അയാൾ മച്ചാട്ടെ തറവാട്ടിൽ നിന്നു സ്വീകരിച്ചു........ ഇതാണു ഗോവിന്ദച്ചേട്ടൻ

പക്ഷേ പാറുവമ്മയുടെ വീട്ടിൽ ഒരു നിത്യസന്ദർശകനായതല്ലാതെ കാര്യമായി യാതൊന്നും സംഭവിച്ചില്ല. ഗോവിന്ദച്ചേട്ടൻ എന്നിട്ടും പിൻവാങ്ങിയില്ല. അവിടെത്തന്നെ പലതും പറഞ്ഞുകൂടി, ശ്രമിച്ചു........എല്ലാം ഒടുവിൽ വിഫലമാവുകയാണുണ്ടായതു്. പാറുവമ്മ ഒടുവിൽ പറഞ്ഞതിങ്ങനെയാണ്— "ഗോവിന്ദച്ചേട്ടൻ വെറുതെ എന്തിനാ ഇങ്ങനെ ബുദ്ധിമുട്ടുന്നതു്. ഇപ്പൊ ഒന്നിനുംതിരക്കില്ല. ആവശ്യം വരുമ്പൊ വിളിക്കാം. പിന്നെ, എന്നും എന്തിനാ വന്നു്....!"

വേറൊരാളായിരുന്നെങ്കിൽ നേരെ വല്ല ആലിൻകൊമ്പിലോ കടലിലോ തീവണ്ടിപ്പാതയിലോ ചെന്നു് അഭയം തേടുമായിരുന്നു. പക്ഷെ, ഗോവിന്ദച്ചേട്ടൻ ഒന്നു പുഞ്ചിരിച്ചതേയുള്ളൂ. കാരണം, അസാധാരണമായ യാതൊരു വികാരഭേദത്തോടും കൂടിയായിരുന്നില്ല പാറുവമ്മ ഇതൊക്കെ പറഞ്ഞതു്.

ഗോവിന്ദച്ചേട്ടൻ അതേപുഞ്ചിരിയോടെ അവിടെനിന്നു യാത്രചോദിച്ചിറങ്ങി. പിന്നെ അങ്ങോട്ടുള്ള നിത്യപ്പതിവു നിറുത്തി.

ഇങ്ങനെയിരിക്കെയാണു് ഇപ്പോൾ ഗോവിന്ദച്ചേട്ടനെ പാറുവമ്മ ആളെ അയച്ചു ക്ഷണിക്കുന്നതു്. കാര്യമില്ലാതിരിക്കുമോ? ഗോവിന്ദച്ചേട്ടനു് അതിൽ സംശയമില്ല .. ....

ഗോവിന്ദച്ചേട്ടനും നാണപ്പനും ഒടുവിൽ പാറുവമ്മയുടെ വീട്ടിലെത്തി. ആദ്യമായി ഒരു തേയില സൽക്കാരമായിരുന്നു. അതു കഴിഞ്ഞു പാറുവമ്മ നേരെ വിഷയത്തിലേക്കു കടന്നു.

പിന്നേ, ഗോവിന്ദച്ചേട്ടാ, എനിക്കു ചില നിർബന്ധങ്ങളൊക്കെയുണ്ടു്. നല്ല തറവാടായിരിക്കണം, ചുരുങ്ങിയതു് 20 പവന്റെ പണ്ടങ്ങൾ വേണം. പിന്നെ രണ്ടായിരം ഉറുപ്പികയും. പെണ്ണു കാണാൻ കൊള്ളണം. വലിയ പഠിപ്പതിനെയൊന്നും വേണ്ടാ—

ഗോവിന്ദച്ചേട്ടൻ എല്ലാം മൂളി കേട്ടു. "ഓ അതിനെന്താ, ഇങ്ങോട്ടേക്കു് ആരു വേണമെങ്കിലും പെണ്ണു തരാൻ ഒരുക്കാ. എന്നും, പിന്നെന്താ!

ശരി, വേഗം വേണം കേട്ടോ പാറുവമ്മ പറഞ്ഞു.

ഒരാഴ്ച കഴിഞ്ഞു.

അന്നു ഗോവിന്ദച്ചേട്ടൻ വീണ്ടും പാറുവമ്മയുടെ വീട്ടിൽ വന്നു.

ഉം, ഈ ഗോവിന്ദച്ചേട്ടൻവിചാരിച്ചാ നടക്കാത്തതെന്താ. കൊറേയൊക്കെ നടന്നു വെഷമിച്ചു. എന്നാലും കാര്യം പറഞ്ഞപോലെ തന്നെ ഒന്നു ശരിപ്പെട്ടു....

ഗോവിന്ദച്ചേട്ടൻ മുഖവുര പ്രസ്താവിച്ചു.

"എന്താ, എവിടെയാ, പറയീ ഗോവിന്ദച്ചേട്ടാ....പാറുവമ്മ തിടുക്കംകൂട്ടി.

"നമ്മളെ മതിലേത്തെ തറവാട്ടിലെ ശങ്കരക്കുട്ടീന്റെ മൂത്ത മകളാ".... ഗോവിന്ദമേനോൻ പറഞ്ഞു.

എല്ലാം സമ്മതിച്ചോ?

ഉം, സമ്മതിക്കാതിരിക്കുമോ. ആരാ ചോദിക്കുന്നതു്? ആരാ അന്വേഷിക്കാൻ ചെന്നതു്? പിന്നെ

# എം. എം. മാണി മാളിയേക്കൽ

## സ്വർണ്ണ വ്യാപാരം

**കെ കെ. റോഡ്—കോട്ടയം**

**ഏററവും നവീന മാതൃകയിലുള്ളഎല്ലാത്തരം സ്വർണ്ണാഭരണങ്ങൾക്കും പ്രസിദ്ധിയാർജ്ജിച്ച ഏക സ്ഥാപനം.**

**കമ്പോള നിരക്കനുസരിച്ചുള്ള വിലക്ലിപ്തം. ഓർഡറുകൾ അനുസരിച്ച് കൃത്യസമയത്ത് ആഭരണങ്ങൾ നൽകപ്പെടും.**

## ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.


ക്കെ ഭാഗ്യോം, ജാതകപ്പൊരുത്തോം പോലിരിക്കും.

പാറുവമ്മ പത്തു രൂപയുടെ രണ്ടു നോട്ടെടുത്തു ഗോവിന്ദച്ചേട്ടനു കൊടുത്തു.

ഇപ്പോളിതിരിക്കട്ടെ ചേട്ടാ, ഇനി എല്ലാം ഭംഗിയായിക്കഴിഞ്ഞാ ബാക്കിയൊക്കെ, ദൈവം സഹായിച്ച് ഇതു നടക്കട്ടെ.

ഓ, അങ്ങനെയാവട്ടെ, കാര്യം നടക്കണമെന്നേ എനിക്കാശയുള്ളു.

ഗോവിന്ദച്ചേട്ടൻ പോയി.

അന്നു രാത്രി പാറുവമ്മ ഗോപാലനോടു പറഞ്ഞു—

എടാ നിനക്കൊരു കല്യാണം ആലോചിച്ചിട്ടുണ്ട്. നമ്മക്കതുവേഗം നടത്തണം, കേട്ടോ.

ഉം—ഗോപാലൻ സമ്മതിച്ചു.

പെണ്ണേതാണെന്നറിയാമോ? നമ്മടെ മതിലേലത്തെ ശങ്കരക്കുട്ടീന്റെ മൂത്ത മോളാ. ഇരുപതുപവന്റെ പണ്ടോം രണ്ടായിരം ഉറുപ്പീം തരാന്ന് അവര് പറഞ്ഞിട്ടുണ്ട്. മനസ്സിലായോ.

ആ്—

പിന്നെ, നമ്മളെ കുഞ്ഞിക്കുട്ടന്റെ പറമ്പു വിക്കാൻപോണെന്നു കേട്ടു. ഞാൻ അയാളോടു കുറച്ചു പണം കടം വാങ്ങീട്ടുണ്ട്. അതു് ഇപ്പം കൊടുക്കണംത്രേ. അതും ബാക്കി എന്താച്ചാ അതും കൊടുത്ത് ആ പറമ്പുംകൂടി നമ്മക്കു വാങ്ങണം. ഞാൻ ഒരു മാസത്തെ അവധി പറഞ്ഞിട്ടുണ്ട്. എന്താ—


ഉം—അമ്മ ഇഷ്ടംപോലെ ചെയ്തോളി— ഗോപാലൻ പറഞ്ഞു.

രണ്ടാഴ്ച കഴിഞ്ഞു.

ആ കല്യാണവും കഴിഞ്ഞു.

വധു വരന്റെ വീട്ടിലേക്കു വന്നു. ഗോപാലൻ അപ്പോഴാണു തന്റെ ജീവിതസഖിയെ നന്നായി ഒന്നു കണ്ടതു്. തരക്കേടില്ല—വെളുത്തിട്ടാണു്—

അന്നു രാത്രി കിടക്കാൻനേരത്തു മുറിയിലേക്കു കടക്കുമ്പോഴാണു ഗോപാലൻ അവളുടെ നടത്തത്തിൽ തെല്ലൊരു അപാകത കണ്ടതു്. ചോദിച്ചുനോക്കി. ചെറുപ്പത്തിൽ ഒരു വീഴ്ച പററിയതാണെന്നു മനസ്സിലായി. പാവം! ഗോപാലനു് അവളോടു് അലിവു തോന്നി. പിന്നെ ആ പാവപ്പെട്ട ഭാര്യയുടെ മുഖത്തേക്കു സഹതാപത്തോടെ ഉററു നോക്കി. ഒരു കണ്ണിനു തിളക്കം കുറവ്. ചോദിച്ചു നോക്കി. അതും ആ വീഴ്ചയിൽ പററിയ മാററമാണെന്നു് അറു



# ഒരു രാജ്യഭ്രഷ്ടയുടെ കത്തു്

**പ്രിയപ്പെട്ട അമ്മേ, അന്നു ഞാൻ ഹിന്ദുസ്ഥാനത്തിലെ റാണിയായിരുന്നു. ഇന്നു ഞാൻ രാജ്യഭ്രഷ്ടയായ ഒരു തടവുകാരിയാണു്. ഒരു തടവുകാരന്റെ ധർമ്മപത്നിയാണു്.**

ശിപായിലഹള എന്ന പേരിൽ അറിയപ്പെടുന്ന ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിനുശേഷം ബഹദൂർഷാ ദ്വിതീയനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും റംഗൂണിലേക്കു നാടു കടത്തി. റംഗൂണിൽ നിന്നു യുവരാജാവിന്റെ ധർമ്മപത്നി സ്വന്തം മാതാവിനു് അയച്ച എഴുത്താണു് ഇവിടെ ചേർക്കുന്നതു്.

നിർവ്വാസിത രാജകുമാരി കി ചിട്ടി എന്ന ഹിന്ദി ലേഖനത്തിന്റെ വിവർത്തനം. വിവ. സാഹിത്യവിശാരദ് പി. എസ്. ഭാസ്കരൻപിള്ള

പരിപാവനമായ മാതൃപാദങ്ങൾക്കു നമസ്കാരം. അവിടത്തെ മകളായ ഞാൻ ഇന്നു സ്വദേശത്തുനിന്നും അനേകായിരം കാതം ദൂരെയാണു്. എന്റെ വീട്ടുകാരെ ആരെയും ഇനി കാണാൻ നിവൃത്തിയില്ലാത്തവിധം ഞാൻ ദൂരയാക്കപ്പെട്ടിരിക്കുന്നു. "സായിസബീൽഷാ" അമ്മയുടെ എഴുത്തും കൊണ്ടു വന്നിരുന്നു. അദ്ദേഹം തിരുമേനി (ബഹദൂർഷാ)യുമായി

---

ൽ പറഞ്ഞു. ഗോപാലൻ വിദൂരതയിലേക്കു മിഴിച്ചുനോക്കി. കണ്ണുകൾ നിറഞ്ഞു.

0 0 0 0

പാറുവമ്മയുടെ സ്വത്തിൽ ഒരു പറമ്പുകൂടി വന്നുചേർന്നു.

ഗോവിന്ദച്ചേട്ടൻ ഒരു പവന്റെ ചെയിൻ തന്റെ വാഗ്ദാനപ്രകാരം ഇളയ മകനെ അണിയിക്കുകയും ചെയ്തു.

പിന്നെ, മറെറാന്നു ഭാഗ്യ ദേവുവിനും കിട്ടി.

---

സംസാരിച്ചു കൊണ്ടിരുന്നപ്പോൾ കരയുന്നതായി ഞാൻ കണ്ടു. പ്രിയപ്പെട്ട അമ്മേ, അന്നു ഞാൻ ഹിന്ദുസ്ഥാനത്തിലെ റാണിയായിരുന്നു. "സായിസബീൽഷാ" ഏഴു ഗോപുരങ്ങളേയും അവിടത്തെ കാവൽക്കാരെയും കടന്നാണു് അന്നു് എന്നെ സന്ദർശിച്ചിരുന്നതു്. ഇന്നു ഞാൻ സ്വരാജ്യഭ്രഷ്ടയായ ഒരു തടവുകാരിയാണു്. ഒരു തടവുകാരന്റെ ധർമ്മപത്നിയാണു്.

ചുവപ്പുകൽക്കോട്ടയോ സപ്തഗോപുരങ്ങളോ കാവൽക്കാരോ ഇവിടെ ഇല്ല. തടികൊണ്ടുള്ള ഒരു വീടു മഴ പെയ്താൽ നനയും. മൂന്നു നാലു മുറികൾ ഉണ്ടെന്നല്ലാതെ യാതൊരു സൗകര്യവും ഇല്ല. ഒരു മുറി തിരുമേനിയുടെയും ബീഗത്തിന്റെയും കിടക്കമുറിയാണു്. രണ്ടാമത്തേതിൽ ഞങ്ങൾ കിടക്കുന്നു. മൂന്നാമത്തെ മുറി വേലക്കാർക്കുള്ളതാണു്. നാലാമത്തേതിലിരുന്നാണു ഞങ്ങൾ ഊണു കഴിക്കുന്നതു്. ആളുകളെ സന്ദർശിക്കുന്നതിനുള്ള സൗകര്യവും അവിടെയാണു്. എനിക്കു് ഇവിടത്തെ കാററു പിടിക്കുന്നില്ല, മഴ ധാരാളമുണ്ടു്. കൊതുകിന്റെ ശല്യം ഭയങ്കരം. ഞങ്ങൾക്കു കൂടെക്കൂടെ പനി ഉണ്ടാകാറുണ്ടു്.

ഡൽഹിയുടെ നാശത്തെപ്പററി എഴുതിയിരിക്കുന്ന വിവരങ്ങൾ കുറെയൊക്കെ ഞങ്ങൾ കണ്ണുകൊണ്ടു കണ്ടതാണല്ലോ. ആക്കാ(വലിയ സഹോദരൻ)യെ തൂക്കിക്കൊന്ന വിവരം അറിഞ്ഞു ഹൃദയം പൊട്ടുന്നു. ശിപായിലഹളക്കാലത്തു് അദ്ദേഹം ബനാറീസിൽപോയിരിക്കയായിരുന്നു. അദ്ദേഹത്തെ ഏതു കുററത്തിനാണു തൂക്കിലിട്ടതെന്നു് എഴുതിയിട്ടില്ലല്ലോ. ഞാൻ 'സായീ' സാഹിബിനോടു ചോദിച്ചു. സെയിദ്ഹസ്സൻ അസ്കരിയെ തൂക്കിക്കൊന്നുകഴിഞ്ഞപ്പോൾ എന്റെ ആക്കായും അയാളുടെ പങ്കാളിയായിരുന്നു എന്നും ബഹദൂർഷാ ഇറാനിലേക്കയച്ച എഴുത്തിൽ അദ്ദേഹവും ഒപ്പിട്ടിട്ടുണ്ടെ

ന്നും ചില ദുർബ്ബുദ്ധികൾ പറഞ്ഞു പരത്തിയതാണു കാരണമെന്നദ്ദേഹം പറയുന്നു. ആക്കാ ബനാറീസിലേക്കു പോയതു് ഈ വസ്തുത മറയ്ക്കാനായിരുന്നെന്നാണു ജനങ്ങളുടെ പറച്ചിൽ എന്നും സായീസാഹിബ് പറയുന്നു. ഞങ്ങൾ സ്വദേശഭ്രഷ്ടരായി ഡൽഹിയോടു് അവസാനയാത്ര പറയുന്ന അവസരത്തിൽപ്പോലും അദ്ദേഹം ബനാറീസിൽനിന്നു തിരിച്ചിട്ടില്ലായിരുന്നു. അദ്ദേഹത്തിന്റെ മകൾ അദ്ദേഹത്തെ ഓർത്തു കരയുന്നു എന്ന വിവരം സയീഷാ പറയുന്നതു കേട്ടു് എന്റെ കരൾ പൊട്ടുന്നു. അവൾക്കു് ഇപ്പോൾ നാലു വയസ്സു കാണും. ആ സാധുവിന്റെ അച്ഛൻ എവിടെ പോയെന്നു് അവൾക്കെന്തറിയാം. അദ്ദേഹത്തിന്റെശവശരീരം വീട്ടിൽ കൊണ്ടുവന്നു കണ്ടപ്പോൾ "അച്ഛൻ നമ്മോടു പിണങ്ങിയാണു്, നോക്കു് അമ്മ, ഒന്നും സംസാരിക്കുന്നില്ല" എന്നു് ആ ഓമന സയീദ അമ്മയോടു പറഞ്ഞു എന്നുള്ള സീയാഷായുടെ വാക്കുകൾ എന്റെ ഹൃദയത്തെ അവശമാക്കുന്നു. സയീദായെ ഞാൻ നല്ലവണ്ണം ഓക്കുന്നു. പക്ഷേ അവളെവിടെ, ഞാനെവിടെ? അഥവാ എന്റെ മാതാപിതാക്കന്മാരെവിടെ? ഡൽഹി നഗരം എവിടെ? ഇനി അതുപ്പററി ചിന്തിക്കുന്നില്ല.

നമ്മുടെ മണിമാളികകൾക്കും ഗോപുരങ്ങൾക്കും കഷ്ടകാലം വന്നെത്തിയിരിക്കുന്നു. മഹാത്മാവായ ബാബർ നമ്മേക്കാൾ കഷ്ടത സഹിച്ചിരുന്നു എങ്കിലും അദ്ദേഹത്തിനു നമ്മോളം നിരാശനാകേണ്ടിവന്നില്ല. എന്തെന്നാൽ അദ്ദേഹം ചെല്ലുന്നിടത്തെല്ലാം വിജയകവാടം തുറന്നുകിട്ടിയിരുന്നു. അദ്ദേഹത്തിന്റെ കരാളകരവാളം അധൃഷ്യമായ ബലത്തെ ഉൾക്കൊ




ണ്ടിരുന്നു. ആഗ്രഹിക്കുന്ന സമയത്തു് ആയിരക്കണക്കിനാളുകൾ അദ്ദേഹത്തിനുവേണ്ടി ജീവൻ കളയാൻ ഒന്നിച്ചുകൂട്ടമായിരുന്നു. അദ്ദേഹത്തിന്റെ സകല വിഷമതകളും അങ്ങനെ ഒന്നോടെ നശിക്കുമായിരുന്നു. എന്നാൽ ഇന്നു ഒരൊററ വ്യക്തിപോലും നമ്മോടു സഹാനുഭൂതിയുള്ളവരായി കാണപ്പെടുന്നില്ല. ഏതെങ്കിലും ഒന്നു് ആഗ്രഹിച്ചായിരിക്കും ലോകർ സഹാനുഭൂതി പ്രദർശിപ്പിക്കുന്നതു്. നമ്മിൽ കാമ്യമായി എന്തു് അവശേഷിക്കുന്നു? നമ്മുടെ ഭരണകാലം കഴിഞ്ഞു എന്നു്—നമ്മുടെ ഭാഗ്യദീപം പൊലിഞ്ഞു എന്നു്—എല്ലാവർക്കും അറിയാം. ഇന്നു നമ്മേ സഹായിക്കാൻ ഉദ്ദേശിക്കുകയോ നമ്മോടു സഹാനുഭൂതി പ്രകടിപ്പിക്കുകയോ ചെയ്യുന്നവർക്കു തടവോ കൊലയോആയിരിക്കും പ്രതിഫലം. അവരെ സഹായിക്കത്തക്കതായി നമ്മുടെ പക്കൽ ഒന്നുമില്ലതാനും.

ഇവിടത്തെ ഭാഷയും മതവുംഎല്ലാം നമ്മുടേതിൽനിന്നു ഭിന്നമാണു്. ഞങ്ങൾ ആരാണെന്നോ എന്തിനായി ഞങ്ങളെ ഇവിടെ പാർപ്പിച്ചിരിക്കുന്നു എന്നോ ഇവിടുത്തുകാക്കു് ഒരറിവുമില്ല. പ്രിയ മാതാവേ, ഞങ്ങൾ തടവിലാണെങ്കിലും തടവിലല്ല, ഞങ്ങൾക്കു ജീവനുണ്ടെങ്കിലും ജീവനില്ലെന്നു വേണം പറയാൻ. സ്വന്തം നാട്ടിലോ വീട്ടിലോ പ്രവേശിക്കാൻ അനുവാദമില്ലാത്തതിനാൽ തടവിലാണെന്നു പറയാം. കൈയ്യാമമോ ചങ്ങലയോ ഇട്ടു ബന്ധിച്ചിട്ടില്ലാത്തതിനാൽ സ്വതന്ത്രരാണെന്നും പറയാം. ആഹാരാദികൾ കഴിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിനാൽ മാത്രം ജീവനുണ്ടെന്നു പറയാം. അമ്മേ,എന്റെ പ്രിയപ്പെട്ട അമ്മേ, ഞാൻ എഴുതിയാൽ എവിടെ അവസാനിക്കാനാണു്? സായീസബിൽഷായിൽനിന്നു സകല വിവരങ്ങളും അമ്മയ്ക്കു് അറിയാറാകും. എന്റെ ആക്കായുടെ അരുമസന്താനമായ സുൽത്താനാസയീദായെ അമ്മയുടെ മടിയിൽത്തന്നെ വച്ചു കളിപ്പിച്ചുകൊള്ളണേ. അമ്മ അവളെ എനിക്കുവേണ്ടി എന്നും ചുംബിക്കണമേ. അച്ഛനെ അമ്മ ഓക്കരുതു്. ഞങ്ങളെയും മറന്നേക്കണം. അദ്ദേഹം ശവകുടീരത്തിലാണു്. ഞങ്ങളും അങ്ങനെ തന്നെ എന്നു വിശ്വസിക്കുക. അദ്ദേഹത്തിന്റെ കബർ (ശവകുടീരം) സ്വദേശത്താണു്. ഞങ്ങളുടേതുപരദേശത്താണെന്നു മാത്രം വ്യത്യാസം. ഞങ്ങൾ ജീവിച്ചിരിക്കുമ്പോഴും മരിച്ചുകഴിഞ്ഞാലും ശവകുടീരത്തിൽത്തന്നെ.

പ്രിയ മാതാവേ, വന്ദനം— എന്നു അമ്മയുടെ അങ്കതലം നഷ്ടപ്പെട്ട ഭാഗ്യദോഷിയായ പുത്രി.

(ഒപ്പ്)

# തുല്യാവകാശത്തിനു വേണ്ടി സ്ത്രീകൾ പുകവലിക്കണമെന്നില്ല

(സുരേശ് രാമാഭായ്)

"ചരിത്രത്തിൽ ഇന്നോളം ശ്രീകൃഷ്ണഭഗവാനുശേഷം സ്ത്രീകൾക്കുവേണ്ടി മറ്റാരേക്കാളുമേറെ പ്രയത്നിച്ചിട്ടുള്ളതു് മഹാത്മാഗാന്ധിയാണ്", ഒരിക്കൽ ഒരു മികച്ച ഇന്ത്യൻ ചരിത്ര വിദ്യാർത്ഥി സ്ത്രീകളുടെ ഇടയിൽ മഹാത്മാഗാന്ധി ചെയ്ത വിപ്ലവാത്മക പ്രവൃത്തികളെ സ്തുതിച്ചതിപ്രകാരമായിരുന്നു. സഹകരണത്യാഗം ഉപ്പുസത്യഗ്രഹം, വിദേശച്ചരക്കു പിക്കറ്റിങ്ങ് മുതലായ പ്രസ്ഥാനങ്ങൾ നമ്മുടെ അമ്മമാരിലും സഹോദരിമാരിലും ഒരു പുതിയ ബോധം ഉണർത്തിവിടുകയും അവരെ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിലേക്കു കൊണ്ടുവരികയും ചെയ്തു. എങ്കിലും ഇന്ത്യൻ സ്ത്രീകൾ ഇന്നും അവരുടെ ശരിയായ സ്ഥാനം പ്രാപിച്ചിട്ടില്ലെന്നും രാഷ്ട്രീയ പുനർനിർമ്മാണത്തിൽ സ്വന്തം പങ്ക് നിർവഹിക്കുവാൻ അവർക്കു സാധിക്കണമെങ്കിൽ ഇനിയും പലതും ചെയ്യേണ്ടതുണ്ടെന്നും ആർക്കും നിഷേധിക്കാനാവില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കൊല്ലങ്ങളിൽ സ്ത്രീകൾ അടുക്കളയിലേക്കു മടങ്ങിവരുന്നതായിട്ടാണ് കണ്ടതു്. കാരണം നമ്മുടെ രാജ്യത്തു വളർന്നുവരുന്ന അധികാരരാജ്യതന്ത്രത്തിൽ അവർക്കു യാതൊരു താൽപ്പര്യവുമില്ല. പ്രകൃത്യാ നിർമ്മാണാത്മക പ്രവൃത്തികളിലാണ്, നശിപ്പിക്കുന്നതിലല്ല; അവർക്കു താല്പര്യം. ഭൂദാനയജ്ഞം ജനശക്തി കെട്ടിപ്പടുക്കുവാനുള്ളതാകയാൽ, സ്വാഭാവികമായി അവരെ ആകർഷിച്ചിരിക്കുന്നു. മാത്രമല്ല അതിന്റെ ഭൂതദയാത്മകമായ സ്വഭാവവും അവർക്കു പ്രിയംകരമായിരിക്കുന്നു. കാരണം അഹിംസയിൽ ഒരു സവിശേഷാഭിരുചി അവർക്കുണ്ടു്. ഏറ്റവും പ്രശസ്തങ്ങളായ ദാനങ്ങളിൽ പലതും സമ്പാദിച്ചതു് സ്ത്രീപ്രവർത്തകരാണെന്ന സംഗതി ശ്രദ്ധേയമാണ്. ഒന്നാമതു് ദാനം ചെയ്യപ്പെട്ട ഗ്രാമമായ മംഗ്റോത്തിലെ സ്ത്രീകളെപ്പറ്റി എടുത്തു പറഞ്ഞേ തീരൂ. തങ്ങളുടെ ഭർത്താക്കന്മാരെയും സഹോദരന്മാരെയും അതിനുവേണ്ടി പ്രേരിപ്പിക്കുന്നതിൽ അവർ സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ടു്.

അതിനാൽ ഭൂദാനപ്രസ്ഥാനത്തിൽ സ്ത്രീകളുടെ സംഖ്യ ക്രമേണ വർദ്ധിച്ചുവരികയാണ്. അവരിൽ പലരും ജീവൻദാനികളുമാണ്. ഈ ധീരമതികളിൽ പലരും പുരി സർവോദയ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ആചാര്യ വിനോബഭാവെ ഇവരുടെ ചോദ്യങ്ങൾക്കു് മറുപടിപറയാൻ വേണ്ടി ഒരു ദിവസം ഒരു മണിക്കൂർ അനുവദിച്ചു. അദ്ദേഹം സന്തുഷ്ടഭാവനായിരുന്നതുകൊണ്ടു് ചോദ്യം ചോദിക്കുന്നവർക്കതു പ്രചോദനമായി. അവരിൽ ഒരുവൾ ചോദിച്ചു. കസ്തൂർബാട്രസ്റ്റും മറ്റും നൽകിവരുന്ന ആറുമാസത്തെ പരിശീലനം പോരെ പുറത്തിറങ്ങി പണിയെടുക്കാനെന്നു്?

വിനോബ പറഞ്ഞു. "എനിക്കൊരു സ്നേഹിതനുണ്ടായിരുന്നു. അദ്ദേഹം എന്നോടു ചോദിച്ചു. തന്റെ പുത്രനു ഏതുതരം വധുവിനെയാണ് തിരഞ്ഞെടുക്കേണ്ടതെന്നു്. അവൾക്കു 3 ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നു ഞാൻ മറുപടി അയച്ചു. 1 കഠിനപ്രയത്നത്തിൽ സ്ഥിരത. 2 സ്വഭാവശുദ്ധി. 3 അക്ഷരജ്ഞാനവിഹീനത (സ്ത്രീകൾ ഇതുകേട്ടു അത്ഭുതപ്പെട്ടു ചിരിച്ചു) ആദ്യത്തെ രണ്ടുഗുണങ്ങൾ ഒഴിച്ചുകൂടാത്തവയാണെന്നും മൂന്നാമത്തെ ഗുണം ഇല്ലെങ്കിലും കഴിച്ചുകൂട്ടാമെന്നും ഞാൻ തുടർന്നെഴുതി. എന്റെ സ്നേഹിതൻ ഈ എഴുത്തു വായിച്ചു് ആശ്ചര്യഭരിതനായി. പക്ഷേ അദ്ദേഹത്തിന്റെ ഭാര്യ എന്നെ താങ്ങിക്കൊണ്ടു പറഞ്ഞു. ഇത്തരം ഒരു പെൺകുട്ടിയെ ഏതു വിദ്യ അഭ്യസിപ്പിക്കുവാനും പ്രയാസമില്ലെന്നു്. നേരെ മറിച്ചു് അല്പജ്ഞയാണെങ്കിൽ മനസ്സു നേർവഴിക്കു തിരിച്ചുകൊണ്ടു് പോകാൻ പ്രയാസമായിരിക്കും.

വിനോബ തുടർന്നു "പ്രധാന ജോലികൾ ചെയ്യാൻ നാം അക്ഷരജ്ഞാനമില്ലാത്ത സഹോദരിമാരെ തിരഞ്ഞെടുത്തു അവർക്കു രണ്ടോ മൂന്നോ കൊല്ലത്തെ ട്രെയിനിംഗ് കൊടുക്കണം. മട്രിക്കുലേ

ഷൻ പാസായവരെക്കൊണ്ടും മറ്റും വലിയ പ്രയോജനമൊന്നുമില്ല. സ്വഭാവശുദ്ധിയും സ്ഥിരതയുമാണ് പ്രധാനം. ക്ഷമയോടുകൂടിയ പരിശ്രമം കൊണ്ടും പരിചയംകൊണ്ടും മറ്റൊക്കെ സമ്പാദിക്കാവുന്നതാണ്.,,

"രണ്ടുകൊല്ലം മറ്റെല്ലാം ഉപേക്ഷിച്ചു ഭൂദാനപ്രവൃത്തി ചെയ്യണമെന്നു അങ്ങ് പറയുന്നു. ഞങ്ങളിൽ പലർക്കും ചെറിയ കുട്ടികളുണ്ട്. ഞങ്ങളെന്താണു ചെയ്യുക.?,,

"ഒരുകാലത്തു് ഞാനും ഒരു കുട്ടിയായിരുന്നു. അമ്മ എന്നെ ഉപേക്ഷിച്ചു പോയെങ്കിൽ എന്തു സംഭവിക്കുമായിരുന്നെന്ന്. ഞാൻ ആശ്ചര്യപ്പെടാറുണ്ട്. കുട്ടികളെവളർത്തിക്കൊണ്ടുവരുന്നതോടൊന്നിച്ചുതന്നെ അവരിൽ സർവോദയ വിചാരം ഉളവാക്കുവാനും അമ്മമാർക്കു സാധിക്കുന്നതാണ്.

"സ്ത്രീകൾ മുന്നോട്ടുവന്നാൽ അവരുടെ ധാർമ്മിക പ്രശസ്തി വർദ്ധിക്കും. നമ്മുടെ രാജ്യത്തു് ധർമ്മ സംരക്ഷണത്തിനു പുരുഷന്മാരേക്കാൾ ഉപകരിച്ചിട്ടുള്ളതു് സ്ത്രീകളാണ്. ഇന്നവർ തുല്യാവകാശത്തെപ്പറ്റി പറയുന്നുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ തുല്യാവകാശത്തിനു സ്ത്രീ പുരുഷന്മാരെപ്പോലെ പുകവലിക്കണമെന്നർത്ഥമില്ല. പുരുഷന്മാരെപ്പോലെ അധപ്പതിക്കുവാനുള്ള അവകാശം നിങ്ങൾക്കുണ്ടു്. പക്ഷെ നിങ്ങളുടെ കടമ ഉയരുകയാണ്. ഇന്നു അഭ്യസ്തവിദ്യരുടെ കുടുംബങ്ങളിൽ സ്വധർമ്മം അനുഷ്ഠിക്കണമെന്ന വിചാരം ആർക്കുമില്ല. ഭാര്യാഭർത്താക്കന്മാരും പരസ്പരം സ്നേഹിക്കുന്നില്ല. അതുകൊണ്ടാണ് വാലിയക്കാരെ ഏർപ്പെടുത്തേണ്ടിവരുന്നതു്. ഇവരാകട്ടെ കൂടുതൽ കൂടുതൽ ശമ്പളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങിനെ എന്നും ഒരു വടംവലി നടക്കുകയാണ്. വാലിയക്കാരൻ എന്തു കൊടുക്കുന്നുവോ അതു ഭാര്യയും ഭർത്താവും കഴിച്ചുകൊള്ളണം. അങ്ങിനെയല്ലേ?

ശരിയാണ് ജാനകീഭായ് പറഞ്ഞു. അടുത്ത ചോദ്യം ഭൂദാനത്തിൽ അവരെങ്ങിനെയാണ് പ്രവർത്തിക്കേണ്ടതെന്നായിരുന്നു.

"ചെയ്യാവുന്നതായി പലതുമുണ്ടു്" വിനോബ പറഞ്ഞു "സംപൂർണ്ണദാനം കിട്ടിയ ഗ്രാമങ്ങളിൽ താമസിച്ച് കസ്തൂർബാകേന്ദ്രങ്ങളും നയിതാലിം കേന്ദ്രങ്ങളും നടത്തുക ആറിലൊന്നുഭൂമിദാനംചെയ്തിട്ടുള്ള ഗ്രാമങ്ങളിലേയ്ക്കുംപോകാവുന്നതാണ്"

"ഭൂദാനം കഴിഞ്ഞാലോ?"

"ഭൂദാനമല്ല ലക്ഷ്യം. അതൊരു പ്രാരംഭം മാത്രമാണ്. വിവാഹം പോലെത്തന്നെ. ലോകം മുഴുവൻ ആരംഭിക്കുന്നതു അതിനു ശേഷമാണെന്നു പറയാം. ഭൂമിവിതരണം ചെയ്യണം, വിത്തു, കാള, മുതലായവ ഉണ്ടാക്കിക്കൊടുക്കണം വിദ്യാഭ്യാസം നൽകണം ശുചീകരണ സൌകര്യങ്ങൾ വികസിപ്പിക്കണം ഗ്രാമരാജ്യം സ്ഥാപിക്കണം, നിങ്ങൾ ജീവൻദാനത്തെപ്പറ്റി കേട്ടിരിക്കും. ഭൂദാനമൂലകവും ഗ്രാമോദ്യോഗപ്രധാനവുമായ അഹിംസാത്മക വിപ്ളവത്തിന്നു വേണ്ടിയുള്ളതാണ് അതു്. അതൊരു തനി വിപ്ളവമാണ്"

ഒരു മാന്യ വൃദ്ധ ചോദിച്ചു. സാമാന്യമായി നിങ്ങൾ ഞങ്ങളിൽനിന്നെന്താണ് പ്രതീക്ഷിക്കുന്നതു്?"

വിനോബ സസന്തോഷം മറുപടിപറഞ്ഞു. "ഞാൻ വളരെയധികം പ്രതീക്ഷിക്കുന്നുണ്ടു്, പുരുഷന്മാരിന്നു കുതിരകളെപ്പോലെ ഓടുകയാണ്. നിങ്ങൾ അവരുടെ കടിഞ്ഞാൺ പിടിക്കണം. അതായതു് സ്ത്രീകൾ അകത്തും പുരുഷന്മാർ പുറത്തും പണിയെടുക്കുന്നു. ഇതിൽ തെറ്റൊന്നുമില്ല. പക്ഷെ പുരുഷന്മാർ വീട്ടിൽ പണിയെടുക്കണം. പുറത്തുപണിയെടുക്കാനുള്ള സൌകര്യം സ്ത്രീകൾക്കും ലഭിക്കണം. പുരുഷന്മാർ പുറത്തുപണിയെടുക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല, അവർക്കു വേണ്ടതുപോലെ ചെയ്യാൻ കഴിയുമെങ്കിൽ. പക്ഷെ സ്വന്തം ചുമതലകൾ ഉചിതമായി നിർവഹിക്കുവാൻ അവനിന്നു പ്രാപ്തനല്ല അല്ലെങ്കിൽ, 20കൊല്ലം കൂടുമ്പോൾ നമുക്കു യുദ്ധങ്ങൾ നേരിടേണ്ടി വരുന്നതെന്തുകൊണ്ടാണ്. പുരുഷന്മാർ പ്രവർത്തിക്കുന്ന രീതി അശാന്തികരങ്ങളായി തീർന്നിരിക്കുന്നുവെന്നു സ്പഷ്ടമാണ്. അതുകൊണ്ടു് സ്ത്രീകൾ ചാരിത്രവതികളും നിഗ്രഹവതികളും ബുദ്ധിശാലിനികളുമായിത്തീർന്നു് പുരുഷൻ അബദ്ധമാർഗ്ഗം കൈക്കൊള്ളുന്നതു തടയണം. ശരിയായ മാർഗ്ഗത്തിൽനിന്നു പിഴച്ചുപോകാതിരിക്കുവാൻ തക്കവണ്ണം സ്ത്രീ പുരുഷനെ നിയന്ത്രിക്കണം.

ഇതിനുള്ള എന്റെ പദ്ധതി 12 വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം സ്ത്രീകളെ ഏല്പിക്കണമെന്നാണ്. എന്നാൽ സമുദായം അവരുടെ പിടിയിലാകും. പക്ഷെ പാശ്ചാത്യരാജ്യങ്ങളിൽ അദ്ധ്യാപികമാരുണ്ടു്. എന്നിട്ടും അവിടെ യുദ്ധമുണ്ടാകുന്നു. കാരണം അവിടെ സ്ത്രീകൾ പുരുഷന്മാരെ അനുകരിക്കുകയാണ്. തങ്ങൾക്കും സ്വന്തമായി സ്ത്രീസൈന്യം വേണമെന്നു അവർ വാദിക്കുന്നു. ഇതു വറക്കുന്ന ചട്ടിയിൽനിന്നു തീയ്യിലേക്കു വീഴുന്നതുപോലെയാണു്. പുറത്തെ ജോലി ശരിയായ മാർഗ്ഗത്തിൽ പോകത്തക്കവണ്ണം പുരുഷന്മാർ അതിനെ നിയന്ത്രിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെ വന്നാൽ ലോകത്തെ ഇന്നത്തെ ദുരവസ്ഥയിൽ നിന്നു രക്ഷിക്കുവാൻ അവർക്കുസാധിക്കും.

# കുടുംബസമ്പദ്രഹസ്യങ്ങൾ

**ചാറും ചോറും ചുട്ട പർപ്പടവും കൊണ്ടു് ഒരു അരോഗസമുദായത്തെ സൃഷ്ടിക്കാനാവില്ല. കുടുംബാംഗങ്ങളുടെആരോഗ്യമാണു് സാക്ഷാൽ മിച്ചം**

(കെ. ദേവകി എം. ഏ. ബി. ററി.)

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ദൗഹിത്രിയാണു് ഈ ലേഖനത്തിന്റെ കർത്രി.

ഒരു രാജ്യത്തിന്റെ വരവുമാർഗ്ഗങ്ങളെ കണക്കാക്കി, ചെലവുകൾ അതിനനുസരിച്ചു് ക്രമീകരണംചെയ്യുക അഥവാ ബഡ്ജററു ബാലൻസ് ചെയ്യുക ധനകാര്യമന്ത്രിയുടെചുമതലയാണു്. കടലാസുകളിൽ അക്കങ്ങളെക്കൊണ്ടു് കൂട്ടിയും കുറച്ചും സമീകരിച്ചു കഴിഞ്ഞാൽ പിന്നീടുള്ള ഭാരവാഹിത്വങ്ങൾ എക്സിക്യൂട്ടീവിന്റെ തലയിലാണു് പെടുക. ഒരു ഗൃഹനായികയാവട്ടെ ഗൃഹത്തിലെ ധനകാര്യമന്ത്രി മാത്രമല്ല, ഭക്ഷ്യകാര്യമന്ത്രിയുംആരോഗ്യകാര്യമന്ത്രിയും ഗൃഹകാര്യമന്ത്രിയുമാണു്. ഗൃഹമാകുന്ന ഭരണകൂടത്തിന്റെ മിക്കവാറും എല്ലാ വകുപ്പുകളും ഒരേ സമയത്തു് അവളുടെ അധികാരത്തിലും ചുമതലയിലുമാണു് വന്നുചേരുന്നതു്. അത്രയുമല്ല, അവൾക്കു വീടിനു പുറത്തുപോയി വരവുമാർഗ്ഗം തേടുകയും കൂടി വേണമെന്ന അവസ്ഥ വന്നുചേർന്നാൽ കുടുംബത്തിന്റെ ബഡ്ജററു ബാലൻസിങ്ങു് അത്രമാത്രം വിഷമമേറിയതാവുകതന്നെ ചെയ്യും. അക്കങ്ങളെക്കൊണ്ടു് കടലാസ്സിൽ "ചെപ്പടിവിദ്യ" കാണിക്കുകയാണു് ധനകാര്യമന്ത്രിയുടെ ചുമതലയെങ്കിൽ, കാലണയും കാൽപൈസയുംകൊണ്ടുള്ള ചെപ്പടിവിദ്യ കാണിച്ചു ഫലിപ്പിക്കയാണു് ഗൃഹനായികയ്ക്കുള്ളകനത്തകടപ്പാടു്.

വരവു ഒരുറുപ്പികയും ചെലവു് 15 ണ 11 പൈസയും ആയാൽ ഫലം മിച്ചവും സമ്പാദ്യവുമാണെന്നും, വരവു് ഒരുറുപ്പികയും ചെലവു് ഒരുറുപ്പിക ഒരു പൈയും ആയാൽ ഫലം കമ്മിയും കടവും ആണെന്നും പണ്ടേക്കു പണ്ടേ നാം കേട്ടു ശീലിച്ചിട്ടുണ്ടു്. ഈ വാക്സാമർത്ഥ്യം കൊണ്ടൊന്നും വയറു നിറയുകയുമില്ല. ചെലവു കുറയുകയുമില്ല. ഇരുമ്പു ചട്ടയിൽ ഇട്ടുറപ്പിച്ച ഒരേ ഒരാദായമാർഗ്ഗവും, എങ്ങുമെങ്ങും ഒത്തിണങ്ങാത്ത വമ്പിച്ച ജീവിതപ്രശ്നങ്ങളും നമ്മുടെ മുമ്പിൽ തുറിച്ചങ്ങനെ നിൽക്കുമ്പോൾ കുടുംബ ബഡ്ജററു് ഏതു തരത്തിലാണു് നാം "ബാലൻസ്" ചെയ്യുക? പണക്കാരനായാലും ദരിദ്രനായാലും എല്ലാവർക്കുമുണ്ടു് മൗലികങ്ങളായി ചില ആവശ്യങ്ങൾ. ആവശ്യങ്ങളിൽ മുൻഗണന ഏതിനു്, പിൻഗണന ഏതിനു് എന്നു് മനസ്സിരുത്തി ഗ്രഹിച്ചു് ദൃഢമായി നിശ്ചയിക്കുന്നതിലാണു് വിവേകമിരിക്കുന്നതു്. ചിലർക്കുള്ള ആവശ്യങ്ങൾ മററു ചിലർക്കു് അത്യാവശ്യമായേക്കാം. ഇനിയും ചിലർക്കു് അനാവശ്യവുമായേക്കാം. പക്ഷെ ഒന്നു തീർച്ചയാണു്—ഭക്ഷണവും വസ്ത്രവും പാർപ്പിടവും എല്ലാവർക്കും ഒരുപോലെ അത്യന്താപേക്ഷിതങ്ങളാണെന്നു്. ഓരോ കുടുംബവും ഏതേതു തോതിലാണു് ഈ ഇനങ്ങളിൽ ചെലവിടേണ്ടതെന്നു് ചോദിച്ചാൽ അവിടെയും ഒരു ഐകരൂപ്യം വരുത്തുക ഇന്നത്തെ സാമ്പത്തിക വ്യവസ്ഥയിൽ വിഷമംതന്നെ. കുടുംബങ്ങളുടെ വരവുചെലവു ക്രമീകരണത്തിൽ വലിയ വരുമാനമുള്ളവരുടെയും വരുമാനം കാര്യമായിട്ടൊന്നുംതന്നെ ഇല്ലാത്തവരുടെയും വിഷയത്തിൽ നാം ഇവിടെ വിചിന്തനം ചെയ്തിട്ടു് പ്രയോജനമില്ല. എന്തെന്നുവച്ചാൽ വലിയ വരുമാനമുള്ളവർക്കു് വേണ്ടുവോളം ചെലവിടാനുണ്ടു്. അതുകൊണ്ടു് നാമതു ക്രമീകരിച്ചിട്ടു പ്രയോജനമില്ല. വരുമാനമില്ലാത്തവരുടെ ചെലവു ക്രമീകരിച്ചിട്ടു് അർത്ഥവുമില്ല. സമുദായത്തിൽ ഏറിയ ഭാഗവും ശ്രമജീവികളാണുള്ളതു്. അതുകൊണ്ടു് 100 ക. മാത്രം വരുമാനമുള്ള—കെട്ടിയിരിപ്പായി ബാങ്കിൽ ഒന്നും ഇല്ലാത്ത ഒരു സാധാരണക്കാരന്റെ കുടുംബബഡ്ജററു് ഏതു രീതിയിൽ ക്രമീകരിക്കാമെന്നു് നോക്കുന്നതായിരിക്കും പ്രയോജനകരം.

തീർച്ചയായും ഭക്ഷണമാണു് നമ്മുടെ ഒന്നാമത്തെ പ്രശ്നം.

അച്ഛനും അമ്മയും നാലഞ്ചു കുട്ടികളുമടങ്ങിയ ഒരു കുടുംബത്തിന്റെ ഭക്ഷണച്ചെലവ് 60 ശതമാനത്തിൽ ഒട്ടും ഏറിപ്പോവുക വയ്യ. ഭക്ഷണം വീട്ടിൽനിന്ന് കഴിച്ചാലും പുറമേനിന്നു വേണ്ടിവന്നാലും ഭൃത്യജനങ്ങളെ ഉൾക്കൊള്ളിച്ചാലും ഇല്ലെങ്കിലും ഈ പരിമിതിയിൽ നിർത്തുകതന്നെ വേണം. ആഹാരവിഷയത്തിലുള്ള എല്ലാ ചെലവുകളും വരവിൽ പത്തു ശതമാനം പാർപ്പിടത്തിനും പത്തുശതമാനം വസ്ത്രത്തിനും ശേഷിച്ച ഇരുപതിൽ കുട്ടികളുടെ വിദ്യാഭ്യാസം, വിനോദം അടിയന്തിരമായി വന്നേക്കാവുന്ന അപ്രതീക്ഷിതമായ ചെലവുകൾ എന്നിവസ്സും വകയിരുത്താം. ഈ വിഭജനം സാമാന്യമായ ഒരു തോതിലാണ്. കൃത്യം ഈ തോതിൽനിന്ന് നീക്കപോക്കില്ലാതെ ചെലവിടാൻ ഒരു കുടുംബത്തിനും സാധ്യമല്ലെന്നുംകൂടി ഓർക്കണം.

പട്ടിണി അടക്കാൻ ഭക്ഷിക്കുക, വയറുനിറയെ ഭക്ഷിക്കുക. ആരോഗ്യത്തിനുവേണ്ടി ഭക്ഷിക്കുക. ഇതു മൂന്നും മൂന്നു കാര്യമാണ് ഇന്ന്. ഇത് മൂന്നും ഒന്നിച്ച് സാധ്യമല്ലേ എന്നു ചോദിച്ചാൽ സാധ്യമാണെന്നു പറയാൻ ധൈര്യമുണ്ട്. സമുദായത്തിലെ സമ്പദ്‌വ്യവസ്ഥയേക്കാൾ ഏറെ മാറേണ്ടതു് ഭക്ഷണസമ്പ്രദായമാണ്. മലയാളിയുടെ പാചകകല രസനേന്ദ്രിയത്തിന്റെ ഭോഗേച്ഛ തികച്ചും തൃപ്തിപ്പെടുത്തുന്നുണ്ട്. പക്ഷെ നമ്മുടെ ആരോഗ്യശാസ്ത്രതത്വങ്ങളുടെയും പാചകയോഗങ്ങളുടെയും മൂല്യങ്ങൾക്കു വ്യത്യാസം വന്നുകഴിഞ്ഞിരിക്കുന്നു. തീയിൽ വെന്തു നശിച്ചുപോകുന്ന ജീവകങ്ങളുടെയും പച്ചയ്ക്കോ പകുതി വേവിച്ചോ കഴിച്ചാൽ ഉൾക്കൊള്ളുന്ന ജീവകങ്ങളുടെയും കാര്യം മാത്രം ഓർമ്മിച്ചാൽ, ഇതു് വ്യക്തമാകും. കുടുംബബഡ്ജറ്റുകൾ ബാലൻസ് ചെയ്യാൻ കുടുംബിനികളെ പഠിപ്പിക്കുന്നതോടൊപ്പം ഇന്നത്തെ ആരോഗ്യശാസ്ത്രഗ്രന്ഥങ്ങളും പാചകയോഗഗ്രന്ഥങ്ങളും ഗൃഹഭരണതന്ത്രങ്ങളും ഒന്നു തിരുത്തി പഠിപ്പിക്കേണ്ടിയിരിക്കുന്നു.

മിതവ്യയമെന്ന വലിയ പേരിന്റെ മറവിൽ, ത്യാഗമെന്ന മഹത്തായ ഭാവനയുടെ മുദ്രകൊത്തി, ഗൃഹഭരണപാടവത്തിന് ഇന്നു കീർത്തിക്കപ്പെട്ടുവരുന്ന ഗൃഹനായികമാർ യുക്തിയുക്തമായ നവീനതത്വങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങളെ ഗ്രഹിക്കുന്ന അവരുടെ മക്കളുടെ ദൃഷ്ടിയിൽ കൊലപാതകികളായിത്തീരുന്ന കഥ അറിയുന്നേയില്ല. വിവരമില്ലായ്മകൊണ്ടു അബദ്ധങ്ങൾ വരുത്തുമ്പോൾ അതു് ക്ഷന്തവ്യമാകാം. നിത്യം അങ്ങാടിനിലവാരം അറിഞ്ഞു് കുടുംബത്തിലെ ചെലവു് നിയന്ത്രിക്കുക എന്ന ശീലം ഏതാണ്ടൊരു കിറുക്ക് (Fad) ആയിത്തീർന്നിരിക്കുന്ന ചില തറവാട്ടമ്മമാർ അവരുടെ ആ ഗൃഹഭരണനൈപുണ്യത്തിന്റെ ദൂരവ്യാപകമായ ദുരന്തഫലങ്ങൾ കണ്ടറിയാൻ കൂട്ടാക്കുന്നില്ല. "കിഴക്കേതിലെ കുട്ടികൾക്കു് ഒരു കോപ്പ ചായയും രണ്ടുനേരവും വെളുക്കെ കുത്തിയ അരിയുടെ കഞ്ഞിയും ഓരോ പപ്പടവും ഇത്തിരി മുളകുസമ്മന്തിയും കിട്ടിയാൽ പരമാനന്ദമാണ്. മിണ്ടാതെ കഞ്ഞി കുടിച്ച് പഠിക്കാൻ ഓടിക്കൊള്ളും. "വടക്കേതിലെകുട്ടികൾക്ക് എന്നും വേണമത്രെ പഴവും ചീരയും. അവർക്ക് ചുമന്ന തവിട്ട് കളയാത്ത അരി തന്നെ വേണമെന്ന് ശാഠ്യമാണ്. ഒരു നേരമേ കഞ്ഞി കുടിക്കുകയുള്ളൂ. രാത്രിയിൽ ലഘുഭക്ഷണമാണത്രെ!" കുടുംബിനിമാരെ താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പൊതുപരാമർശം ഇതാണ്. കിഴക്കേതിൽക്കാർ അവരുടെ നിലവിട്ട് ചെലവിടാത്തവരാണ്. വടക്കേതിൽക്കാരോ ഭക്ഷണത്തിൽ ശാഠ്യക്കാരും. ഒരു എട്ടുപത്തുകൊല്ലത്തിനകം കിഴക്കേതിൽ വന്നു കുടിയേറുന്ന മഹാരോഗങ്ങളും അത്യാഹിതങ്ങളും മറ്റും മുജ്ജന്മകർമ്മദോഷങ്ങളായി വ്യാഖ്യാനിക്കപ്പെടും. ലോകം അവരുടെനേർക്ക് സഹതാപം കാണിക്കയും ചെയ്യും. വടക്കേതിൽക്കാർ ഡോക്ടറെ വിളിക്കാതെയും മരുന്നിനു ചെലവിടാതെയും കഴിഞ്ഞുകൂടിയാൽ "കിഴങ്ങും പഴവും തവിടും തിന്ന് പച്ചവെള്ളവും കുടിച്ച് പട്ടിണി അടക്കി പണം സമ്പാദിക്കുന്ന പിശുക്കന്മാ"രെന്നു പറയപ്പെടും. വടക്കേതിലെ ഗൃഹനായിക തന്റേടത്തോടെയും കാര്യക്ഷമതയോടെയും തന്റെബഡ്ജറ്റിൽ ഭക്ഷണത്തിനുള്ള തുക വിവേകപൂർവം ചെലവാക്കി എന്ന് ആരും സർട്ടിഫിക്കറ്റ് തരില്ല. കിഴക്കേതിലെ ഗൃഹനായികയുടെ പപ്പടവും ചട്നിയും മാത്രം കൊടുത്തു് മക്കളെ ഊട്ടിപ്പോററിയ ത്യാഗശീലത്തിനും മിതവ്യയത്തിനും കിട്ടും പ്രശംസ. വീട്ടിൽ പ്രവർത്തിക്കു നിർത്തുന്ന ഭൃത്യജനങ്ങളെ കഞ്ഞിവെള്ളവും കൂട്ടാൻപാത്രത്തിലെ "കഴിച്ചുബാക്കി"യും മാത്രം കൊടുത്തു് പുലർത്തുന്ന വീട്ടമ്മമാർക്ക് പകതീരിവുണ്ടത്രെ! വീട്ടുകാർ കഴിക്കുന്ന പോഷകാംശമടങ്ങിയ ഭക്ഷണത്തിന്റെ പങ്കുതന്നെ കൊടുത്തു് ഭൃത്യജനത്തെ മനുഷ്യപ്പററോടെ സംരക്ഷിക്കുന്ന കുടുംബിനിയുടെ "നിലവിട്ട ദയാദാക്ഷിണ്യം" സമുദായത്തിന്റെ ദൃഷ്ടിയിൽ പരിഹാസജനകമാണുപോലും. പച്ചക്കറികൾക്കും ഇലക്കറികൾക്കും പ

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

# ആര്യവൈദ്യശാല

ഹെഡ്ആഫീസ്:— കോട്ടയ്ക്കൽ, തെക്കേ മലബാർ.

ബ്രാഞ്ചുകൾ:— കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോഡ്

ഇവിടെ പരിചയം സിദ്ധിച്ചവിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദ വിധി പ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചിൽ, ഞവരക്കിഴി, മുതലായ പ്രത്യേക ചികിത്സകൾ പ്രധാന വൈദ്യന്റെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽ വച്ചു നടത്തുന്നതാണു്.
സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിൽസയ്ക്കും ഇവിടെ ഏർപ്പാടുണ്ടു്. അധികവിവരങ്ങൾക്കു ഹെഡാഫീസിലേക്കു എഴുതിച്ചോദിക്കുക. ഔഷധപ്പട്ടിക സൗജന്യം.

**മാനേജർ.**

ഴവർഗ്ഗങ്ങൾക്കും പാലിനും ഭക്ഷണക്രമത്തിൽ പ്രാധാന്യം കൊടുത്തും മുളകിനും കടുകിനും പുളിക്കും കാപ്പി ചായയ്ക്കും പ്രാധാന്യം കുറച്ചുംകൊണ്ടുള്ള ഭക്ഷണസമ്പ്രദായവും, ആരോഗ്യശാസ്ത്രത്തിലെ പുതിയ തത്വത്തെ മറക്കാതെയുള്ള പാചകരീതിയും കൈക്കൊണ്ടു് കുടുംബത്തെ പരിപാലിക്കുന്ന ഗൃഹനായികമാർ നല്ലധനകാര്യമന്ത്രിമാരാണു്, ഭക്ഷ്യകാര്യമന്ത്രിമാരാണു്.

വസ്ത്രത്തിന്റെ വകുപ്പിൽ സ്ത്രീജനങ്ങളുടെ ഇന്നത്തെ അപവ്യയം ഭീകരമെന്നേ പറയേണ്ടൂ. ദുരഭിമാനത്തിനു വശംവദരായി, പൊള്ളയായ പരിഷ്ക്കാരത്തെ ഭ്രമിച്ചു്, വസ്ത്രധാരണത്തിന്റെ പ്രഥമികോദ്ദേശത്തെ വിസ്മരിച്ചു്, ഉടുത്തെന്നു പേരു വരുത്താൻ വേണ്ടി ഉടുത്തുവരുന്ന വസ്ത്രങ്ങൾക്കായി ദുർവ്യയം ചെയ്യുന്ന ധനം ദുർവ്യയം മാത്രമല്ല, അപവ്യയവും, അതിവ്യയവും, അന്യായവ്യയവും കൂടിയാണു്. ഒരു ജനതയുടെ സംസ്ക്കാരം അവരുടെ നിനോണം [sic] ഷിഫോണും സാരികളിലല്ല പ്രതിഫലിക്കുന്നതെന്നു നാം ഓർക്കുന്നില്ല. വകയില്ലെങ്കിലുംകൂടി കുടുംബത്തിലെ പുരുഷാംഗങ്ങളുടെ ആവശ്യങ്ങളെ മാററിനിർത്തിയും മററുമാണു് പെൺകുട്ടികളുടെ വസ്ത്രാഡംബരങ്ങൾക്കും ആഭരണങ്ങൾക്കും മിക്ക ഗൃഹനായികമാരും ഇന്നു ചെലവിരുത്തിവരുന്നതു്. തറവാടിന്റെയും ജാതിയുടെയും മാനവും ആരോഗ്യവുമാണു് ഈ പരിഷ്ക്കാരേച്ഛയ്ക്കു പണയപ്പെടുത്തുന്നതെന്നു വിസ്മരിക്കപ്പെടുന്നതു് എത്ര കഷ്ടം!

ഭക്ഷണത്തിലും വസ്ത്രത്തിലും ബുദ്ധിപൂർവമായ രീതിയിൽ ചെലവുചെയ്യാൻ ശീലിക്കുന്ന കുടുംബിനിക്കു് മററിനങ്ങളിൽ ചെലവു നിയന്ത്രിക്കാൻ താനെ കഴിവുണ്ടാകും.

ചാറും ചോറും ചുട്ട പപ്പടവും കൊണ്ടു് ഒരു ആരോഗ്യസമുദായത്തെ സൃഷ്ടിക്കാനാവില്ല. ഉള്ള വരവിനെ ബുദ്ധിപൂർവം വിനിയോഗിച്ചാൽ, അനാവശ്യങ്ങളേയും ആഡംബരങ്ങളേയും ദുരഭിമാനത്തേയും ദൂരീകരിച്ചാൽ കുടുംബബഡ്ജററിന്റെ സമീകരണം ഔചിത്യപൂർവം നിർവഹിക്കാം. കുടുംബത്തിന്റെ സമ്പത്തു് അതിലെ ഗൃഹനായികയുടെ ബാങ്കിലെ മിച്ചമുതലല്ല. കുടുംബത്തിലെ അംഗങ്ങളുടെ ആരോഗ്യത്തിലും ആരോഗ്യപരമായ മനോഭാവത്തിൽ ശ്രമജീവിതത്തിനുള്ള ശക്തിയിലും ആണു് നിക്ഷിപ്തമായിരിക്കുന്നതു്.

(A. I. R.)

## 1001 രാവുകൾ- തയ്യൽക്കാരന്റെ കഥ(തുടർച്ച)

# ബഗദാദ്കാരനും ഖാസിയുടെമകളും

(എല്ലാവരും പ്രാർത്ഥിക്കുവാൻപോകുന്ന അവസരം നോക്കി ഖാസിയുടെഗൃഹത്തിൽ പ്രവേശിച്ചു് അദ്ദേഹത്തിന്റെ മകളെ കാണുവാൻ ബഗദാദുകാരനായ യുവാവുവട്ടം കൂട്ടി: ഖാസിയുടെ മകൾ തന്നെക്കാണുവാൻ ആഗ്രഹിക്കുന്നുവെന്നു് അറിഞ്ഞതിൽ യുവാവു് ആഹ്ലാദഭരിതനായിരുന്നു. എന്നാൽ അങ്ങോട്ടു പുറപ്പെടുന്നതിനുമുമ്പു് തല മുണ്ഡനം ചെയ്യണമെന്നു് വൃദ്ധയായ സ്ത്രീ നിർബന്ധിച്ചതനുസരിച്ചു് യുവാവു് ക്ഷുരകനെ വരുത്തി തല ക്ഷൗരം ചെയ്യുവാൻ പറഞ്ഞു. പക്ഷേ ക്ഷൗരം ചെയ്യുന്നതിനു പകരം നക്ഷത്രഫലങ്ങളെപ്പറ്റി ക്ഷുരകൻസുദീർഘമായി പ്രസംഗിച്ചു തുടങ്ങി. സംഭാഷണംനിർത്തി തലക്ഷൗരം ചെയ്യുവാൻ യുവാവു്നിർബന്ധിച്ചു. അന്നേ ദിവസം ഒന്നും ചെയ്യരുതെന്നു് ക്ഷുരകൻഗുണദോഷിച്ചു.) **കഴിഞ്ഞലക്കത്തിലെ(തുടർച്ച)**

ഞാൻ പറഞ്ഞു:—അല്ലാഹുവിന്റെ നാമത്തിൽ! ശരിയായ ജ്യോതിശ്ശാസ്ത്രത്തിൽ നിന്നെക്കാൾ വിദഗ്ദ്ധനായ ഒരാളെ ഞാൻ ഇതേവരെ കണ്ടിട്ടില്ല. പക്ഷേ വ്യർത്ഥമായ സംഭാഷണം നിനക്കു് ക്രമാധികമാണെന്നു് എനിക്കു തോന്നുന്നു. അങ്ങനെ ഞാൻ അറിയുകയും ചെയ്യുന്നു. തല ക്ഷൗരം ചെയ്യുവാനാണു നിന്നെ ഞാൻ വിളിച്ചതു്. എന്നാൽ നീ ഇവിടെ വന്നു് ദുഃഖകരമായ വ്യർത്ഥസംഭാഷണത്താൽ എന്നെ ശല്യപ്പെടുത്തുന്നു."

ക്ഷുരകൻ:—"അങ്ങേയ്ക്കു ഇനിഎന്താണുവേണ്ടതു്? ജ്യോതിശാസ്ത്രത്തിലും, ജാലവിദ്യയിലും രസതന്ത്രത്തിലും വാക്യശാസ്ത്രത്തിലും വ്യാകരണത്തിലു , പദശാസ്ത്രത്തിലുംതർക്കശാസ്ത്രത്തിലും, ശബ്ദശാസ്ത്രത്തിലും പ്രഭാഷണത്തിലും ഗണിതത്തിലും,കണക്കിലും, അൽജിബ്രായിലും, അസ്ട്രോമാൻസിയിലും ജിയോമെററിയിലും വേദശാസ്ത്രത്തിലും അപ്പോസ്തോലന്റെ പാരമ്പര്യത്തിലും ഖുറാന്റെ വ്യാഖ്യാനങ്ങളിലും വിദഗ്ദ്ധനായ ഒരു ക്ഷുരകനെ ദൈവം അങ്ങേയ്ക്കു അനുഗ്രഹിച്ചു തന്നിരിക്കുന്നു. മാത്രമല്ല, ഞാൻ നിരവധി ഗ്രന്ഥങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടു്. ലോകകാര്യങ്ങളിൽ പരിചയം നേടുകയും അവ പൂർണ്ണമായി ഗ്രഹിക്കയുംചെയ്തിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ എല്ലാ കലകളിലും ശാസ്ത്രങ്ങളിലുമുള്ള തത്വവും പ്രായോഗികജ്ഞാനവും ഞാൻ നേടിയിട്ടുണ്ടു്. അവയെപ്പററിയുള്ളതെല്ലാം എനിക്കു് മനഃപാഠമാണു്; വിജ്ഞേയമായതെല്ലാം പഠിക്കുന്നതിൽ ഞാൻ അതിസമർത്ഥനാണു്. എന്റെ സേവനസന്നദ്ധതനിമിത്തം അങ്ങയുടെ പിതാവു് എന്നെ സ്നേഹിച്ചിരുന്നു. അതിനാൽ അങ്ങയെ സേഹിക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം മതപരമായ ഒരു കർത്തവ്യമാണു്. അങ്ങു വിചാരിക്കുന്നതുപോലെ ഞാൻ ജോലിത്തിരക്കുള്ള ഒരാളല്ല. ഇക്കാരണത്താൽ മൗനി എന്നും മര്യാദക്കാരൻ എന്നും ഉള്ള പേരിൽ ഞാൻ അറിയപ്പെടുന്നു. അതിനാൽ എന്നോടു ദേഷ്യപ്പെടുകയല്ല, സർവ്വശക്തനായ അല്ലാഹുവിനോടു് കൃതജ്ഞത പ്രകാശിപ്പിക്കയാണു് അവിടുന്നു ചെയ്യേണ്ടതു്. അങ്ങു് എന്നോടു നീതി പ്രവർത്തിക്കുവാൻ തക്കവണ്ണം ഒരു വർഷം മുഴുവൻ അങ്ങയെ സേവിക്കുവാൻ എനിക്കു് അവസരം ലഭിച്ചിരുന്നെങ്കിൽ! അതിനൊന്നും ഞാൻ പ്രതിഫലം ചോദിക്കയുമില്ല".

അവന്റെ വാഗ്പ്രവാഹം കേട്ടപ്പോൾ ഞാൻ പറഞ്ഞു.—"തീർച്ചയായും നീ ഇന്നു് എനിക്കൊരു മരണം തന്നെയാണു്" ഞാൻ ഇങ്ങനെ തുടർന്നു. —"വേഗം! ഈ സംസാരവും അധികപ്രസംഗ

വും നിർത്തുക. കാരണം, എന്റെ ചില സുഹൃത്തുക്കളുടെ വീട്ടിൽ ഒരു വിരുന്നിനു് പോകേണ്ടിയിരിക്കുന്നു".

വിരുന്നിനേപ്പററി ഞാൻ സംസാരിക്കുന്നതു കേട്ടപ്പോൾ അവൻ ഇങ്ങനെ പറഞ്ഞു.— "അങ്ങയുടെ ഈ ദിവസം എനിക്കു് ഒരു അനുഗ്രഹീതദിവസമാണു്. ഞാൻ കുറെ സുഹൃത്തുക്കളെ വിരുന്നിനു ക്ഷണിച്ചതു് ഇന്നലെയാണു്. അവർക്കു കഴിക്കുവാൻ എന്തെങ്കിലും ഏർപ്പാടു ചെയ്യാൻ ഞാൻ മറന്നു പോയി. ഈ നിമിഷത്തിൽ ഞാൻ അതിനേപ്പററി ഓർക്കുകയായിരുന്നു. കഷ്ടം! ഞാൻ അവരുടെ ദൃഷ്ടിയിൽ എത്രമാത്രം അവമാനിതനാകും!"

ഞാൻ ഇങ്ങനെ പ്രതിവചിച്ചു:—

"ഇതിനേപ്പററി ഖേദിക്കേണ്ട. ഇന്നു് ഒരു വിനോദത്തിനു് ഞാൻ ക്ഷണിക്കപ്പെട്ടിരിക്കയാണു്. അതിനാൽ എന്റെ വീട്ടിലുള്ള ഭക്ഷ്യവും പാനീയവുമായതെല്ലാം നിനക്കു് ഇരിക്കട്ടെ. നീ നിന്റെ ജോലിചെയ്യുകയും എന്റെ തല വേഗത്തിൽ മുണ്ഡനം ചെയ്യുകയും ചെയ്താൽ മതി"

അവന്റെ മറുപടി ഇതായിരുന്നു.

"അല്ലാഹു അങ്ങേയ്ക്കു നന്മ വരുത്തട്ടെ. എന്റെ അതിഥികൾക്കു നൽകുവാൻ തക്കവണ്ണം അങ്ങയുടെ വീട്ടിലുള്ളതെന്താണെന്നു് ഞാൻ അറിഞ്ഞിരിക്കാൻ വേണ്ടി പറഞ്ഞാലും".

ഞാൻ—"അഞ്ചുപാത്രം മാംസവും, പത്തുകോഴിയും പൊരിച്ച ഒരു ആട്ടും".

ക്ഷൗരകൻ—"ഞാൻ കാണുന്നതിനായിട്ടു് അവ എന്റെ മുമ്പിൽ നിരത്തിവയ്ക്കുക".

അപ്പോൾ ഞാൻ എന്റെ ആളുകളെ വിളിച്ചു് ഇവ വിലക്കു വാങ്ങുകയോ, കടം വാങ്ങുകയോ, മോഷ്ടിച്ചെടുക്കുകയോ ചെയ്യുവാൻ പറയുകയും അവ അവന്റെ മുമ്പിൽ നിരത്തി വയ്പ്പിക്കയും ചെയ്തു. അവൻ അതു കണ്ടപ്പോൾ "വീഞ്ഞില്ലല്ലൊ"എന്നു പറഞ്ഞു. "പഴയ മുന്തിരിച്ചാറു നിറച്ച രണ്ടു ഭരണികൾ എനിക്കുണ്ടു്" എന്നായിരുന്നു എന്റെ മറുപടി.

ക്ഷൗരകൻ—"അതിവിടെകൊണ്ടു വരണം". അതു കൊണ്ടുവരുവാൻ ഞാൻ ആളയച്ചു. അപ്പോൾഅവൻ"അല്ലാഹു നിനക്കു് ഒരു നല്ല നില വരുത്തട്ടെ! പക്ഷെ എസൻസും, സുഗന്ധദ്രവ്യങ്ങളും ഇനിയും വേണ്ടിയിരിക്കുന്നല്ലോ എന്നുപറഞ്ഞു. നദ്ദ് (Nadd)നിറച്ച ഒരു പെട്ടിയും, ഏററവും നല്ല സുഗന്ധദ്രവ്യങ്ങളും മേന്മയേറിയ അകിൽ–കററവാഴ–അംബർ കലർപ്പില്ലാത്ത കസ്തൂരി എന്നിവ മൊത്തം അമ്പതുദിനാർ വിലയുള്ളതു് അവന്റെ മുമ്പിൽ നിരത്തി വയ്ക്കുവാൻ ഞാൻ എന്റെ ആളുകളെ ഏർപ്പാടു ചെയ്തു.

ഇപ്പോൾ സമയം വിഷമകരമായ രീതിയിൽ കഴിഞ്ഞു. അതോടൊപ്പം എന്റെ ഹൃദയവും വിഷമിച്ചു. അതിനാൽ ഞാൻ പറഞ്ഞു. "ഇതെല്ലാം നീ എടുത്തുകൊള്ളുക. മുഹമ്മദു് നബി(അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ) യുടെ ജീവനെയോർത്തു് എന്റെ തലയുടെ ക്ഷൌരം പൂർത്തിയാക്കുക".

ക്ഷൗരകൻ—അല്ലാഹുവിന്റെ നാമത്തിൽ! അതിനകത്തുള്ളതെല്ലാം കാണാതെ ഞാൻ അതു് എടുക്കുകയില്ല. അപ്പോൾ വേലക്കാരനോടു പെട്ടിതുറക്കുവാൻ ഞാൻ പറഞ്ഞു. എന്റെ തലയുടെക്ഷൗരം പൂർത്തിയാക്കാതെ ക്ഷൗരകൻ ഗണിതസാമഗ്രികൾ താഴത്തു വച്ചു് നിലത്തിരുന്നു് തൈലങ്ങളും സുഗന്ധദ്രവ്യങ്ങളും അകിൽമരവും എസൻസും എല്ലാം തിരിച്ചും മറിച്ചും നോക്കികൊണ്ടിരുന്നു. ഞാൻ നല്ലപോലെ വിഷമിച്ചു പോയി. പിന്നീടു് അവൻ കത്തിയെടുത്തു എന്റെ അടുക്കൽ വന്നു് കുറെ തലമുടി ക്ഷൌരം ചെയ്തശേഷം താഴെപ്പറയുന്ന വരികൾ വീണ്ടും വീണ്ടും ചൊല്ലികൊണ്ടിരുന്നു.

അച്ഛനെപ്പോലെ പുത്രനും
തെളിയിക്കും നിസ്സംശയം
തരുവിൻവേരിൽ നിന്നു തൈ
വളരുംപോലെവേ സ്വയം

പിന്നീടു് അവൻ ഇങ്ങനെ പറഞ്ഞു:–

"അല്ലാഹുവിന്റെ നാമത്തിൽ! എന്റെ മോനേ, അങ്ങയോടാണോ അങ്ങയുടെ പിതാവിനോടാണോ ഞാൻ കൂടുതൽ നന്ദിയുള്ളവനായിരിക്കേണ്ടതെന്നു് എനിക്കറിവില്ല. അങ്ങയുടെ ഉദാരശീലവും കരുണയും നിമിത്തമാണു് ഇന്നു് എനിക്കു് സന്തുഷ്ടി ലഭിച്ചതു്. എന്റെ കൂട്ടുകാർ ഇതിനു് യോഗ്യതയുള്ളവരല്ല. എങ്കിലും എനിക്കു് മാന്യന്മാരായ കുറേ പേരുണ്ടു്. ഞങ്ങളുടെ കൂട്ടത്തിൽ അങ്ങയെ ചേർക്കുവാൻ എന്റെ ഹൃദയം ഉറപ്പിച്ചു കഴിഞ്ഞു. എങ്കിലും അങ്ങു് അങ്ങയുടെ സ്നേഹിതന്മാരുടെ അടുക്കൽപോവുകയാണെങ്കിൽ, അങ്ങു് എന്നെ ബഹുമാനിച്ചു് അരുളിയ ഈ നല്ല സാധനങ്ങൾ ഞാൻ കൊണ്ടുപോയി എന്റെ അതിഥികൾക്കു നൽകുകയും, എനിക്കുവേണ്ടി കാത്തിരിക്കാതെ ഭക്ഷിച്ചു പാനം ചെയ്യുവാൻ അവരെ അവിടെ വിട്ടേച്ചുപോരുകയും, ഞാൻ വേഗം മടങ്ങിവന്നു് അങ്ങയുടെ ചെറിയ പാർട്ടിയിലേക്കു് അങ്ങയെ സഹഗമിക്കയും ചെയ്യുന്നതാണു്; കാരണം എന്റെ സുഹൃത്തുക്കളെ അവിടെ

തനിച്ച് ഇരുത്തിയിട്ട് പോരുന്നതിനെ തടയുന്നതരത്തിലുള്ള ഔപചാരികത്വം ഞങ്ങൾ തമ്മിലില്ല. ശങ്കിക്കേണ്ടതില്ല; ഞാൻ പെട്ടെന്നു മടങ്ങിവന്ന് അങ്ങ് എവിടെയെല്ലാം പോകുന്നുവോ അവിടെയെല്ലാം സഹഗമിക്കാം. വലിയവനും മഹത്വമുള്ളവനുമായ അല്ലാഹുവിലല്ലാതെ ഒരു ശക്തിയും ഒരു ആധിപത്യവും ഇല്ല”.

ഞാൻ അട്ടഹസിച്ചു:—“നിന്റെ സ്നേഹിതന്മാരുടെ അടുക്കലേക്കു നീ പോകുക; അവരോടു കൂടി ആഹ്ലാദിക്കുക: എന്റെ സ്നേഹിതന്മാരുടെ അടുത്തു പോകുവാനും അവരോടു കൂടെയിരിക്കുവാനും എന്നെ അനുവദിക്കയും ചെയ്യുക. അവർ എന്നെ പ്രതീക്ഷിച്ചിരിക്കയാണ്”.

ബാർബർ:—“അങ്ങ് തനിയേ പോകുവാൻ ഞാൻ അനുവദിക്കയില്ല”.

ഞാൻ മറുപടി പറഞ്ഞു:—“ഞാൻ പോകുന്നിടത്ത് ഞാനല്ലാതെ മറ്റാർക്കും പ്രവേശിക്കാൻ സാധ്യമല്ലെന്നുള്ളതാണ് പരമാർത്ഥം”.

ബാർബർ:—“ഇന്ന് ഏതോ സ്ത്രീയെ കാണുവാൻ അങ്ങ് നിശ്ചയിച്ചിട്ടുണ്ടെന്ന് ഞാൻ സംശയിക്കുന്നു. അല്ലെങ്കിൽ അങ്ങ് എന്നെ കൂടെ കൊണ്ടുപോകുമായിരുന്നു. എങ്കിലും ഞാൻ തന്നെയാണ് അങ്ങയുടെ കൂടെ വരുവാൻ പറ്റിയ ആൾ. അങ്ങയുടെ അഭിലാഷത്തിന്റെ പൂർത്തികരണം വരെ അങ്ങയെ സഹായിക്കുവാൻ എനിക്കു സാധിക്കും. അങ്ങ് അന്യസ്ത്രീകളുടെ പിന്നാലെ പോകുകയാണെന്നും അങ്ങയുടെ ജീവൻ നഷ്ടപ്പെടുമെന്നും ഞാൻ ശങ്കിക്കുന്നു. നമ്മുടെ ഈ നഗരമാകുന്ന ബഗദാദിൽ പ്രത്യേകിച്ച് വെള്ളിയാഴ്ച പോലെയൊരു ദിവസത്തിൽ ആർക്കും ഈ രീതിയിലുള്ളതൊന്നും ചെയ്യാൻ സാധ്യമല്ല. നമ്മുടെ ഗവർണർ കോപിഷ്ഠനാണ്; ഖഡ്ഗായുധത്തിൽ സുശക്തനുമാണ്”.

ഞാൻ പറഞ്ഞു:—നിനക്ക് അയ്യോ കഷ്ടം! വൃദ്ധനും ദുഷ്ടനുമായ മനുഷ്യാ പോക്രു: നീ എന്താണീപ്പറയുന്നത്.

ബാർബർ:— “സത്യമല്ലാത്തതാണ് അങ്ങ് എന്നോടു പറയുന്നത്. എന്നിൽ നിന്ന് അങ്ങയുടെ മനസ്സ് മറച്ചുവയ്ക്കുന്നു. പക്ഷേ, ഈ ഏർപ്പാടു മുഴുവൻ എനിക്കറിയാം. എന്റെ ഉത്തമമായ പരിശ്രമത്താൽ അങ്ങയെ സഹായിക്കുവാൻ എന്നെ അനുവദിക്കുക”.

എന്റെ ആളുകളോ എന്റെ അയൽക്കാരോ ക്ഷുരകന്റെ ഈ വാക്കുകൾ കേൾക്കുമെന്നുള്ള ഭയത്താൽ ഞാൻ വളരെനേരം—എന്റെ തലക്ഷൗരം ചെയ്തു തീരുന്നതുവരെ—ഒന്നും മിണ്ടിയില്ല. അപ്പോഴേക്കു നമസ്കാരത്തിന്റെ സമയമായി; ഖുദ്ബാ അല്ലെങ്കിൽ മതപ്രസംഗം തുടങ്ങുവാൻ പോകയാണ്. അവന്റെ ജോലികഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു:—“നീ നിന്റെ സ്നേഹിതന്മാരുടെ അടുത്ത് അവർക്കുള്ള ഭക്ഷണവും പാനീയവും എടുത്തു കൊണ്ടുപോവുക. നീ വരുന്നതുവരെ ഞാൻ കാത്തിരിക്കാം. എന്നിട്ട് നമുക്ക് ഒരുമിച്ചു പോകാം”.

ഇളകിയജലപ്പരപ്പിൽ അങ്ങനെ എണ്ണയൊഴിച്ച് ആശ്വസിക്കാമെന്നും, ശപിക്കപ്പെട്ട ഈ നീചനെ ഇങ്ങനെ കളിപ്പിക്കാമെന്നും, ഭാഗ്യവശാൽ ഇവനെ ഒഴിവാക്കാമെന്നും ഞാൻ ആശിച്ചു. പക്ഷേ, അവൻ പറയുകയാണ് “അങ്ങ് എന്നെ വഞ്ചിക്കയാണ്. അങ്ങ് തനിയേ നിശ്ചിത സ്ഥലത്തേക്ക് പോകും തന്നത്താൻ അപകടത്തിൽ ചാടുകയും ചെയ്യും. ആ അപകടത്തിൽ നിന്നു ഒരു രക്ഷയുമുണ്ടാകയില്ല. ഇപ്പോൾ അല്ലാഹുവിന്റെ നാമത്തിൽ! വീണ്ടും അല്ലാഹുവിന്റെ നാമത്തിൽ! ഞാൻ അങ്ങയുടെ കൂടെ വരുന്നതിനും, അങ്ങയുടെ പരിശ്രമഫലം അറിയുന്നതിനും വേണ്ടി, ഞാൻ വരുന്നതുവരെ അങ്ങ് പോകരുതേ”.

ഞാൻ:—“അങ്ങനെതന്നെ. അധികം താമസിക്കരുത്”. അതിനുശേഷം ഞാൻ കൊടുത്തഭക്ഷണവും പാനീയവും വഹിച്ചുകൊണ്ട് അവൻ എന്റെ വീട്ടിൽ നിന്നു പോയി. പക്ഷേ, ശപിക്കപ്പെട്ട ആ നീചൻ ഒരു ചുമട്ടുകാരന്റെ കൈവശം അവ കൊടുത്തയച്ച ശേഷം അവിടെ മറഞ്ഞിരുന്നു.

ഞാൻ ഉടൻതന്നെ എഴുന്നേറ്റു. വെള്ളിയാഴ്ചത്തെ സലാം—അപ്പോസ്തോലനോടുള്ള അഭിവാദനം—മുല്ലാമാർ ചൊല്ലിക്കഴിഞ്ഞു. ഞാൻ വസ്ത്രം പെട്ടെന്ന് ധരിച്ച് ഏകനായി പുറത്തേക്കു പോയി. ഞാൻ വേഗത്തിൽ ആ തെരുവിൽ ചെന്ന്, കുമാരിയെ കണ്ട വീടിനു സമീപം ചെന്നു നിന്നു. അവിടെ എന്നെ പ്രതീക്ഷിച്ച് വൃദ്ധയായ ആ സ്ത്രീ കാവൽ നില്ക്കുന്നുണ്ടായിരുന്നു. ഞാൻ ആ വൃദ്ധസ്ത്രീയോടു കൂടി മുകളിലത്തെ തട്ടിലേക്ക്—കുമാരിയുടെ മുറിയിലേക്ക്—പോയി. ഞാൻ അവിടെ ചെന്ന മാത്രയിൽ, ഗൃഹനാഥൻ ഗൃഹത്തിൽ പ്രവേശിച്ച് വാതിലടച്ചു: ഞാൻ ജാലകത്തിൽ കൂടി പുറത്തേക്കു നോക്കിയപ്പോൾ ബാർബറെ കണ്ടു (അല്ലാഹുവിന്റെ ശാപം അവന്റെ മേൽ ഉണ്ടായിരിക്കട്ടെ) അവൻ വാതിലിനു നേരെ ഇരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു:—“ഈ പിശാച് എന്നെ എങ്ങനെ കണ്ടുപിടിച്ചു?”.

ഈ നിമിഷത്തിൽ എന്റെ രഹസ്യം ഭേദിക്കപ്പെടുവാൻ അല്ലാഹു

വിധിച്ചതോ എന്നു തോന്നുമാറു്, അവിടത്തെ വേലക്കാരിയെ ഏതോ കുററത്തിനു വീട്ടുടമസ്ഥൻ പ്രഹരിച്ചു; അവൾ വാവിട്ടു കരഞ്ഞു. അയാളുടെ ഒരടിമ അവൾക്കു വേണ്ടി മദ്ധ്യസ്ഥത പറയാൻ ചെന്നു; ഖാസി അവനെയും ചവട്ടി പ്രഹരിച്ചു; അടിമയും ഉച്ചത്തിൽ നിലവിളിച്ചു, എന്നെയാണു് പ്രഹരിക്കുന്നതെന്നു് ആ ശപിക്കപ്പെട്ട ക്ഷൗരകൻ ധരിച്ചു. അവൻ അട്ടഹസിക്കയും, വസ്ത്രം വലിച്ചു കീറുകയും, തലയിൽ പൂഴി വിതറിയിടുകയും,ം വാവിട്ടു കരയുകയും ചെയ്തു.

' ഓടിവരുവിൻ ഓടിവരുവിൻ" എന്നവൻ നിലവിളിച്ചു. അതു കേട്ടു് തടിച്ചുകൂടിയ ജനങ്ങളോടു അവൻ ഇങ്ങനെ പറഞ്ഞു. "ഈ ഖാസിയുടെ വീട്ടിൽ എന്റെ യജമാനൻ വധിക്കപ്പെടുകയാണു്".

പിന്നീട്ടു് അവൻ എന്റെ സ്ഥലത്തേക്കു് ഒരു വലിയ ജനക്കൂട്ടത്താൽ അനുഗതനായി ഓടിപ്പോയി എന്റെ ജനങ്ങളേയും വേലക്കാരെയും അടിമകളെയും വിവരം അറിയിച്ചു. എന്താണു് സംഭവിച്ചതെന്നു് ഞാൻ അറിയുന്നതിനുമുമ്പ്, വസ്ത്രം വലിച്ചുകീറുകയും തലമുടിക്കെട്ടു് അഴിച്ചിടുകയും ഞങ്ങളുടെ യജമാനനു് കഷ്ടം എന്നു് അട്ടഹസിക്കയും ചെയ്തുകൊണ്ടു് അവർ വന്നുചേർന്നു. കീറിയ വസ്ത്രം ധരിച്ചു് പരിതാപകരമായ അവസ്ഥയിൽ ക്ഷൗരകൻ ആ ജനക്കൂട്ടത്തെ നയിച്ചു. അവൻ ഒരു ഭ്രാന്തനെപ്പോലെ ഇങ്ങനെ വിളിച്ചുപറഞ്ഞു—"അയ്യോ കഷ്ടം നമ്മുടെ വധിക്കപ്പെട്ട യജമാനൻ".

ഞാൻ പ്രവേശിച്ച കെട്ടിടത്തിന്റെ നേരെ അവരെല്ലാവരും കൂടി ഒരു അക്രമണം നടത്തി. പടിവാതിൽക്കൽ കരച്ചിലും ബഹളവും കേട്ടു് ഖാസി ഒരു വേലക്കാരനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു. "എന്താണു് കാര്യമെന്നു് അന്വേഷിക്കുക". വേലക്കാരൻ പോയി അന്വേഷിച്ചു് ഇപ്രകാരം അറിച്ചു. ' ഞങ്ങളുടെ മരിച്ചുപോയ യജമാനൻ അയ്യോ കഷ്ടം എന്നു നിലവിളിക്കുന്ന പതിനായിരം പേർ സ്ത്രീകളും പുരുഷന്മാരും ഗേററിങ്കൽ ഉണ്ടു്. നമ്മുടെ വീടിന്റെ നേരെ ചൂണ്ടിക്കൊണ്ടാണു' അവർ നിൽക്കുന്നതു്".

ഇതു കേട്ടപ്പോൾ കാര്യം ഗുരുതരമാണെന്നു് ഖാസിക്കുതോന്നി, അദ്ദേഹം രോഷാകുലനായി എഴുന്നേറ്റു് വാതിൽ തുറന്നു് ഒരു വലിയ ജനക്കൂട്ടത്തെ കണ്ടപ്പോൾ അത്ഭുതപരവശനായി. അല്ലയോ, ബഹുജനങ്ങളേ, എന്താണു് വേണ്ടതു് എന്നദ്ദേഹം ചോദിച്ചു. ശപിക്കപ്പെട്ടവനെ. എടാ പട്ടീ, എടാ പട്ടീ നീയാണു് ഞങ്ങളുടെ യജമാനനെക്കൊന്നതു്" എന്നു് എന്റെ വേലക്കാർ ആർത്തുവിളിച്ചു. അതിന്നു് അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. "അല്ലയോ സജ്ജനങ്ങളേ, നിങ്ങളുടെ യജമാനനെ ഞാൻ വധിക്കത്തക്കവിധം അദ്ദേഹം എന്നോടു എന്താണു് ചെയ്തിട്ടുള്ളതു്? ഇതു എന്റെ വീടാണു്. നിങ്ങൾക്കു് എല്ലാം ഇവിടെ സ്വാതന്ത്ര്യമുണ്ടു്."

ക്ഷൗരകൻ.—അങ്ങു് അദ്ദേഹത്തെ പ്രഹരിച്ചു, അദ്ദേഹം കരയുന്നതു ഞാൻ കേൾക്കുകയും ചെയ്തു."

ഖാസി.—ഞാൻ അദ്ദേഹത്തെ പ്രഹരിക്കത്തക്കവണ്ണം അദ്ദേഹം എന്തു ചെയ്യുകയായിരുന്നു? അദ്ദേഹം എന്തിനുവേണ്ടിയാണു് എന്റെ വീട്ടിൽ വന്നതു്! എവിടെനിന്നു വന്നു? എവിടേയ്ക്കുപോയി?

ക്ഷൗരകൻ.—വൈകൃതം നിറഞ്ഞ വൃദ്ധാ, വക്രതകാണിക്കരുതു്. കാരണം എനിക്കു് കഥ മുഴുവൻ അറിയാം. നീട്ടിപ്പറഞ്ഞാലും ചുരുക്കിപ്പറഞ്ഞാലും അങ്ങയുടെ പുത്രിഅദ്ദേഹത്തിൽ അനുരക്തയാണെന്നും അദ്ദേഹം അങ്ങയുടെ പുത്രിയെ പ്രേമിക്കുന്നുവെന്നും ഉള്ളതാണു് കാര്യം. അദ്ദേഹം അങ്ങയുടെ വീട്ടിൽ പ്രവേശിച്ചുവെന്നു് അറിഞ്ഞപ്പോൾ അദ്ദേഹത്തെ പ്രഹരിക്കുവാൻ അങ്ങു് വേലക്കാരെ നിയോഗിച്ചു. അവർ അതനുസരിച്ചു് പ്രവർത്തിച്ചു. അല്ലാഹുവിന്റെ നാമത്തിൽ അങ്ങേയ്ക്കും ഞങ്ങൾക്കും ഇടയ്ക്കു് വിധികർത്താവായി കാലിഫ് അല്ലാതെ ആരുമുണ്ടായിരിക്കയില്ല. അല്ലെങ്കിൽ ഞങ്ങളുടെ യജമാനനെ പുറത്തു കൊണ്ടുവരിക അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തെ കൊണ്ടുപോകട്ടെ. അവർ അകത്തു പ്രവേശിച്ചു് അങ്ങയുടെ വീട്ടിൽനിന്നു് അദ്ദേഹത്തെ രക്ഷിച്ചു് അങ്ങയെ അവമാനിക്കുന്നതിനുമുമ്പ് അതു ചെയ്യുക."

അപ്പോൾ കുഴഞ്ഞ നാക്കോടും ജനശബ്ദത്താൽ അമൎത്തപ്പെട്ട വാക്കോടുംകൂടി ഖാസി പറഞ്ഞു. "നിങ്ങൾ സത്യം പറയുന്നുവെങ്കിൽ അകത്തുവന്നു് അദ്ദേഹത്തെ കൊണ്ടുപോവുക." ആ സമയത്തു് ക്ഷൗരകൻ മുന്നോട്ടു തള്ളിക്കയറി ഗൃഹത്തിൽ പ്രവേശിച്ചു.

അതു കണ്ടപ്പോൾ രക്ഷപ്പെട്ടുവാനും ഓടിപ്പോകാനും ഒരു മാർഗ്ഗം ഞാൻ ആരാഞ്ഞു. ഞാൻ നിന്നിരുന്ന മുകളിലത്തെ തട്ടിലുള്ള ഒരു വലിയ പെട്ടിയല്ലാതെ ഒന്നും ഞാൻ കണ്ടില്ല. അതിനാൽ ഞാൻ അതിനകത്തു് കയറി പെട്ടിയടച്ചു. ക്ഷൗരകൻ മുറിയിൽ കയറിയ ഉടൻ എന്നെ അന്വേഷിച്ചു തുടങ്ങി. അവൻ ഇടത്തോട്ടും വലത്തോട്ടും നോക്കി ഒടുവിൽ നേരെ ഞാൻ ഇരുന്ന സ്ഥലത്തേക്കു വന്നു് പെട്ടിയുടെ അടുക്കലേക്കു് നടന്നു് പെട്ടി തലയിൽ താങ്ങിയെടുത്തുകൊണ്ടു് വേഗത്തിൽ പുറപ്പെട്ടു. ഈ ഘട്ടത്തിൽ വിവേകം

എനിക്ക് വിനഷ്ടമായി. കാരണം എന്നെ അവൻ വിട്ടകയില്ലെന്ന് ഞാൻകരുതിഞാൻധൈര്യമവലംബിച്ച് പെട്ടി തുറന്ന് നിലത്തു ചാടി. വീഴ്ചയോടുകൂടി എന്റെ കാലൊടിഞ്ഞു. പെട്ടി തുറന്നിരുന്നതിനാൽ ഒരു വമ്പിച്ച ജനസമൂഹം നോക്കുന്നതായി ഞാൻ കണ്ടു. എന്റെ പോക്കററിൽ വളരെയധികം സ്വർണ്ണവും വെള്ളിയും ഞാൻ സൂക്ഷിച്ചിരുന്നു. ഇതുപോലെയൊരു ദുർഘടസന്ദർഭത്തിലേക്കോ, തത്തുല്യമായ മററു സന്ദർഭങ്ങളിലേക്കോ ഞാൻ അതു് കരുതിയിരുന്നതാണ്. ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനു വേണ്ടി ഞാൻ സ്വർണ്ണവും വെള്ളിയും അവരുടെയിടയിലേക്ക് വാരിയെറിഞ്ഞു. അവർ അതു് പെറുക്കിയെടുക്കുന്നതിൽ വ്യാപൃതരായിരുന്നപ്പോൾ, ഞാൻ ബഗ്ദാദിലെ ഇടവഴികളിൽക്കൂടി ഇടത്തോട്ടും വലത്തോട്ടും മാറിയും മറിഞ്ഞും കഴിവുള്ളിടത്തോളം വേഗത്തിൽ ഞൊണ്ടി ഞൊണ്ടി പുറപ്പെട്ടു. പക്ഷേ എവിടെപ്പോയാലും ക്ഷുരകൻ എന്റെ പിന്നാലെ വരും. അവൻ ഉച്ചത്തിൽ നിലവിളിക്കും—അവർ എന്റെ യജമാനനെ എന്നിൽനിന്നു് വേർപെടുത്തിക്കളയുമായിരുന്നു. എനിക്കും എന്റെ കുടുംബത്തിനും എന്റെ സുഹൃത്തുക്കൾക്കും അവലംബമായിരുന്ന അദ്ദേഹത്തെ അവർ വധിക്കുമായിരുന്നു. അവരെ എതിരിടുവാനും അവരുടെ കൈയ്യിൽനിന്നു് എന്റെ യജമാനനെ മോചിപ്പിക്കുവാനും എന്നെ സഹായിച്ച അല്ലാഹുവിന്നു് സ്തുതി

ക്ഷുരകൻ ഇപ്പോൾ അങ്ങ് എവിടെപ്പോകും? അങ്ങയുടെ സ്വന്തമായ ദുഷ്ടമാർഗ്ഗങ്ങളിൽക്കൂടി പോകുവാൻ അങ്ങ് നിർബന്ധം പിടിക്കയും ഈ അനർത്ഥം സ്വയം വരിക്കയും ചെയ്തു. അങ്ങയുടെ രക്ഷ

PHOTOS
DESIGNS
&
BLOCKS
BAVEN'S STUDIO
KOTTAYAM

യ്ക്കു് അല്ലാഹു എന്നെ നിയോഗിച്ചില്ലായിരുന്നുവെങ്കിൽ അങ്ങു നിപതിച്ച ഇടുക്കിൽനിന്നു് ഒരിക്കലും രക്ഷപ്പെടുമായിരുന്നില്ല. അങ്ങേയ്ക്കു് ഒരിക്കലും ജയിച്ചു സ്വതന്ത്രനാകുവാൻ സാദ്ധ്യമല്ലാത്ത വിധത്തിലുള്ള അപകടത്താൽ അങ്ങയെ അവർ വലിച്ചെറിയുമായിരുന്നു. ഭവിഷ്യത്തുകളെപ്പററി ശ്രദ്ധക്കുറവും ജ്ഞാനക്കുറവും എടുത്തുചാട്ടവും അങ്ങേയ്ക്കുള്ളതിനാൽ അങ്ങയുടെ അറിവില്ലായ്മയ്ക്കു് സമാധാനം പറയണമെന്നു് ഞാൻ ആവശ്യപ്പെടുന്നില്ല."

ഞാൻ—എന്നോടു് ഈ ചെയ്തുകൊണ്ടൊന്നും നിനക്കു് തൃപ്തിയായില്ലേ? പിന്നെ എന്റെ പിന്നാലെ ഓടിവന്നു് ബസാറുകളിൽക്കൂടി ഇത്തരം വർത്തമാനം പറയുന്നതെന്തിനു്?"

ഞാൻ ചന്തയുടെ നടുക്കുള്ള ഒരു നെയ്ത്തുകാരന്റെവീട്ടിൽ ശരണം പ്രാപിച്ചു. ക്ഷുരകനെ നെയ്ത്തുകാരൻ അവിടെനിന്നു് ഓടിച്ചു. പിൻഭാഗത്തുള്ള മുറിയിൽ ഇരുന്നുകൊണ്ടു ഞാൻ ആത്മഗതം ചെയ്തു.

ഞാൻ വീട്ടിൽ മടങ്ങിയെത്തുകയാണെങ്കിൽ ഈ ക്ഷുരകന്റെ ശല്യത്തിൽ നിന്നു് ഒഴിഞ്ഞുമാറുവാൻ സാധിക്കയില്ല. അവൻ രാത്രിയും പകലും എന്റെ കൂടെത്തന്നെയായിരിക്കും. ഒന്നു ശ്വാസം വിടുന്നമാത്രയിൽ പോലും അവനെ കണ്ടുകൊണ്ടിരിക്കുവാൻ എനിക്കു കഴിവില്ല." അതിനാൽ ഉടൻതന്നെ ഞാൻ സാക്ഷികളെ വിളിച്ചു വരുത്തി വിൽപത്രം തയ്യാറാക്കി എന്റെ വസ്തുവകകൾ അധിക ഭാഗവും എന്റെ ആളുകൾക്കായി ഞാൻ വീതിച്ചുകൊടുത്തു് അവർക്കു മേലായി ഒരു രക്ഷാധികാരിയെയും ഞാൻ നിയോഗിച്ചു. വലുതിന്റെയും ചെറുതിന്റെയും ചുമതലയെല്ലാം അദ്ദേഹത്തെ ഏല്പിച്ചു. എന്റെ വീടുകളും ഭൂമികളും വിൽക്കുവാൻ അദ്ദേഹത്തിന്നു് നിർദ്ദേശം നൽകി. ഈ നീചനിൽ നിന്നു് സ്വതന്ത്രനായിരിക്കാൻ വേണ്ടി ഞാൻ സഞ്ചാരം ആരംഭിച്ചു. ഞാൻ കുറെനാൾ കഴിച്ചുകൂട്ടിയ ഈ നഗരത്തിൽ ഞാൻ താമസിക്കുവാൻ വന്നതാണ്. അപ്പോൾ നിങ്ങൾ എന്നെ ക്ഷണിച്ചു. ഞാൻ വരികയും ചെയ്തു. ബഹുമാന്യമായ സ്ഥാനത്തു് ഈ ശപിക്കപ്പെട്ട നീചൻ ഇരിക്കുന്നതാണു് ഞാൻ ആദ്യം കണ്ടതു്. എന്റെ വീടും നാടും പരിത്യജിക്കുവാനും എന്റെ കാലൊടിക്കുവാനും കാരണമാകയും ഇതെല്ലാം എനിക്കു് വരുത്തുകയും ചെയ്ത ഒരാളുള്ള സുഹൃത്സംഘത്തിൽ എന്റെ താമസം സന്തോഷപ്രദമാകയും എന്റെ ഹൃദയം ആഹ്ളാദപ്രദമാകയും ചെയ്യുന്നതെങ്ങനെ?"

യുവാവു ഇരിക്കുവാൻ വിസമ്മതിച്ചു് അവിടെ നിന്നു പുറപ്പെട്ടു പോയി.

# വാഴനാരിൽനിന്നു പട്ടുതുണിത്തരങ്ങൾ

## ഗൃഹനായികമാർ അറിഞ്ഞിരിക്കേണ്ട വസ്തുതകൾ.

ഒരേക്കർ സ്ഥലത്തെ വാഴയിൽ നിന്നു് ഒരു ടൺ എട്ടുശതത്തുക്കം നാരു കിട്ടും. പാകപ്പെടുത്തിയ നല്ല വാഴനാരിനു് ആയിരംരൂപാ വിലകിട്ടും.

### എം. ജെ. നായർ വ്യവസായ ഡിപ്പാർട്ടുമെൻറ്

വാഴ സാധാരണമായി ഇൻഡ്യാ, ബർമ്മാ, സിലോൺ, ആസ്സാം, മലയാ മുതലായ രാജ്യങ്ങളിൽ ധാരാളമായി കൃഷിചെയ്തുവരുന്നു. ഫിലിപ്പൈൻ ദ്വീപുകളിൽ വാഴനാരിനുവേണ്ടി മാത്രം ഒരുതരം വാഴ കൃഷിചെയ്തുവരുന്നു. ഇൻഡ്യയിലെ മിക്ക വനങ്ങളിലും ഒരിനം മലവാഴകൾ വളരുന്നുണ്ട്. ഏകദേശം 22 തരം വാഴകൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

വാഴക്കൃഷി ഇപ്പോൾ ഭക്ഷ്യോൽപ്പാദനം ഉദ്ദേശിച്ചു മാത്രമാണു നടത്തിവരാറുള്ളത്. വാഴനാരു് വളരെ ഉപയോഗവും ആദായവും ഉള്ളതാകുന്നു. ഒരേക്കർ സ്ഥലത്തു 600 മുതൽ 800 വരെ വാഴ നടാവുന്നതാണ്. വാഴക്കുഴിക്കു കുറഞ്ഞതു് ഒരടി താഴ്ചയും രണ്ടടി സമചതുരവും ആറടി അകലവും ഉണ്ടായിരിക്കണം. ഒരു വാഴയിൽ നിന്നും ശരാശരി നാലു റാത്തൽ നല്ല നാരു് പാകപ്പെടുത്തി എടുക്കാം. അങ്ങനെ, ഒരേക്കർ സ്ഥലത്തുള്ള വാഴയിൽനിന്നു ശരാശരി ഒരാണ്ടിൽ ഒരു ടൺ എട്ടു ശതത്തുക്കം നാരു കിട്ടും. പാകപ്പെടുത്തിയ നല്ല വാഴനാരു് ഒരു ടണ്ണിനു് 800 മുതൽ 1000 രൂപാ വരെ വിലയുണ്ട്. നാരിന്റെ മിനുസവും നേർമ്മയും ബലവും ആസ്പദമാക്കിയാണു് വില കൂടിയും കുറഞ്ഞുമിരിക്കുന്നതു്. നമ്മുടെ വാഴകളിൽ മലവാഴയിൽ നിന്നും ഏത്തൻവാഴയിൽനിന്നുമാണു് കൂടുതൽ നല്ല നാരു് കിട്ടുന്നതു്.

വളരെക്കാലം മുമ്പുമുതൽക്കേ തന്നെ മദ്രാസ്, ബംഗാൾ, ആസ്സാം, ബർമ്മാ, ആഗ്രാ, ലക്നോ, പെഷാർ, ഡാക്കാ, അമൃതസാർ, മിർസാപ്പൂർ മുതലായ സ്ഥലങ്ങളിൽ വാഴനാരുകൊണ്ടു ചരട്, നൂൽക്കയറ്, ക്യാൻവാസ്, കാർപ്പെററ്, കൈലേസ്, പട്ടുതരങ്ങൾ, ടയിൻ: നാട, നെററ് മുതലായ സാധനങ്ങൾ ഉണ്ടാക്കി അന്യസ്ഥലങ്ങളിൽ അയച്ചുവന്നിരുന്നു. സ്വിററ്സർലൻഡ്, ജർമ്മനി, പാരീസ് മുതലായ സ്ഥലങ്ങളിൽ വാഴനാരുകൊണ്ടു നിർമ്മിച്ചുവന്ന ലേസ്, മസിലിൻ, പട്ടുതരങ്ങൾ, അങ്കവസ്ത്രങ്ങൾ, കൈലേസുകൾ, തൊപ്പികൾ മുതലായവ വളരെ പ്രസിദ്ധിയുള്ളതായിരുന്നു. വാഴനാരുകൂടി കലർത്തിയ നല്ലതരം തുണികൾ നെയ്തുവന്നിരുന്നു. അതിനു നല്ല പ്രചാരവും ഉണ്ടായിരുന്നു.

തിരുവനന്തപുരം സ്കൂൾ ആഫ് ആർട്ട്സിലും, നാഗർകോവിൽ ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടിലും വാഴനാരുകൊണ്ട് കൈലേസ്, പട്ടുകൾ, അങ്കവസ്ത്രങ്ങൾ മുതലായവ നെയ്തുവന്നിരുന്നു. അതിനു പ്രത്യേകതരം തറിയും ഉപയോഗിച്ചിരുന്നു. നാഗർകോവിൽ, കോട്ടാർ, കണ്ണൂർ, ആലപ്പുഴ, കൊല്ലം മുതലായ സ്ഥലങ്ങളിൽ വാഴനാരുകൊണ്ടുള്ള പട്ടുനെയ്ത്തുവ്യവസായം ഇപ്പോഴും നിശ്ശേഷം ക്ഷയിച്ചിട്ടില്ല. വാഴനാരിൽ വളരെ എളുപ്പത്തിൽ ഏതു ചായവും പിടിക്കും. ആകയാൽ ആകർഷണീയമായ നിറത്തിലുള്ള സാധനങ്ങൾ നിർമ്മിക്കാൻ വളരെ ഉപയോഗപ്പെടുന്നു.

വാഴനാരു് കടലാസ്നിർമ്മാണത്തിനു നാരാളമായി ഉപയോഗിക്കുന്നു. ബലവും ഭംഗിയുമുള്ള ഒന്നാംതരം എഴുത്തുകടലാസുകൾ, പാക്കിങ്ങ്, റാപ്പിങ്ങ്, മുതലായതിനു് ഉപയോഗിക്കുന്ന നല്ലതരം കടലാസുകൾ മുതലായവ വാഴനാരുകൊണ്ടു നിർമ്മിക്കുന്നു. അതിനു ബ്ളീച്ചിംഗ് കൂടാതെ തന്നെ നല്ല വെള്ളനിറം കിട്ടുകയും ചെയ്യും. കടലാസ് നിർമ്മാണത്തിനുള്ള വാഴനാരു് 1825 മുതൽ 1900 വരെ ഇവിടെനിന്നും കയററുമതി ചെയ്തിരുന്നു.

വാഴനാരു പാകപ്പെടുത്തി എടുക്കാൻ പല രീതികളും പ്രചുരപ്രചാരത്തിലുണ്ടായിരുന്നു. തിരുവനന്തപുരത്തു സ്കൂൾ ഓഫ് ആർ

ട്ട്സിൽ അതിനൊരു പ്രത്യേകതരം യന്ത്രംതന്നെ ആദ്യകാലത്തുണ്ടായിരുന്നു. അതിൽ വൈഷമ്യം കുറഞ്ഞതും പ്രധാനവുമായ ഒരു രീതിയേപ്പററി പ്രതിപാദിക്കാം.

വാഴ കുലച്ച കായ് മുററിയാൽ പഴുക്കുന്നതിനു മുമ്പായിത്തന്നെ വാഴമാണത്തിൽനിന്നു് അരയടി ഉയർത്തി മുറിക്കണം. അതിൻെറ തണ്ടു് പ്രത്യേകമായി മുറിച്ചു മാററണം. തണ്ടിൽനിന്നും പുറം പോളയിൽ നിന്നും കിട്ടുന്ന നാരിനു് അകംതടിയിൽനിന്നും കിട്ടുന്ന നാരിനോളം ഗുണവും നേർമ്മയും ബലവും ഇല്ലാത്തതാകയാൽ, അതു് രണ്ടാംതരമായി മാറേറണ്ടതും പ്രത്യേകമായി പാകപ്പെടുത്തേണ്ടതുമാകുന്നു. അകത്തുള്ള പോളകൾ ചേർന്നു തടിയായിരിക്കുന്ന ഭാഗം നാലായി കീറി പിണ്ടി മാററിക്കളയണം. നാലായി കീറിയ തടകൾ നല്ലവണ്ണം ചതച്ചു് കഴുകി ഉണക്കി കുടഞ്ഞു് ഒരേ രീതിയിൽ റിബൺപോലെയാക്കി കെട്ടണം. ചതയ്ക്കുന്നതിനു സൗകര്യമായി ക്രഷിങ്ങ് മെഷീൻ ഉപയോഗപ്പെടുത്താം. ആ കെട്ടുകൾ സോഡാ ആഷ് (വാഷിങ്ങ് സോഡാ) അലിയിപ്പിച്ച വെള്ളത്തിൽ ഇട്ടു തിളപ്പിക്കണം. വലിയ ചെമ്പുപാത്രത്തിൽ ചതച്ച തടയുടെ മൂന്നു ,ശതമാനം തൂക്കം സോഡാ ആഷ് വെള്ളത്തിൽ അലിയിപ്പിച്ചു്, അതിൽ ചതച്ച തടകൾ ഇട്ടു് പാത്രത്തിൻെറ വശങ്ങളിൽ തട്ടാതെ അപ്പഴപ്പോൾ ഇളക്കി, നാലുമണിക്കൂർ സമയം പുഴുങ്ങി തണുപ്പിച്ചെടുത്തു് റിക്കാർട്ടിക്കേററിങ്ങ് മെഷീനിൽ ഇട്ടു്, നാരോടുകൂടി പററിയിരിപ്പുള്ള കട്ടിയുള്ള ചതഭാഗം ചുരണ്ടിക്കളഞ്ഞു് കഴുകി ശുദ്ധിയാക്കി അയയിലിട്ടു് തണലിൽ ഉണക്കുന്നു. സൂര്യപ്രകാശത്തിൽ ഉണക്കുകയോ മഞ്ഞുകൊള്ളുകയോ ചെയ്താൽ അതിൻെറ നിറം മാറുകയും ബലം ക്ഷയിക്കുകയും ചെയ്യും. ഉണങ്ങിയ നാരു് വൃത്തിയായി ബ്രഷുചെയ്തു് സൗകര്യത്തിനുള്ള ബയിലുകളായി സൂക്ഷിക്കുന്നു. ബ്രഷ് ചെയ്യുന്നതിനും ബയിലായി പായ്ക്കുചെയ്യുന്നതിനും സൗകര്യമുള്ള മെഷീൻ വേണമെങ്കിൽ ഉപയോഗിക്കാം.


# പിഞ്ഞാണങ്ങൾ.

**കോപ്പ, പ്ളേററ്, കപ്പ്സാസർ, ടീസെററ്, ക്ലോസെററ് മുതലായ പിഞ്ഞാണങ്ങൾ. മേത്തരമായ നിർമ്മാണം, ആദായ വില.**

**NEW INDIA CERAMICS Ltd.**
**FEROKE (Malabar)**


സോഡാ ആഷിൽ പുഴുങ്ങിയ നാരു് മൃദുവും നേർമ്മയും ബലവും ഉള്ളതും തുണി മുതലായതു നെയ്യാവുന്നതും ബ്ളീച്ചിങ്ങിൻെറ ആവശ്യമില്ലാത്തതുമാകുന്നു. എന്നാൽ അതു് ഒരു മണിക്കൂർ അമോണിയാകാർബോണേററും വെളിച്ചെണ്ണയും ചേർത്തു പുഴുങ്ങി സൂര്യപ്രകാശത്തിൽ ഉണക്കി എടുത്താൽ സിൽക്കുനൂലിൻെറ മേനിയും മാർദ്ദവവും തിളക്കവും കിട്ടുന്നതാണു്. 100 റാത്തൽ നാരിനു് 6 റാത്തൽ എണ്ണയും 2 റാത്തൽ അമോണിയാ കാർബോണേററും വേണം ചേർക്കുവാൻ.

ഈ നൂല്‌ സാധാരണ നൂലുപോലെ താരു ചുററി എടുക്കാവുന്നതും ഒരാളിനു് ഒരു ദിവസം 3 സീയർ നൂലുവരെ ശരാശരി ചുററാവുന്നതും ആകുന്നു. ഇതിനു നമ്മുടെ നാടൻ ചർക്കാ ഉപയോഗിക്കാം.

ഇപ്പോൾ മൃതപ്രായമായിരിക്കുന്ന ഈ വ്യവസായം നമ്മുടെ രാജ്യത്തു പ്രചാരത്തിലിരുന്നു. ചില സ്ഥലങ്ങളിൽ നാമമാത്രമായിട്ടെങ്കിലും ഇപ്പോഴും നടന്നുവരുന്നുണ്ടു്. വാഴനാരും അതിൻെറ ഉൽപ്പന്നങ്ങളും 1800 മുതൽ 1910 വരെ അന്യരാജ്യങ്ങളിലേക്കു കയററി അയച്ചുകൊണ്ടിരുന്നു.

ഇനി ഇതു പുനരാരംഭിക്കേണ്ടതാണു്. നിരുപയോഗമായി ആദായമില്ലാതെ വ്യർത്ഥമാകുന്ന അസംസ്കൃതസാധനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഉല്പന്നമാക്കിത്തീർക്കേണ്ടതു് വ്യവസായപ്രേമികളുടെ ചുമതലയാണു്. ഇതു് ഒരു കുടിൽവ്യവസായമായി നടത്താനുള്ള സകല സാദ്ധ്യതകളും ഉള്ളതുകൊണ്ടു്, ഇതിൻെറ പ്രായോഗികവശങ്ങൾ പറഞ്ഞു മനസ്സിലാക്കി ജനങ്ങളെ ഉൽബുദ്ധരാക്കി പരിശീലനം നൽകിയാൽ, മിക്കവാറും എല്ലാ സ്ഥലങ്ങളിലും വാഴനാരുവ്യവസായം ചെറിയതോതിൽ നടത്താവുന്നതാണു്.

# മാമ്പഴം

**മോസ്ക്കോയിലെ ഇൻഡ്യൻ എംബസിയിൽവച്ചു് നടന്ന സൽക്കാരവേളയിൽ ഒരു ഇൻഡ്യൻ സവിശേഷത എന്ന നിലയിൽ മാമ്പഴം വിളമ്പുകയുണ്ടായി. ഒരു പ്ളേററു് മാമ്പഴം നെഹ്റു തന്നത്താൻ എടുത്തുകഴിക്കുകയും കുറെ മാമ്പഴക്കഷണങ്ങൾ ക്രൂഷ്ചേവിൻെറ പ്ളേററിൽ വിളമ്പിക്കൊടുക്കുകയും ചെയ്തു. വിശ്വപ്രസിദ്ധമായ മാമ്പഴത്തിൻെറ ചരിത്രം, പ്രചാരം, വകഭേദം, വളർത്തുന്നവിധംമുതലായവ ഈ ലേഖനത്തിൽനിന്നു് മനസ്സിലാക്കാം.**

## മാവു്

മാവിൻെറ ജന്മഭൂമി ഇന്ത്യയാണെന്നും അവിടെനിന്നു് അതിൻെറ കൃഷി മററു രാജ്യങ്ങളിലേക്കു പരന്നതാണെന്നും പറയുന്നുണ്ടു്. ഏതാണ്ടു് 4000 കൊല്ലങ്ങൾക്കുമുമ്പു് ഇവിടെ മാവുകളുണ്ടായിരുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. മുഗൾചക്രവർത്തിമാർ മാവുകളുടെ കാര്യത്തിൽ വളരെ ശ്രദ്ധ ചെലുത്തിയിരുന്നു. ദർഭംഗക്കു് സമീപം അക്ബർ ചക്രവർത്തിക്കു് ഒരു തോട്ടമുണ്ടായിരുന്നതിൽ ഒരു ലക്ഷം മാവുകളുണ്ടായിരുന്നു.

മാങ്ങയുടെ പേരു് "മാങ്കാ" എന്ന തമിഴ് പദത്തിൽനിന്നുണ്ടായതാണു്. ഇംഗ്ലീഷ്, സ്പാനിഷ്, ഇററാലിയൻ, ജർമ്മൻ എന്നീ ഭാഷകളിൽ ഇതിനു് "മാംഗോ" (Mango) എന്നാണുപേർ. ഫ്റെഞ്ചു ഭാഷയിൽ (Mangu) എന്നാണത്രേ പറയുന്നതു്.

ഏതാണ്ടു് ആയിരം തരത്തിലധികം മാവുകളുണ്ടു്. അവയിൽ മുന്നൂറോളം വിശേഷപ്പെട്ടഇനങ്ങളാണു്. ചന്ദ്രക്കാരൻ, ഒളോർമാവു്, മയിൽപീലി, പ്രയോർ കല്ലുകെട്ടി മുതലായവ വിശേഷഇനം നാടൻമാവുകളാണു്. നാടൻമാവുകൾ (അണ്ടിനട്ടുണ്ടാകുന്നവ) 100—150 കൊല്ലക്കാലം നിലനിൽക്കും.

വിശേഷതരം മാവുകളെ ഒട്ടിച്ചെടുക്കുന്നതാണു് "ഒട്ടുമാവുകൾ". ഒട്ടുമാവുകളിൽ പേരുകേട്ടവ അൽഫോൺസോ, നീലം, പയറി, തോത്താപുരി, റുമാനി, നെടുശാല, സുവർണ്ണരേഖ, ഹേമംപെസണ്ടു്, മൽഗോവ, ഗുണ്ടു്, ബങ്കനപ്പള്ളി ലാൻഗ്ര മുതലായവയാകുന്നു.

മാവുകൾ സമുദ്രതീരം മുതൽ 5000 അടി ഉയരംവരെയുള്ള സ്ഥലങ്ങളിൽ വളർന്നു ഫലിക്കുന്നു. പൂഴിമണൽമുതൽ പശിമരാശിമണ്ണുവരെയുള്ള പലതരം മണ്ണിലും അതു് അഭിവൃദ്ധിപ്പെട്ടുകാണും. 20 ഇഞ്ചു് മുതൽ 115 ഇഞ്ചുവരെ മഴയുള്ള പ്രദേശങ്ങളെല്ലാം മാവിനു യോജിച്ചതാണു്: ശൈത്യമേറിയ സഹറാൻപുരിയിലും ഉഷ്ണമേറിയ നൽഗൊണ്ടയിലും മാവു് കാണുന്നുണ്ടു്. ഇങ്ങിനെ നോക്കുമ്പോൾ ഇന്ത്യയുടെ മിക്കഭാഗവും മാവുകൃഷിക്കു യോജിച്ചതാണു്.

മാങ്ങ പല ആകൃതിയിലുംവലിപ്പത്തിലും ഉണ്ടു്. ചിലതു നീണ്ടും ചിലതു് ഉരുണ്ടും മററുചിലതു് അണ്ഡാകൃതിയിലും ഇരിക്കും. ചില മാങ്ങ കടുക്കപോലെ ചെറിയതും ചിലതു തേങ്ങപോലെ വലിയതും ആയിരിക്കും. മാവിനു പ്രായം കൂടുംതോറും മാങ്ങ ചെറുതാകും, പ്രായമേറിയ പട്ടുമാവുകളുടെ മാങ്ങ വളരെ ചെറുതായിരിക്കും. അവ ഇളംപ്രായത്തിൽ കടുകുമാങ്ങാക്കറി വെയ്ക്കാൻ കൊള്ളാം. മൽഗോവ ഗുണ്ടു് ബാങ്കനപ്പള്ളി ഇവയുടെ മാങ്ങ 1—2 റാത്തൽ തൂക്കംകാണും. ചിലതരം മാമ്പഴത്തിനു നല്ല സ്വാദും, സുഗന്ധവും ഉണ്ടായിരിക്കും. നാരു് ലേശം പോലും ഉണ്ടായിരിക്കയില്ല.

മാവു് സാധാരണയായി ഫെബ്രുവരിമുതൽ കായ്ക്കുന്നു. മാങ്ങക്കു വലിപ്പമുണ്ടെങ്കിൽ എണ്ണം കുറയും. മൽഗോവ, ബാങ്കനപ്പള്ളി, ഗുണ്ടുമുതലായ മാവുകളിന്മേൽ അധികം മാങ്ങയുണ്ടാകയില്ല. മാങ്ങ വളരെ വലുതാകയാൽ ഒരു കുലയിൽ ഒന്നിലധികം പിടിക്കുകയില്ല. നീലം, നെടുശാല മുതലായവ ചെറുതാകയാൽ എണ്ണത്തിൽ അധികമുണ്ടാകും. ചില ഇനം മാവുകൾ (ബാറാമസി, നീലം) കൊല്ലത്തിൽ ഒന്നിലധികം പ്രാവശ്യം കായ്ക്കും. ബോംബേ, മധുര, (മദ്രാസ് സംസ്ഥാനം) ഇവിടങ്ങളിൽ മാങ്ങ മിക്ക കാലങ്ങളിലും കിട്ടും.

മാമ്പഴത്തിൽ സി ഡി. എന്ന ജീവകങ്ങൾ ഉണ്ടു്. മാമ്പഴം ദഹനത്തേയും ശോധനയേയും സഹായിക്കുന്നു.

മാവു് ലോകത്തിലെ ഉഷ്ണപ്രദേശങ്ങളിൽ പരത്തിയതു് അധികം പോർത്തുഗീസുകാരാണു്. ഇപ്പോൾ സിലോൺ, മലയാ, ഇൻഡോനേഷ്യ, ആസ്ത്രേലിയാ, ആഫ്റിക്കാ, പേഴ്സ്യാ ഉൾക്കടൽ പ്രദേശം, ക്യൂബാ, ഫ്ളോറിഡാ, ബ്രസ്സീൽ, കാലിഫോർണിയാ— ഇവിടങ്ങളിലെല്ലാം മാവുകളുണ്ടു്. ക്യൂബായിലും ബ്രസ്സിലിലും മാമ്പഴച്ചാറുകൊണ്ടു് മേത്തരം സർബ്ബത്തും ഉണ്ടാക്കുന്നുണ്ടു്.

മാർച്ചു്, ജൂൺ—ജൂലായി, ഒക്ടോബർ എന്നീ കാലങ്ങളിൽ മാവു സാധാരണയായി തളിർക്കും ഈ കാലങ്ങളിലാണു മാവുകൾ

ഒട്ടിച്ചെടുക്കേണ്ടതു്. മാവുകൾ പലപ്രകാരത്തിൽ ഒട്ടിച്ചും വരഞ്ഞു കെട്ടിയും എടുക്കാം. തിരു–കൊച്ചി സംസ്ഥാനത്തെ സെൻട്രൽഫാറം തൃശ്ശിവപേരൂരിനടുത്തുള്ള മണ്ണുത്തി എന്ന സ്ഥലത്താണു്. അവിടെ ചെന്നാൽ മാവു് ഒടിക്കുന്ന സംപ്രദായം നോക്കി മനസ്സിലാക്കാം.

ഒട്ടുമാവുകൾ 45 അടി അകലമിട്ടു് വെയ്ക്കണം. എന്നാൽ രണ്ടു ഗുണങ്ങളുണ്ടു്. ആദ്യകാലത്തു് അവയ്ക്കിടയിൽ ധാരാളം ഇടക്കാലവിളവുകൾ കൃഷിചെയ്തു നല്ല ആദായമെടുക്കാം. ഒട്ടുമാവുകൾ പൂർണ്ണമായി വളർന്നാൽ അവയുടെ കൊമ്പുകൾ തമ്മിൽ മുട്ടിത്തൊടുകയുമില്ല. അങ്ങിനെ നിന്നാൽ മാത്രമേ നല്ലവണ്ണം കായ്ക്കുകയുള്ളൂ. 45 അടി അകലമിട്ടുവെച്ചാൽ ഏക്കറിനു് 21 മാവുകൾ ഉണ്ടാകും.

“മൊച്ചൻ, കൊട്ടൻ, എറുമ്പ്” എന്നാണു് പ്രമാണം. മാവും പ്ലാവും വെയ്ക്കുമ്പോൾ ഒരു മരത്തിന്മേൽനിന്നു മറ്റൊന്നിലേയ്ക്കു മൊച്ചൻ (കുരങ്ങൻ) ചാടിയാൽ എത്തരുതു്. തെങ്ങുവെയ്ക്കുമ്പോൾ ഒരു തെങ്ങിൽനിന്നു മറ്റൊന്നിലേയ്ക്കു കൊട്ടൻ (അണ്ണാക്കൊട്ടൻ) ചാടിയാൽ എത്തരുതു്. കവുങ്ങു വെക്കുമ്പോൾ ഒന്നിന്റെ ഓലയിൽനിന്നു മറ്റൊന്നിന്റെ ഓലയിലേയ്ക്കു ഉറുമ്പു പകരരുതു്. എന്നാണു് ഈ പഴമൊഴിയുടെ സാരം.

തുലാവർഷം കഴിഞ്ഞ ഉടനെ കുഴികൾ തയാറാക്കണം. കുഴികൾക്കു 3 അടി നീളവും, വീതിയും ആഴവും വേണം. കുഴികൾ ചപ്പു ചവറുകളിട്ടു് ചുട്ടു കരിക്കണം. വർഷാരംഭത്തിൽ കുഴിയിൽ ധാരാളം പച്ചിലയും ചാണകവുമിട്ടു് കുഴിയുടെ വക്കരിഞ്ഞിറക്കിയിടുക.

ഇടവം മിഥുനമാസങ്ങളിലെ മഴകൊണ്ടു് വളങ്ങൾ നല്ലവണ്ണം ചീഞ്ഞു പാകംവന്നശേഷം തൈകൾ വെക്കാം.

തൈകൾ വെക്കുമ്പോൾ ഒട്ടു് (ഒട്ടിച്ചഭാഗം) മണ്ണിൽനിന്നു ഒരിഞ്ചുമീതെ നിൽക്കണം, തയ്യിന്റെ ചില്ലകൾ കാറ്റുകൊണ്ടു് ഉലയാതിരിപ്പാൻ ചെറിയ കുറ്റികൾ തറച്ചുകെട്ടണം.

ഒരു വിശേഷതരം മാവിന്റെ ചില്ല നാടൻമാവിന്റെതയ്യിന്മേൽ ഒട്ടിച്ചുചേർത്തതാണു് ഒട്ടുമാവു്. നാട്ടുമാവിന്റെ തയ്യിൽ നിന്നു ഇള പൊട്ടിയാൽ അതു് ഒട്ടുമാവിന്റെ ചില്ലയേക്കാൾ ശക്തിയോടെ വളർന്നു വരും. അപ്പോൾ ഒട്ടിച്ച ചില്ല ഉണങ്ങിപ്പോകും. അങ്ങിനെ വരാതിരിപ്പാൻ 2–3 മാസത്തേക്കു് തൈകൾ പരിശോധിച്ചു്, അടിയിലെ തയ്യിൽനിന്നു് പൊട്ടുന്ന ചിനപ്പുകൾ അടത്തിക്കളയണം. പിന്നീടു് ഒട്ടിനുമീതെ മണ്ണിട്ടുമൂടാം.

ഒട്ടുമാവിൻ തൈകൾക്കു് വെച്ച കൊല്ലംമുതൽ 2—3 കൊല്ലത്തേക്കു വേനൽക്കാലത്തു നനയ്ക്കേണ്ടിവരും. നനച്ചാൽ ത്വരിതഗതിയിൽ വളർന്നുപൊങ്ങും. രണ്ടാം കൊല്ലംമുതൽ വളം ചേർക്കണം. രണ്ടാംകൊല്ലംമുതൽ തയ്യൊന്നിനു് 3 റാത്തൽ പിണ്ണാക്കും ഒരു റാത്തൽ മ്യൂറിയെറ്റു് ഓഫ് പൊട്ടാഷും ഒരു റാത്തൽ എല്ലുപൊടിയും ചേർക്കാം. വർഷാരംഭത്തിൽ തടമെടുത്തു് മേൽപ്പറഞ്ഞ വളമിട്ടുമൂടുക. മൂന്നാംകൊല്ലം ഇതേവളങ്ങൾ രണ്ടുമടങ്ങും, നാലാം കൊല്ലം മൂന്നുമടങ്ങും വീതം ചേർക്കാം.

**വളം**—അറാംകൊല്ലം മുതൽ മാവുകൾ ഒരുവിധം നന്നായി കായിച്ചുതുടങ്ങും. പിന്നെ വളങ്ങൾ താഴെ പറയുംപ്രകാരം ചെയ്യണം. ഏപ്രിൽമാസത്തിൽ തൈ ഒന്നിനു് 25 റാത്തൽ കുമ്മായം വീതം കണക്കാക്കി തോട്ടത്തിൽപരക്കെ വിതറി ഉഴുതുചേർക്കുക. ജൂൺമാസത്തിൽ വിശാലമായ തടമെടുത്തു താഴെപ്പറയുന്ന വളങ്ങൾ ഇടുക.

| | |
|---|---|
| പച്ചിലകൾ | 100 റാത്തൽ |
| പഴയ ചാണകം | 50 റാത്തൽ |
| അമോണിയംസൽഫേറ്റു് | 4 റാത്തൽ |

ഇലകൾ അടിയിൽ വിരിച്ചു മീതെ ചാണകം പരത്തിയിടുക. അതിനു മീതെ അമോണിയം സൾഫേറ്റു് വിതറുക. മീതെ രണ്ടിഞ്ചുഘനത്തിൽ മണ്ണും വിതറുക.

സെപ്റ്റംബറിൽ താഴെപ്പറയുന്ന വളങ്ങളും കൂട്ടിയിട്ടു് തടം മുഴുവനും മൂടാം.

| | |
|---|---|
| എല്ലുപൊടിയോ സൂപ്പർഫോസ്ഫെറ്റോ | 5 റാത്തൽ |
| ചാരം | 2 പാട്ട. |

ചാരം കിട്ടുവാനില്ലെങ്കിൽ പകരം 4 റാത്തൽ മ്യൂറിയേറ്റു് ഓഫ് പൊട്ടാഷ് ചേർക്കാം.

## മാവിനുള്ള കേടുകൾ

മാംഗോ ഹോപ്പർ (Mango Hopper) എന്നൊരുതരം പ്രാണികൾ മാവിനു് വളരെ ഉപദ്രവം ചെയ്യുന്നു. രണ്ടുമൂന്നു മില്ലിമീറ്റർ നീളമുള്ള ഈ ചെറുപ്രാണികൾ പൂക്കുലകൾ കുത്തി നീർകുടിച്ചു് അവയെ നശിപ്പിക്കുന്നു. ഇവയു


അരുണ മാസിക

വരിസംഖ്യ

ഒററപ്രതിക്കു് നാലണ

ഒരു വർഷത്തേക്കു് 3 രൂപാ

മാനേജർ, അരുണ, കോട്ടയം

ടെ ഉപദ്രവം ധാരാളം ഉള്ളപ്പോൾ ഒരു കൊമ്പിളക്കിയാൽ ചരല്വവാരി എറിയുംപോലെ പറക്കുന്നതുകാണാം. മഴക്കാറുള്ളപ്പോൾ ഈപ്രാണികളുടെ മുട്ട വേഗം വിരിഞ്ഞു് അസംഖ്യം പ്രാണികൾ മാവിൻപൂക്കളെ നശിപ്പിക്കുവാൻ പുറപ്പെടുന്നു. അതിനാൽ മാവു പൂക്കുന്ന സമയം മഴക്കാറു കണ്ടാൽ കർഷകർക്കു വ്യസനമായി. "മഴക്കാറുണ്ടു്, മാവു പൂത്തതൊക്കെയും കരിയാനാണു്" എന്നു സാധാരണ പറയാറുണ്ടു്.

ഇതുകൂടാതെ "മിൽഡ്യൂ" (Mildew) എന്നൊരു രോഗവും ചിലപ്പോൾ പിടിപെട്ടു് പൂക്കൾ കരിഞ്ഞുവീഴാറുണ്ടു്. പൂക്കുലയിയിന്മേൽ ഒന്നാമതായി വെളുത്ത പൊടി പാറിയതുപോലെ കാണാം. പിന്നെ പൂക്കുലയുടെ അഗ്രം മുതൽ കരിഞ്ഞുതുടങ്ങും. "മിൽഡ്യൂ" ഒരുതരംകുമിൾ രോഗമാണു്.

മേല്പറഞ്ഞ രണ്ടു രോഗങ്ങളേയും പരിഹരിക്കുവാൻ താഴെ പറയുംപോലെ ചെയ്താൽ മതി. 20 ശതമാനം വീര്യമുള്ള 1 റാത്തൽ ഡി. ഡി. ടിയും, 3 റാത്തൽ ഗന്ധകവും 30 ഗാലൻ വെള്ളത്തിൽചേർത്തു് സ്പ്രെയർ കൊണ്ടു മാവു പൂക്കുന്ന സമയം തളിക്കുക. ആദ്യമായി പൊടികൾ ഒരു പരന്ന പാത്രത്തിലിട്ടു് വെള്ളംതളിച്ചു് നല്ലപോലെ കുഴമ്പുപോലെയാക്കണം. പിന്നെ ബാക്കി വെള്ളംചേർത്തു തളിക്കണം. മരുന്നുകൾ അടിയിൽ ഊറാതിരിപ്പാൻ ഒരു കോൽകൊണ്ടു ഈ കഷായത്തെ ഇളക്കിക്കൊടുക്കണം.

കേളികേട്ട മാവുകൾ—പൂർവപഞ്ചാബിൽ ബർണ്ണാലയിലെ "പട്ടക്കുറൻമാവു്" ലോകത്തിൽ വെച്ചു ഏററവും വലുതാണു്. അതിൻെറ അടിയുടെ ചുററളവു് 34 അടിയാണു്. ഈ ക്കുറൻമാവിനു് ഒത്ത മാവോളംപോന്ന 14


# PRESIDENT
**TALCUM POWDER**

***Beautifies your Skin***

**An ideal Talcum powder to uit the taste of one and all.**

★

*Manufacturers*:

**RATHOD TRADING CO.,**

Sowcarpet, Madras-1


കൊമ്പുകളും ഉണ്ടു്. ഈ മരത്തിന്മേൽനിന്നു 400 മന്നു മാങ്ങ കിട്ടുന്നുണ്ടത്രേ.

ഹൈദ്രബാദിലെ വിക്കാരബാദ് എന്ന സ്ഥലത്തു് ഏററവും ചെറുതായ ഒരു മാവുണ്ടു്. പൂർണ്ണവളർച്ച എത്തിയ ഇതിനു് സുമാർ 8 അടി ഉയരവും അത്രതന്നെ പരപ്പും ഉണ്ടു്. "മഹർമൂദാ" എന്ന ഈ ഇനം മാവു് സകലതരം മാവുകളിലുംവെച്ചു ഏററവും ചെറിയ ഇനമാണു്. ഇതിൻെറ മാമ്പഴം വളരെ വിശേഷമാണു്. ധാരാളം കായ്ക്കുകയും ചെയ്യും. പട്ടണങ്ങളിലുള്ള ബങ്കളാവുകൾക്കു് ചെറിയ പറമ്പുകളാണല്ലോ ഉള്ളതു്. അവിടേക്കെല്ലാം യോജിച്ചതു് ഇത്തരം ചെറിയ ഇനമാണു്.

ഒരു സസ്യത്തിൻെറ പൂമ്പൊടി (പുരുഷാംശം) അതേവർഗ്ഗത്തിലുൾപ്പെട്ട മറെറാരു സസ്യത്തിൻെറ പെൺപൂവിൽ (സ്ത്രീയംശത്തിൽ) ചെന്നുവീണു വിത്തു (സന്താനം) ഉണ്ടാക്കുന്നതിനു പരോല്പാദനമെന്നും അങ്ങിനെയുണ്ടാകുന്ന സന്താനത്തിനു് സങ്കരസന്താനമെന്നും ശാസ്ത്രത്തിൽ പറയുന്നു. പരോല്പാദനം ഇന്നുണ്ടാകുവാൻ പ്രകൃതിതന്നെ സഹായിക്കുന്നുണ്ടു്. കാററു് പ്രാണികൾ മുതലായവ ഒരു സസ്യത്തിൻെറപൂമ്പൊടിയെ മറെറാരു സസ്യത്തിൻെറ പൂവിൽ കൊണ്ടിടുന്നു.

ശാസ്ത്രജ്ഞന്മാർ ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി നല്ലതരം സസ്യങ്ങൾ തമ്മിൽ ഇണചേർത്തു് പൂർവ്വാധികം ഗുണമുള്ള മിശ്രസന്താനങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ടു്. പക്ഷികൾ, മൃഗങ്ങൾ, ഫലവൃക്ഷങ്ങൾ, ചെടികൾ, ധാന്യങ്ങൾ മുതലായവയെല്ലാം ഇപ്രകാരം പരിഷ്ക്കരിച്ചുകൊണ്ടാണു വരുന്നതു്.

പ്രകൃത്യാ ഉണ്ടാകുന്ന പരോൽപ്പാദനംമൂലം ചില വിശേഷതരം മാവുകൾ ഉത്ഭവിക്കാറുണ്ടു്. ജനങ്ങൾ അത്തരം മാവു തെരഞ്ഞെടുത്തു് പ്രത്യേകമായി ശുശ്രൂഷിച്ചു വളർത്തുന്നു. അതിൻെറ ചില്ലകൾ ഒട്ടിച്ചും വരഞ്ഞും കെട്ടിയെടുത്തും പ്രചരിപ്പിക്കുന്നു, ബീജങ്ങൾ കൃത്രിമമായി ചേർത്തു് അതിവിശേഷമായ ചില ഇനങ്ങളെ ഉൽപ്പാദിപ്പിക്കുന്നു.

മാവിൽ അത്ഭുതകരവും അപൂർവ്വവുമായ ഇനങ്ങൾ ചില സ്ഥലങ്ങളിലുണ്ടു്. അവയിൽ ഒന്നുരണ്ടെണ്ണത്തെപ്പററി പറയാം "ഭീർ" ജില്ലയിൽ 'കൈജ്' എന്ന സ്ഥലത്തു കാജൂർ എന്നൊരു മാവുണ്ടു്. അതിൻെറ മാമ്പഴം പഴുത്തശേഷം ഉണങ്ങിച്ചുങ്ങി വീഴാതെ കുലയിൽതന്നെ നിൽക്കും. ഇതു് ഈത്തപ്പഴം (കാജൂർ) പോലെ വിശേഷപ്പെട്ട ഒരിനമാണു്. പരസപ്പള്ളി എന്ന സ്ഥലത്തു് മറെറാരു മാവുണ്ടു്. ഇതിൻെറ മാങ്ങ വളരെയധികം മാധുര്യമുള്ളതാണു്. 100 മാമ്പഴത്തിനു് 100–125 ക വരെ വില കിട്ടുന്നുവെന്നതിൽനിന്നു് മാമ്പഴത്തിൻെറ ഗുണം ഊഹിച്ചറിയാമല്ലോ.

# ഹാസ്യം—
# നമ്പൂതിരിമാരുടെ സംഭാവന

**കിളിമാനൂർ വിശ്വംഭരൻബി എ.**

കേരളത്തിലെ നമ്പൂതിരിമാരുടെ മനകളിലും, തമ്പുരാക്കന്മാരുടെ കോയിക്കലുകളിലും വളരെ പുരാതനകാലംമുതൽ ഏതാണ്ട് അടുത്തകാലംവരെ സർവപ്രധാനമായി നിലവിലിരുന്ന ഒരുതരം കൃത്താണു യാത്രകളി. കേരളം വാണിരുന്ന ഒരു പള്ളിബാണപ്പെരുമാളിന്റെ സദസ്സിൽ എത്തിയ ഏതാനും ബൗദ്ധപണ്ഡിതന്മാരെ വാദപ്രതിവാദത്തിൽ അടിപെടുത്താൻ പഴുതുകാണാതെ വിഷമിച്ച ഏതാനും ബ്രാഹ്മണർ ഒരു പരദേശിയുടെ ഉപദേശപ്രകാരം തൃക്കാരിയൂർ ക്ഷേത്രത്തിൽ 41 ദിവസം പ്രതമിരുന്നെന്നും, 41—ാംദിവസം ആറു ശാസ്ത്രിമാരായ നമ്പൂതിരിമാർ ഘോഷയാത്രയായി പെരുമാളിന്റെ സദസ്സിലെത്തി ബൗദ്ധരെ വാദപ്രതിവാദത്തിൽ അടിയറ പാടിച്ചെന്നും സാഹിത്യചരിത്രപ്രസ്തുതമായ ഒരു ഐതിഹ്യമുണ്ട്. അതിനുശേഷം ആ യാത്രയെ സൂചിപ്പിച്ച് വിജയശ്രീലാളിതരായ നമ്പൂതിരിമാർ യാത്രകളിപ്രസ്ഥാനം തുടങ്ങിവച്ചുവെന്നുമാണ് പറയപ്പെടുന്നതു്.

വളരെ ഉയർന്ന മണ്ഡലങ്ങളിൽമാത്രം വിലസിയിരുന്ന ഒരു കളിയാണ് യാത്രകളി. ഇന്നും മാവേലിക്കര, ചങ്ങനാശേരി ലക്ഷ്മീപുരത്തു കൊട്ടാരം തുടങ്ങിയ ഇടങ്ങളിൽ അപൂർവഘട്ടങ്ങളിൽ ഈ പ്രസ്ഥാനം ദീർഘനിശ്വാസം വലിക്കുന്നുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതു തികച്ചും ബ്രാഹ്മണക്ഷത്രിയവർഗ്ഗത്തിന്റെ ഒരു വിനോദമാണ്. കൊട്ടാരങ്ങളിലെ കല്യാണഘട്ടങ്ങളിൽ മുടങ്ങാതെ നടത്തിവന്നിരുന്ന ഒരു കൃത്താണിതു്. ഈ കൃത്തുനടത്തുന്നതിനു് യാത്രകളി നമ്പൂരിമാരെന്ന പേരോടുകൂടിയ ഒരു പ്രത്യേക വിഭാഗമുണ്ട്. അവരെ ആഢ്യൻനമ്പൂതിരിമാരും കോയിത്തമ്പുരാക്കന്മാരും തങ്ങളിൽനിന്നും അല്പം താഴ്ന്നവരായിട്ടാണ് ഇന്നും ഗണിച്ചുപോരുന്നതു്. നമ്പൂതിരിയില്ലങ്ങളിലേയും കൊട്ടാരങ്ങളിലേയും ഉള്ളറകളിൽ ഒരു മതാചാരംപോലെ അവരുടെ ജീവിതവുമായി ഇഴുകിച്ചേർന്നിരുന്ന ഒന്നായതുകൊണ്ട് ഈ കളി മററു സമുദായക്കാർക്ക് പ്രത്യേകിച്ചും അവർണ്ണർക്ക് അത്രയെന്നും കാണുവാൻ സൗകര്യം ലഭിച്ചിരുന്നില്ല.

## ഘോഷയാത്രയും മേളപ്പദവും

കല്യാണമുഹൂർത്തത്തിനു നാലു ദിവസംമുമ്പേ ഈ യാത്രകളി നമ്പൂതിരിമാർ ക്ഷണപ്രകാരം അവിടെയെത്തിയിരിക്കും. കളിയും ജപവുംകഴിഞ്ഞു അന്നുസന്ധ്യയോടുകൂടി കൊട്ടാരത്തിനു ചുററും ഒരു ഘോഷയാത്രയുണ്ട്. അതാണ് യാത്രകളിയുടെ പ്രധാന ചടങ്ങ്. വഞ്ചിപ്പാട്ടുകളും പാടി "തിത്തൈത്തൈ" വിളിച്ചു സാവധാനം കളിക്കു സജ്ജമാക്കിട്ടുള്ള അരങ്ങിൽ ഘോഷയാത്ര തിരിച്ചെത്തുമ്പോഴേയ്ക്കും പുഷ്പഹാരങ്ങളെക്കൊണ്ടലങ്കരിച്ച ഒരു നിലവിളക്കും പരിസരങ്ങളിൽ കൊട്ടാരത്തിലെ എല്ലാ അംഗങ്ങളും ആകാംക്ഷയോടെ കാത്തിരിക്കുന്നുണ്ടാവും. ഘോഷയാത്രക്കാർ വന്നാലുടനെ ഏതോ ഗംഭീരങ്ങളായ കൃത്യങ്ങൾ ചെയ്യാനെന്ന ഭാവത്തിൽ സാവധാനം നിലവിളക്കിനെ സമീപിക്കയായി—സമീപിക്ക മാത്രമല്ല വലത്തിടുകയായി. "കഥകളി"യുടെ മേളപ്പദംപോലെ ഒരു കലയുടെ കോലാഹലമായിരിക്കും കുറെ നേരത്തേയ്ക്ക്. പാട്ടും, ഗണപതിസ്തുതി, ഘടം, ഗഞ്ചിറ, കൈമണി തുടങ്ങിയ വാദ്യങ്ങളുടെ മേളം ആകപ്പാടെ ഒരു "വന്നേടം അറിയിപ്പ്" ഇതിന്റെ ഒടുവിലത്തെ ചടങ്ങാണ് "ഹാസ്യനടനം." ഈ കളിയുടെ ആകെത്തുകയെന്താണെന്നു ചോദിച്ചാൽ തീർത്തുതന്നെ മറുപടി പറയാം,ഹാസ്യമെന്ന്,

## ഒരുതരം "കോക്രി" കാട്ടൽ

യാത്രകളിയിലെ ഹാസ്യം, ഗീതത്തിലും അഭിനയത്തിലും ഉച്ചാരണത്തിലും ആശയത്തിലുമുള്ള ഒരുതരം "കോക്രി" കാട്ടലാണ്. ഏററവും വികൃതവും അർത്ഥശൂന്യവുമായവ തുടങ്ങി ചിന്താസുന്ദരമായവ വരെയുള്ള ഹാസ്യങ്ങൾ ഈ യാത്രകളി നമ്പൂതിരിമാർ കോരിവിളമ്പാറുണ്ട്. ഇല്ലത്തിന്റേയോ മനയുടേയോ കൊട്ടാരത്തിന്റേയോ മതിൽക്കെട്ടിനകവും കുളിക്കടവും മാത്രമാണ് ഇക്കണ്ടലോകമെന്നു കണ്ടിട്ടുള്ള അന്നത്തെ അന്തർജനങ്ങളും തമ്പുരാട്ടിമാരും മററും ഇതിൽ വളരെ രസിച്ചുപോകും. അതിനുവേണ്ടി കളിക്കാർ എന്തുവേഷവും കെട്ടുകയും ചെയ്യും. കാക്കാനും കാക്കാത്തിയും, കുറവനും കുറത്തിയും, പട്ടരും നമ്പൂതിരിപ്പാട്ടും, പരദേശി, പാമ്പാട്ടി, പാണൻ, കള്ളുകുടിയൻ, കോടേങ്കി ഇങ്ങിനെ പലതും പ്രദർശിപ്പിക്കും. കൂട്ടത്തിലേയ്ക്കും ഹാസ്യശിരോമണിയായ ഒരു നമ്പൂതിരി "ഇട്ടിക്കണ്ടപ്പന്റെ" വേഷംകെട്ടും. കഴിയുന്നത്ര കൂടുതൽ വിഡ്ഢിത്തം പറയുക—അതാണ് ഇട്ടിക്കണ്ടപ്പന്റെ ജോലി.

## "പതാകയുയർത്തൽ"

യാത്രകളിയിലെ ഹാസ്യം ആരംഭിക്കുന്നതു് വിഡ്ഢിച്ചിരികളോടുകൂടിയാണ്. വിളക്കിനു ചുററും നിരന്നവർ ഓരോരുത്തർ ഓരോജാതി ചിരി ചിരിക്കും. ഒടുവിൽ എല്ലാപേരുംകൂടിച്ചേർന്നു് ഇങ്ങനെ പാടും:—

"അച്ചിരിയിച്ചിരി കോടാലി ചിരി
നാളെ ചിരിക്കുമ്പോൾ നല്ല ചിരി"

ഇതാണ് യാത്രകളിയിലെ ഹാസ്യ നടനത്തിന്റെ പതാകയുയർത്തൽ. ഇതു കഴിഞ്ഞാൽ ഒരു മിശ്രഗാനമാണ്. ഓരോ നമ്പൂതിരിയും ഓരോ വൃത്തത്തിലുള്ള ഓരോ ചീരു പാട്ടുവീതം പാടും. ഒരാൾ നതോന്നതയാണെങ്കിൽ മറെറാരാൾ 'പാന' പിന്നൊരാൾ ഓമനക്കുട്ടൻ—തുള്ളൽ—കേക—മഞ്ജരി—കുമ്മി ഇങ്ങനെ ഒന്നിനൊന്നു ബന്ധമില്ലാതിരിക്കും. ഒടുവിൽ എല്ലാവരും ചേർന്നു് ഇങ്ങനെ ഗാനരൂപത്തിൽ പറയും.

"ഇവയെല്ലാം കൂട്ടിട്ടോരപ്പം വാത്തു".

## ഹാസ്യഗാനങ്ങൾ

അനന്തരം ഹാസ്യഗാനങ്ങൾ ആരംഭിക്കും. ഓരോ ചീരു പാടുമ്പോഴും അതിനൊത്ത രൂപം അഭിനയിക്കും. അതാണിതിന്റെ ഒരു പ്രത്യേകത. അതേ, അവർ ആ വകുപ്പാരംഭിക്കുകയാണ്.

"ഇണ്ടിണ്ടം കലംപാറ—
ഇർർർർട്ടപ്പുളിശ്ശേരി—
അപ്പംകൊണ്ടെരിയുന്നു
അവില് വാരിച്ചൊരിയുന്നു
പായസം കുടിക്കുന്നു—
പര്യമൊക്കെ നടക്കുന്നു—
നാരങ്ങാ വെടിവെച്ചു—
നാത്തൂന്റെ മുലപൊട്ടി—
ധിണ്ണും ധിമൃധിണ്ണും
കിണററിൽപോയ് മറിഞ്ഞാൻ പൊണ്ണൻ.
പൊണ്ണൻ കുമാരനേ
പിടിച്ചങ്ങു കയററുവാൻ കുറുപ്പച്ചെന്നു"

ഈ ഓരോ ചീരും ഓരോ നമ്പൂതിരിയും മുദ്ര കൈകൾ കാണിച്ചഭിനയിക്കുന്നതാണ് ഈ രംഗത്തിന്റെ ജീവനാഡി.

## കാക്കാനും കാക്കാത്തിയും

പല മാതൃകയിലുള്ള ഹാസ്യഗാനങ്ങൾക്കുശേഷം ഓരോ വേഷങ്ങൾ എടുക്കാറുണ്ട്. (Fancy dress) അതു വളരെ രസാവഹമാണ്.

കാക്കാനും കാക്കാത്തിയും കെട്ടിവന്നാൽ കാക്കാൻ പറയും:—

"തവളക്കുറുങ്ങാലി ചട്ടുകാലി പെണ്ണേ
ചന്തമില്ലാതുള്ള കുടവയറി"

ഇതുപാടുമ്പോൾ വയറു തള്ളി കുടംപോലെ ഉന്തിവച്ചു് വളകാലനായിനിന്നു് വൈരൂപ്യം ഭംഗിയായി അഭിനയിക്കും. തിരിച്ചു കാക്കാത്തിയും ഇതേ ഭാഷയിലും രൂപത്തിലും മറുപടി നൽകും.

## നമ്പൂരിയും പട്ടരും

ഇത്തരം അഭിനയങ്ങൾ വഴി വിവിധ ജാതി മനുഷ്യരുടെ സംസ്കാരവും രൂപവും ഹാസ്യമായി ചിത്രീകരിക്കുകയാണു ചെയ്യുന്നതു്. നമ്പൂതിരിമാരാണ് ഇതഭിനയിക്കുന്നതെന്നുവച്ചു് അവരുടെ വികൃതിത്തരങ്ങൾ വെളിപ്പെടുത്താനും അവർ വിമുഖത കാണിക്കാറില്ല. "പട്ടരും നമ്പൂതിരിയും" എന്ന ഒരു ഇനം ഇതിനുദാഹരണമാണ്. ഒരു "മുൻകുടുമക്കാരൻ" നമ്പൂതിരിയും ഒരു "പിൻകുടുമക്കാരൻ" പട്ടരും പ്രവേശിക്കും. അവർ തമ്മിൽ നടക്കുന്ന വാഗ്സമരവും വളരെ രസാവഹമാണ്. പട്ടർക്കു സാമ്പാറിനോടും നമ്പൂതിരിക്കു് പുളിശ്ശേരിയോടുമാണ് കൂടുതൽ പ്രേമം. അതിനെയാണ് അവർ പ്രധാനമായി ഉന്നയിച്ചു ബഹളം കൂട്ടുന്നതു്. അതും പാട്ടിൽക്കൂടി.

നമ്പൂതിരി:—

"പുളിശ്ശേരി വർദ്ധനഗോവിന്ദ
സാമ്പാറുനാശന ഗോവിന്ദ".

പട്ടർ:—

"സാമ്പാറുവർദ്ധന ഗോവിന്ദ
പുളിശ്ശേരിനാശനഗോവിന്ദ"

നമ്പൂതിരി:—

"മുൻ കുട്ടമവർദ്ധനഗോവിന്ദ
പിൻകുട്ടമനാശനഗോവിന്ദ."

പട്ടർ:—

"പിൻകുട്ടമവർദ്ധന ഗോവിന്ദ
മുൻകുട്ടമനാശനഗോവിന്ദ"

ഇങ്ങനെപോകും തട്ടും മറുതട്ടും

### ഇട്ടിക്കണ്ടപ്പൻ

ഈ യാത്രകളി നമ്പൂതിരിമാരുടെയിടയിൽ ഹാസ്യശിരോമണിയായ ഒരാളുണ്ടായിരിക്കും. സാധാരണ,ആശാൻ,ഹാസ്യത്തിന്റെ മുഴുവൻ കുത്തകയും ആ വീരനായിരിക്കും. കവരത്തിൽ കൊള്ളാത്ത വിഡ്ഢിത്തങ്ങൾ പൊട്ടിച്ചു വിടുകയെന്നതാണ് ആ വിദ്വാന്റെ ചുമതല. ഈ ഹാസ്യശിരോമണിക്ക് ഒരു പ്രത്യേക പേരു കാണും, ഇട്ടിക്കണ്ടപ്പൻ.

"മൂട്ടകടിച്ചല്ലോ കൊലയാന
തലവൻ ചത്തേ
മൂട്ടിൽ കിടന്നോരു മുതുകയ്യൻപ
റന്നേപോയി—
കാട്ടിൽകിടന്ന രണ്ടെലിക്കുട്ടി ക
ടലുഴുതു
കാലത്തിലിളവിത്തു വിതച്ചപ്പോ
ളുടയ്ക്കാ കാച്ചൂ

എന്നുംമററുമുള്ള (ഈ പദ്യശകലം ഭാഷാചരിത്രത്തിലും ഉദ്ധരിച്ചിട്ടുണ്ട്.) പാട്ടുകൾ തട്ടിമൂളിക്കുന്നതു് ഇട്ടിക്കണ്ടപ്പനാണ്. ശൃംഗാരരസ നിഷ്യന്ദികളായ ചില ഗാനങ്ങളും ഇട്ടിക്കണ്ടപ്പൻ തകർത്തുവിടാറുണ്ട്. പാട്ടുകമാത്രമല്ല അതിനൊത്തു ചുവടുവച്ചു കളിക്കുകയും ചെയ്യും.

"മാന്താർശരനുമന്നേരം—തന്റെ
കാന്തയെ ഗാഢം പുണരുന്ന
കണ്ണാടിയിലെണ്ണായൊരു വണ്ണ
ത്തിരു ഗണ്ഡത്തിലു—
മുണ്ണിത്തിരുദണ്ഡത്തിലുമെണ്ണീട്ട
ലമ്പെൻ—
ചിന്തിച്ച വിസ്മയമോത്താ-
ലതി
രമ്യമെന്നല്ലാതെകിംവാ.
പൂമെത്തയിലാ ചിത്തജനാമൊ
ത്ത ചകോരാക്ഷിയെ
പ്രേമത്തൊടുമാമൂത്തിനു് വാമൂ
ത്തൊടുക്കൂടി—
മെല്ലെച്ചരിച്ചുകിടത്തി—കര
പല്ലവം കൊണ്ടങ്ങണച്ചു
മല്ലീസുമതല്ലൽപെട്ടമൃല്ലാസിത
പല്ലിൻമുന—
ചൊല്ലേറിനമുല്ലായുധനുല്ലാസ
മൊടപ്പോൾ
ചുണ്ടിണതമ്മിലമർത്തിയിട്ട—
ത്തണ്ടാർമിഴിയെയുണർത്തി
ആരോമലമാരിൻപരിഹീരായുധ
യായോരവ—
ശ്രുരുക്കളിലോരോവിധചാരുക്കളി
യാടി.
ആഹന്തചെയ്തോരുലീലാവിധം
എങ്ങിനെയിന്നു കഥിപ്പൂ

ഇതൊററനോട്ടത്തിൽ വെറും ശൃംഗാരലഹരിയാണെന്നു തോന്നുമെങ്കിലും ഒന്നുകൂടി ചുഴിഞ്ഞു നോക്കിയാൽ ഹാസ്യത്തിൽഅലിഞ്ഞു ചേർന്നിട്ടുള്ളതാണെന്നു കാണാം. അതായിരിക്കും ഇതും യാത്രകളിയിലെ ആധുനിക ഹാസ്യത്തിനുപയോഗിക്കുന്നതു്.

---

# ഗർഭിണി

ഗർഭിണിയായാൽ ദൗഹൃദങ്ങൾ കഴിയുന്നത്ര സാധിക്കണം ഇല്ലെങ്കിൽ ഗർഭസ്ഥശിശുവിനും മാതാവിനും ദോഷം പററിയേക്കാമെന്നു ധരിക്കണം. അഹിതങ്ങളായ പദാർത്ഥങ്ങളിൽ അവക്ക് ആശയുണ്ടെങ്കിൽ അവ കുറേശെ അനുവദിച്ചുകൊടുക്കണം. ഗർഭിണിയെ അഞ്ചുമാസം മുതൽക്കെങ്കിലും നെയ്യ് പാലും (ബൃംഹണദ്രവ്യങ്ങൾ) ശീലിപ്പിക്കണം. സാധാരണയായി ചെയ്യുവരാറുള്ളതു്, ഗർഭാരംഭം മുതൽ അഞ്ചു മാസംവരെ വെണ്ണയും 5—ാംമാസം മുതൽ 9—ാംമാസം വരെ വിദാര്യാദിഘൃതവും 9—ാംമാസത്തിൽ സുകുമാരഘൃതവും 10—ാംമാസത്തിൽ പ്രസവം വരെ സുഖപ്രസൂതിഘൃതവും കൊടുക്കുകയാണ്. 5—ാം മാസം മുതൽ പ്രസവംവരെ വൈകുന്നേരം അഗസ്ത്യരസായനവും മുടങ്ങാതെശീലിക്കേണ്ടതു് അത്യാവശ്യമാണ്. മൂത്രത്തിൽ Albumin ഇല്ലാതിരിപ്പാനും, ശ്വാസം മുട്ടൽഉണ്ടാകാതിരിപ്പാനും ബൃംഹണംകൊണ്ടു് കുട്ടിക്കു, അധികം പുഷ്ടിയില്ലാതിരിപ്പാനും, വാതാനുലോമ്യം വരുത്തി ശോധന ക്രമപ്പെടുത്തുവാനും, ക്ഷീണം കൂടാതിരിപ്പാനും, പ്രസവം എളുപ്പത്തിൽ കഴിയുവാനും ഇതു സഹായിക്കുന്നതാണെന്നു് വൃദ്ധവൈദ്യന്മാർ പറഞ്ഞിരിക്കുന്നു.

പ്രസവം കഴിഞ്ഞ ഉടനെ ഗർഭപാത്രം ചുരുങ്ങുവാൻ, Ergot കൊടുക്കുകയാണല്ലോ ഇന്നു ഡോക്ടർമാർ ചെയ്തു പോരുന്നതു്.

ഇതു് അധികദിവസം ഉപയോഗിച്ചാൽ സ്തന്യം കുറഞ്ഞുപോകുന്നതായി അനുഭവപ്പെടുന്നുണ്ട്. മുമ്പ് 10 ദിവസം കൊടുത്തിരുന്നതു് ഇന്നത്തെ ഡോക്ടർമാർ ഒന്നോ രണ്ടോ ഡോസ് കൊണ്ടു് അവസാനിപ്പിച്ചുകാണാറുണ്ട്. ന

**വായിച്ചില്ലേ?**
വല്ലച്ചിറ മാധവന്റെ പുതിയ പുസ്തകം
**"ഡാഫർ"**
(ലൈംഗികകഥകൾ)
വില. 1.ക. 25 കോപ്പികളിൽ അധികം എടുക്കുന്നവർക്ക് 25% കമ്മീഷൻ നൽകപ്പെടും.
നേരിട്ടെഴുതുക—
Vallachira Madhavan,
P. O. Vallachira,
(via) Cherpu, (T. C. S.)

**A Family Box of Homoco Medicine and a Book in Malayalam·**

പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾക്കു് കല്പാമൃതം പോലെ ഫലിക്കുന്ന ഹോമിയോ സിദ്ധൗഷധങ്ങൾ അടങ്ങിയ കുടുംബപേടകവും സേവിക്കേണ്ട രീതികളെപ്പറ്റി പ്രതിപാദിക്കുന്ന രോഗനിവാരണ സഹായി എന്ന ചെറുപുസ്തകവും കൂടി വില രൂപാപത്തുമാത്രം (തപാൽ ചിലവുപുറമേ)ഓരോപെട്ടി ഇന്നുതന്നെ വാങ്ങി സൂക്ഷിക്കുക.

**Apply to—The Reliabbe Homoeo Stores**

തിരുനക്കര മൈതാനത്തിനു വടക്കുവശം കോട്ടയം.

യോപായം കഷായത്തിൽ ശക്കരചേത്തു് 8 ദിവസം കഴിക്കുകയും പിന്നെ ക്രമേണ ഇന്ദുകാന്തഘൃതം വിദാര്യാദിഘൃതം ഇവ ശീലിക്കയുമാണു്. പഴയ സൂതികാചികിത്സ. ഈ ചികാൽസ 45 ദിവസം വരെ ചെയ്താൽ സ്ത്രീയുടെ ആരോഗ്യം പൂർവാധികം മെച്ചപ്പെട്ടു കാണാറുണ്ടു്. ധാരാളം സ്തന്യം ഉണ്ടാവുകനിമിത്തം കുട്ടിയുടെ ആരോഗ്യവും നന്നായി വരും. പ്രസവ ചികിൽസ ശരിയായില്ലെങ്കിൽ സ്ത്രീയുടെ ആരോഗ്യം പാടേ നശിക്കുകയും അവക്കു് പലവിധ രോഗങ്ങൾ വന്നുകൂടുകയും ചെയ്യും. പ്രസവം കഴിഞ്ഞു 10 ദിവസമായാൽ ആശുപത്രിയിൽ നിന്നു വീട്ടിൽ വന്നു വീട്ടുജോലികൾ തുടങ്ങുന്ന പട്ടണസ്ത്രീകളുടെ സമ്പ്രദായം ഒട്ടും ശരിയായിട്ടുള്ളതല്ല.

(ധന്വന്തരി)

# രൂപവും ഭാവവും

## പാപ്പനംകോട്ടു പ്രഭാകരൻ

വേദനതിങ്ങിനിറഞ്ഞൊരെൻ ജീവിത
വേദിയിൽ നൂതന നൃത്തക്രമങ്ങളാൽ
മോടിപിടിപ്പിക്കുവാനെന്റെ ചേതന
മോഹിച്ചു മോഹിച്ചു വിത്രസിച്ചീടവേ,
വിസ്ഫുര സംഫുല്ല വൈകാരികോജ്ജ്വല
വിദ്യുല്ലതികകൾ വെട്ടിത്തിളങ്ങവേ,
ഉൽത്തൃഷ്ണസ്ത്തേജകോദ്യുക്തമായിട്ട
മുദ്ധൃത സർഗ്ഗസംശക്തിയെത്തീടവേ,
പ്രേമോഷ്മള പ്രഭാസാന്ദ്രസങ്കേതമേ
ജീമൂതരാജികൾ ഗ്രസ്തമാക്കിദ്രുതം
സമ്പുഷ്ട സന്തുഷ്ട സമ്പത്തു പങ്കിട്ടൊ-
രൻപാർന്നൊ രോമന സ്വപ്നമായെത്തി നീ!
നീണ്ടുചുരുണ്ടു നിബിരീസമായവാർ-
കൂന്തൽ പിറകിലായ് പിന്നിവച്ചിട്ടതിൽ
സാരള്യ ശാബള്യ സൗരഭ്യ സങ്കുല
സൂനമാല്യത്താലലംകൃതമാക്കി നീ!
സ്വച്ഛനീലാംബര വീഥിയിലുച്ചസ്സു
കൊച്ചുമേഘത്തുണ്ടിഴഞ്ഞു നീങ്ങുന്നപോൽ
തിങ്കൾപ്പൊലിക്കൊത്ത വാരൊളിത്തുനെറ്റി
തിണ്ണം-മറയ്ക്കാനളകം തുനിയവേ,
ശ്യാമള ശൈവല സങ്കീർണ്ണവാപിയിൽ
ശ്രീമയത്താമരപ്പൂവിടരുന്നപോൽ
ചുണ്ടത്തു മന്ദസ്മിതത്തിന്റെ മാരിവിൽ
ചെണ്ടിട്ടു ചെണ്ടിട്ടു ശോഭകൂട്ടീടവേ,
അംഗുലിയൊന്നങ്ങു തന്ത്രിയിൽ തട്ടിയാൽ
സംഗീത ധാര ചൊരിയും വിപഞ്ചിപോൽ
മന്മാനസത്തിൻ വികാര തന്തുക്കളിൽ
നിന്മഞ്ജുകൈവിരൽത്തുമ്പൊന്നനക്കവേ,
നിർവ്വാണഗാനസ്രവന്തിപ്രവാഹത്തി—
ലുർവ്വിയും വിസ്മരിച്ചാമഗ്ദനായ് സഖീ—
ക്രന്ദനം ചെയ്യുന്ന സ്രോതസ്വിനികളിൽ
മന്ദം ശ്രവിച്ചു നാം പ്രേമനിമന്ത്രണം!!—
മഞ്ജുള നീലനികുഞ്ജത്തിലഞ്ചിത
ചഞ്ചരീകങ്ങൾ മുരണ്ടു,മൽചിത്തവും !!
വർണ്ണിച്ചു പാടി നിന്നംഗങ്ങളോരോന്നു
മൊന്നൊഴിയാതെയലങ്കാരപൂർവ്വകം
എങ്കിലും നിന്നിലെ നിന്നെക്കുറിച്ചുള്ള
സങ്കല്പമസ്ഫുടമന്ധകാരാവൃതം,
നിന്നിലെ നിന്നെയൊന്നാവിഷ്ക്കരിക്കുവാൻ
മന്നിലെൻ സിദ്ധികളറ്റുശ്രമിക്കയാം!!

# ★ 1955 ജൂലായ് മാസത്തിൽ ★

## കേരളത്തിലെ മുഖ്യകേന്ദ്രങ്ങളിൽ പ്രദർശനം ആരംഭിക്കുന്നു

നിരവധി ലക്ഷം രൂപാ ചിലവിട്ട് വിലയേറിയ സെററുകളിൽ നിർമ്മിച്ച
ഈ വർഷത്തെ മെച്ചമേറിയ കലാസൃഷ്ടി

R. R. പിക്ചേഴ്സ്

# ഗുലേബക്കാവലി

(തമിഴ്)

★

എം. ജി. രാമചന്ദ്രൻ
തങ്കവേലു
കരുണാനിധി
ചന്ദ്രബാബു
Etc., Etc.

★




★

ജി. വരലക്ഷ്മി
ററി. ആർ.
രാജകുമാരി
ഈ. വി. സരോജ
Etc., Etc

★

*For Kerala:*

CENTRAL PICTURES, KOTTAYAM & ERNAKULAM.

Regd:No. 5595.
ARUNA
Monthly Home Journal in Malayalam

1–7–'55 മുതൽ കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിൽ
പ്രതീക്ഷിപ്പിൻ



വിദ്യാവതി

കല്യാൺകുമാർ

ഗണപതിഭട്ട്

ശാരദാംബാൾ

മുതലായവർ അഭിനയിച്ച

ജയരാജ് ഫിലിംസ്

★ മനോരഥം ★
(തമിഴ്)

A FILMCO RELEASE

Published by Verghese Kalathil M. A., Kottayam, and Printed at the M. M. Press, Kottayam.